# കതിരൊളി

പഠിക്കുക

പഠിപ്പിക്കുക

ORGAN OF THE ADHYAYANAMANDALAM

പുസ്തകം 2 ലക്കം 3

# ഉള്ളടക്കം

പേജ്

1 ദൃഢതവന്നവരുടെ മതബോധനം— 17

(മോസ്റ്റ് റവ. ഡോ. മാത്യു കാവുകാട്ട്)

2 വേദപുസ്തകം 18

(ഫാ. മാത്യു നടയ്ക്കൽ)

3 പ്രസാദവരം 20

(പി. റ്റി. ചാക്കോ എം.എ]

4 അമേരിക്കയിൽ നിന്നു് ഒരു കത്ത്

കെ. റ്റി. സെബാസ്റ്റ്യൻ. എം.എ)

5 സഭയിലേക്കു് ഒരെത്തിനോട്ടം

Fr Aemilius O. C. D.)

6 അദ്ധ്യയനമണ്ഡലം ലഘുലേഖന പരമ്പര

(റവ. ഡോ. ജോൺബ്രിട്ടോ. സി. എം ഐ)

7 മോഡൽക്ലാസ്

8 രണ്ടാംവത്തിക്കാൻ കൗൺസിലും ക്രൈസ്തവൈക്യവും

(സി. റ്റി. വയലിൽ)

9 ഗ്രന്ഥാവലോകനം

10 ബൈബിൾ വ്യാഖ്യാന പംക്തി

(ആൻഡ്രൂ ആത്തപ്പിള്ളി)

# കതിരൊളി

(ഒരു ത്രൈമാസിക പ്രസിദ്ധീകരണം)

പുസ്തകം 2 1963 ഫെബ്രുവരി 15 ലക്കം 3

*A theological review, published quarterly, under the auspices of the Adhyayanamandalam.*

*Contains treatises*

*on*

## *Religious and Socio-religious Subjects.*

# കതിരൊളിയെപ്പററി ചില പ്രധാന കാര്യങ്ങൾ

1. നൂറോളം പേജുകളുള്ള ഒരു ത്രൈമാസികം. ആണ്ടിൽ നാലു പ്രസിദ്ധീകരണങ്ങൾ.

2. ഒരു വർഷത്തെ വരിസംഖ്യ രണ്ടു രൂപാ. ഒററക്കോപ്പിക്കു 62 ന. പൈ.

3. വരിസംഖ്യ എപ്പോഴും മുൻകൂർ.

4. Manager, St. Joseph's Orphange Press, Changanacherry എന്ന വിലാസത്തിലാണു് വരിസംഖ്യ അയക്കേണ്ടതു്.

5. പ്രസിദ്ധീകരണം സംബന്ധിച്ച ഇതര കാര്യങ്ങൾ Editor, 'Kathiroly', S. S. & A. M. Head Office, Archbishop's House, Changanacherry എന്ന വിലാസത്തിൽ അയക്കേണ്ടതാണു്.

6. വരിസംഖ്യ അടയ്ക്കുന്നതോടൊപ്പം വരിക്കാരൻെറ മുഴുവൻ വിലാസം അയച്ചു തരേണ്ടതാകുന്നു. വിലാസത്തിനു മാററം വരുമ്പോൾ ആ വിവരം യഥാസമയം ഇവിടെ അറിയിക്കേണ്ടിയിരിക്കുന്നു.

7. വരിസംഖ്യ അയച്ചുതരുമ്പോൾ ഏതു ലക്കം മുതൽ വേണമെന്നുള്ള വിവരം പ്രത്യേകം കാണിച്ചിരിക്കണം. കതിരൊളി ഒന്നാം പുസ്തകത്തിൻെറ ഏതാനും സെററുകൾ മാത്രം സ്റ്റോക്കുണ്ടു്. അവകൂടി ആവശ്യപ്പെടുന്ന പുതിയ വരിക്കാർ വിവരം കാണിച്ചു കഴിഞ്ഞവർഷത്തെ വരിസംഖ്യകൂടി അയച്ചു തരേണ്ടതാണു്.

8. കതിരൊളിയിലെ ഓരോ ലേഖനവും അതാതു വിഷയത്തിൽ പ്രത്യേകം പരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവരെക്കൊണ്ടു് എഴുതിച്ചു പ്രസിദ്ധം ചെയ്യണമെന്നുള്ളതാണു് ഞങ്ങളുടെ പൊതുവായ നയം. എന്നാൽ പ്രസിദ്ധീകരണത്തിൻെറ സ്വഭാവത്തിനും ഉള്ളടക്കത്തിനും യോജിച്ച ഈടേറിയവയും ആനുകാലികങ്ങളുമായ പ്രതിപാദനങ്ങളും സ്വാഗതാർഹങ്ങളാകുന്നു.

# ദൃഢതവന്നവരുടെ മതബോധനം *

## (Religious Instruction for Adults)

മോസ്റ്റ് റവ. ഡോ. മാത്യു കാവുകാട്ട്.

ബലി അർപ്പിക്കുക, സുവിശേഷം പ്രസംഗിക്കുക ഇവ രണ്ടും ഭൂമിയിലെ ദൈവരാജ്യമായ തിരുസ്സഭയുടെ ഏററം മൗലികമായ ധർമ്മമാണ്. ഇവ രണ്ടിൻെറയും നിർവഹണത്തിനു മതബോധനം അവശ്യം ആവശ്യമാകുന്നു, മതബോധനം ആവശ്യമില്ലാത്ത ഒരു കാലഘട്ടത്തെയോ ഒരു പ്രായഘട്ടത്തെയോ സങ്കല്പിക്കുവാൻപോലും നിവൃത്തിയില്ല.

നമ്മുടെ അതിരൂപതയിൽ ബാലികാബാലന്മാരുടെ മതബോധനം സൺഡെസ്കൂളുകൾവഴിയും വിദ്യാലയങ്ങൾ വഴിയും സാമാന്യം തൃപ്തികരമാം വിധം പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നു കാണുന്നതിൽ നമുക്കു സന്തോഷമുണ്ട്; എന്നാൽ അതോടൊപ്പം പ്രായപൂർത്തി വന്നവരുടെ മതബോധന കാര്യത്തിലും നാം ഉത്സുകരായിരിക്കണം. സൺഡെസ്കൂളുകളിലെ പഠനം കഴിഞ്ഞാൽ തുടർന്നു മതപഠനം നടത്തിക്കൊണ്ടിരിക്കേണ്ടതു ഒരാവശ്യകത മാത്രമല്ല, ഒരു കടമയുംകൂടിയാണെന്നുള്ള ബോധം നമ്മുടെ യുവതീയുവാക്കന്മാരിൽ വേണ്ടവിധമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

പ്രായപൂർത്തി വന്നവർക്കു വ്യവസ്ഥാപിതമാംവിധം മതബോധനം ക്രമമായും കാലാനുസൃതമായും നൽകുന്നതിനുള്ള ഒരുപാധിയാണ് അദ്ധ്യയനമണ്ഡലം, ഇതു പ്രായപൂർത്തി വന്നവർക്കു വേണ്ടിയുള്ള ഒരു മതപഠനക്കളരിയാണ്. അദ്ധ്യയനമണ്ഡലം സൺഡെസ്കൂളിൻെറ ഒരു തുടർച്ചയായി പരിഗണിക്കപ്പെടാം. ഒരിടവകയിൽ അദ്ധ്യയനമണ്ഡലം സമാരംഭിച്ചു നടത്തിക്കൊണ്ടുപോകുന്നതു് അത്ര എളുപ്പമുള്ള കാര്യമല്ല. മതവിഷയങ്ങൾ പഠിക്കുന്നതിൽ യുവതീയുവാക്കന്മാരിൽ കാണുന്ന വിരസത, പ്രാപ്തരായ അദ്ധ്യാപകന്മാരുടെ കുറവ്, സംശോധക ഗ്രന്ഥങ്ങൾ ലഭിക്കുന്നതിനുള്ള പ്രയാസം, ചർച്ചാക്ലാസ്സുകളിൽ ചിട്ടയും ക്രമവും നിലനിറുത്തുന്നതിനുള്ള ബുദ്ധിമുട്ട്, തുടങ്ങിയ പല പ്രതിബന്ധങ്ങ

* ജനുവരിലക്കം മദ്ധ്യസ്ഥനിൽ ചേർത്തിരുന്ന സർക്കുലറിൽ നിന്ന്

ളേയും പ്രാരംഭകർക്കു തരണം ചെയ്യേണ്ടതായി വരും. ഈ പ്രയാസങ്ങളും വൈഷമ്യങ്ങളും തരണം ചെയ്തു പാഠക്കളരികൾ വിജയപ്രദമായി നടത്തിക്കൊണ്ടു പോകുന്നതിനു അദ്ധ്യയനമണ്ഡലം താഴെ പറയുന്ന മാർഗ്ഗങ്ങളും പദ്ധതികളും കേന്ദ്രത്തിൽ നിന്നു് അവതരിപ്പിച്ചിരിക്കുകയാണു്.

1) അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി. ഈ പ്രസിദ്ധീകരണ പരമ്പരയിൽ ഇതിനകം 46 ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. സാമാന്യം കുറഞ്ഞ ചിലവിൽ അദ്ധ്യാപകന്മാർ അദ്ധ്യേതാക്കൾക്കും ഈ ചെറുഗ്രന്ഥങ്ങൾ പ്രയോജനപ്പെടുത്താം.

2) അദ്ധ്യയനമണ്ഡലം മാനുവൽ: പാഠക്കളരികൾ വ്യവസ്ഥാപിതമാം വിധം നടത്തിക്കൊണ്ടു പോകുന്നതിനു് അവശ്യം അറിയുകയും അനുഷ്ഠിക്കുകയും ചെയ്യേണ്ട എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളെപ്പററിയും ഉള്ള ഒരു വിശദീകരണം ഇതിൽ നിന്നു ലഭിക്കുന്നതാണു്.

3) അദ്ധ്യയനമണ്ഡലം പ്രാർത്ഥനാമഞ്ജരി. പ്രാർത്ഥിക്കുക, പഠിക്കുക, പഠിപ്പിക്കുക ഇതാണു സംഘടനയുടെ ലക്ഷ്യവാചകം. അദ്ധ്യയനമണ്ഡലത്തിന്റെ ഔദ്യോഗിക പ്രാർത്ഥനാഗ്രന്ഥമാണു് ഈ ചെറുഗ്രന്ഥം. ഈ പുസ്തകം ഉപയോഗിച്ചുള്ള പ്രാർത്ഥനാപരിപാടി യാതൊരു കാരണവശാലും ഉപേക്ഷിക്കുവാൻ പാടുള്ളതല്ല.

4) കതിരൊളി. അദ്ധ്യയനമണ്ഡലത്തിന്റെ ഔദ്യോഗിക ജിഹ്വയാണു 'കതിരൊളി' എന്ന ത്രൈമാസികം. ഉയർന്ന നിലവാരത്തിൽ പ്രായേണ അഭ്യസ്തവിദ്യരെ ഉദ്ദേശിച്ചു പ്രസിദ്ധം ചെയ്യുന്ന ദൈവശാസ്ത്രപരമായ ഒരു പ്രസിദ്ധീകരണമാണു 'കതിരൊളി' എന്നു പ്രസ്താവിക്കുന്നതിൽ സന്തോഷമുണ്ടു്. അദ്ധ്യയനമണ്ഡലം പ്രതിവാര ചർച്ചായോഗങ്ങളിൽ ഉപകരിക്കുന്ന അനേകം പ്രതിപാദനങ്ങൾ കതിരൊളിവഴി ലഭിക്കുന്നതാണു്.

5) അദ്ധ്യയനമണ്ഡലം ലഘുലേഖനപരമ്പര. സമുദായത്തിലെ എല്ലാ വിഭാഗത്തിലും പെട്ടവരുടെ ഇടയിൽ സഭയുടെ മൗലികതത്വങ്ങൾ പ്രചരിക്കണമെന്നുള്ള ലക്ഷ്യത്തിലാണു് ഈ ലഘുലേഖനപരമ്പര സമാരംഭിച്ചിരിക്കുന്നതു്. മതബോധനത്തിനും വേദപുസ്തകത്തിനും വേദപുസ്തകപഠനത്തിനും ആവശ്യ

മായ പ്രാരംഭപഠനത്തിനു വേണ്ടി പന്ത്രണ്ടിൽപരം ലഘുലേഖനങ്ങൾ ഇപ്പോൾ തയാറാക്കിയിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്നവിധം അവ പ്രയോജനപ്പെടുത്താവുന്നതാണു്.

a) അദ്ധ്യയനമണ്ഡലം ചർച്ചാക്ലാസ്സുകളിൽ വായിച്ചു ചർച്ചചെയ്തു പഠിക്കുക. അനന്തരം ഇടവകയിലെ എല്ലാവരും പഠിക്കുന്നതിലേയ്ക്കു ഓരോ ഭവനത്തിലും ഓരോ കോപ്പി എത്തിക്കുക.

b) വളരെ പ്രധാനങ്ങളും മൗലികങ്ങളുമായ തത്വങ്ങൾ ഉൾക്കൊള്ളുന്ന ഈ ലേഖനങ്ങൾ അനുക്രമം ഞായറാഴ്ച സവിശേഷ പ്രസംഗസമയത്തിൽ കുറെ ഉപയോഗിച്ചു വിശദീകരിക്കുക.

c) പൊതുയോഗങ്ങളിൽ ഓരോ ലേഖനത്തിന്റെയും ഉള്ളടക്കം വിശദീകരിക്കുക.

ആരാധനക്രമം (Liturgy), വേദപുസ്തകം, സാമൂഹ്യപ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളെപ്പററിയുള്ള സാമാന്യമായ അറിവു നമ്മുടെ യുവതീയുവാക്കന്മാർക്ക് ഇന്നു് അത്യന്താപേക്ഷിതമാണെന്നുള്ള വസ്തുതകൂടി പരിഗണിച്ചുകൊണ്ടാണു് ഇടവകകൾതോറും അദ്ധ്യയനമണ്ഡലം യൂണിററുകൾ സ്ഥാപിച്ചു നടത്തിക്കൊണ്ടിരിക്കുന്നതു്. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം യൂണിററുകൾ ഉണ്ടായിരിക്കണമെന്നു മുൻ ഒരു സർക്കുലറിൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. പ്രായപൂർത്തിവന്ന വിശ്വാസികൾക്കു് അവരുടെ അറിവും പ്രായവും അനുസരിച്ചു മതബോധനം നൽകണമെന്നു് കാനോൻ നിയമങ്ങളും തിരുസ്സംഘങ്ങളും മാർപ്പാപ്പാമാരും അനുശാസിക്കുന്നുണ്ടു് എന്ന വസ്തുത കണക്കിലെടുത്തുകൊണ്ടു് പ്രായപൂർത്തിവന്നവരുടെ മതബോധനം സുഗമമാക്കുന്നതിനു രൂപം പ്രാപിച്ചിരിക്കുന്ന അദ്ധ്യയനമണ്ഡല പ്രസ്ഥാനത്തെ വിജയിപ്പിക്കുന്നതിനു് എവരുടെയും ആത്മാർത്ഥമായ സഹകരണം ലഭിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണു്.

കേന്ദ്രത്തിൽനിന്നു് അയയ്ക്കുന്ന അദ്ധ്യയനമണ്ഡലം സ്ഥിതിവിവരക്കണക്കുകൾക്കുള്ള ഫോറങ്ങൾ പൂരിപ്പിച്ചു നിർദ്ദിഷ്ട സമയത്തിനകം അയച്ചുകൊടുക്കണമെന്നും അനുസ്മരിപ്പിക്കുന്നു. സ്ഥിതിവിവരക്കണക്കു ലഭിച്ചതിനു ശേഷം ഓരോ യൂണിററിലെയും ഉദ്യോഗഭാരവാഹികളെ കേന്ദ്രത്തിലേയ്ക്കു ക്ഷണിച്ചു ഒരു

# വേദപുസ്തകം

(തുടർച്ച)

ഫാ. മാത്യു നടയ്ക്കൽ

## ദൈവനിവേശനം (Inspiration)

### സംജ്ഞ

നിവേശം എന്ന പദത്തിനു ഭവനം, പ്രവേശനം എന്നിങ്ങനെയുള്ള അത്ഥങ്ങൾ ഉണ്ടു്. വി. ലിഖിതങ്ങളുടെ രചനയിൽ ദൈവത്തിനുള്ള ഭാഗഭാഗിത്വത്തെയാണു് "ദൈവനിവേശനം" എന്ന പദം സൂചിപ്പിക്കുന്നതു്.

ദൈവനിവേശനം എന്ന പദത്തിനുള്ള ഇംഗ്ലീഷുപദം ഇൻസ്പിരേഷൻ (Inspiration) എന്നാകുന്നു. Inspire = ശ്വാസം കൊണ്ടു പൂരിപ്പിക്കുക, ഊതിവീർപ്പിക്കുക, നിശ്വസിക്കുക, ചൈതന്യമൂതുക, നിവേശിപ്പിക്കുക, ജനിപ്പിക്കുക, ഉത്തേജിപ്പിക്കുക, ആവേശം കൊള്ളിക്കുക.

"ഇൻസ്പിരേഷൻ" എന്ന പദം ഇംഗ്ലീഷിൽ വേദപുസ്തകത്തെ സംബന്ധിച്ചു മാത്രമല്ല മററുകാര്യങ്ങളെ സംബന്ധിച്ചും

---

പൊതുകോൺഫ്രൻസു നടത്തി ഐകരൂപ്യമുള്ള പൊതുപരിപാടികളും, പ്രവത്തനക്രമങ്ങളും നിശ്ചയിക്കുന്നതായിരിക്കും.

അവസാനമായി അദ്ധ്യയനമണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ സമാരംഭിച്ചിരിക്കുന്ന അ. മ. ലഘുലേഖനപരമ്പര ഒരിക്കൽകൂടി നിങ്ങളുടെ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കുന്നു. കേന്ദ്രത്തിൽ നിന്നും ലഘുലേഖനങ്ങൾ വരുത്തി ഇടവകയിലെ ഓരോ കത്തോലിക്കനും അവ വായിച്ചു പഠിക്കുവാൻ ഇടയാകത്തക്കവണ്ണം എല്ലാ ബ. വികാരിമാരും പരിശ്രമിക്കണമെന്നു നാം ആഗ്രഹിക്കുന്നു. അപ്രകാരംതന്നെ നമ്മുടെ അതിരൂപതയിൽപ്പെട്ട എല്ലാ സന്യാസിനീസന്യാസ സഭകളും, വിദ്യാസ്ഥാപനങ്ങളും, സംഘടനകളും, സഖ്യങ്ങളും ഇക്കാര്യത്തിൽ ഉത്സാഹപൂവ്വം സഹകരിക്കണമെന്നും താല്പര്യപ്പെടുന്നു.

ഉപയോഗിക്കാറുണ്ട്. ഉദാ: An inspired artist or speaker or poet. An inspired poet=ആവേശം നിറഞ്ഞ, ആവേശം കൊള്ളിക്കുന്ന കവി. ഇവിടെ മററൊരാളെ ആവേശം കൊള്ളിക്കുന്നതിനു കവിയെ പ്രാപ്തനാക്കുന്ന ശക്തി കവിയിൽ ശാശ്വതമായി സ്വഭാവത്തോടു തന്നെ ചേർന്നിരിക്കുന്ന ഒന്നാണു്. പക്ഷേ, നിവേശിതരായ ഗ്രന്ഥകാരന്മാർ (The inspired writers of scripture) എന്നു പറയുമ്പോൾ മററുള്ളവർക്കു് ദൈവികമായ ജ്ഞാനം നൽകുന്നതിനു അവരെ പ്രാപ്തരാക്കുന്ന ശക്തി അവരിൽ പ്രകൃത്യാതന്നെ സ്ഥിതിചെയ്യുന്ന ഒന്നല്ലാ, ദൈവം തല്ക്കാലത്തേക്കു് അവരിൽ നിക്ഷേപിക്കുന്ന ഒരു ശക്തിയാണു് എന്നു ഗ്രഹിക്കേണ്ടിയിരിക്കുന്നു.

ദൈവശാസ്ത്രസംബന്ധമായ പല പദങ്ങളും എന്നതുപോലെ ഇൻസ്പിരേഷൻ എന്ന പദവും വേദപുസ്തകത്തിന്റെ ലത്തീൻ പരിഭാഷയിൽ നിന്നാണു് സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. 2 തിമ 3:15 Pasa Graphe theopneustos എന്ന ഗ്രീക്കു പാഠം 'Omnis scriptura divinitus inspirata' എന്നു ലത്തീനിലേക്കും Every script breathed (inspired) by God എന്നു ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യപ്പെട്ടു. "ആത്മാവിനാൽ നിവേശിതമായ എല്ലാ പുസ്തകങ്ങളും" എന്നാണു് മലയാളവിവർത്തനം. Inspirare=to breathe into, to breathe upon-നിശ്വസിക്കുക എന്നു് ലത്തീനിലെ ധാത്വർത്ഥം.

സൃഷ്ടികർമ്മത്തെ അല്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേകപ്രവർത്തനത്തെ വ്യഞ്ജിപ്പിക്കുന്നതിനായി നിശ്വസിക്കുക-brea-the-എന്ന പദം വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു. "ദൈവമായ കർത്താവു പൊടിയായ ആദത്തെ ചെമ്മണ്ണിൽ നിന്നുരുവാക്കി, അവന്റെ മുഖത്തു ജീവശ്വാസം നിശ്വസിച്ചു, ആദം ജീവനുള്ളവനായിത്തീരുകയും ചെയ്തു." സൃഷ്ടി 2. 7.

"ആകാശം കർത്താവിന്റെ വചനത്താലും അതിന്റെ ശക്തികളെല്ലാം അവിടുത്തെ അധരങ്ങളുടെ നിശ്വസനത്താലും സൃഷ്ടിക്കപ്പെട്ടു. (സങ്കീ. 32:6)

അധരം കൊണ്ടുള്ള നിശ്വസനം ചില തിരുക്കർമ്മങ്ങളിൽ അനുഷ്ഠിക്കപ്പെടുന്നു. മാമ്മോദീസാ നൽകുമ്പോൾ കാർമ്മികൻ

അതു സ്വീകരിക്കുന്ന ആളിൻെറമേലും, വലിയശനിയാഴ്ച പുത്തൻ വെള്ളം വെഞ്ചരിക്കുമ്പോൾ വെള്ളത്തിന്മേലും, പെന്തക്കോസ്താ വ്യാഴാഴ്ച തൈലം വെഞ്ചരിക്കുമ്പോൾ മെത്രാനും മററു വൈദികരും തൈലത്തിന്മേലും കുരിശാകൃതിയിൽ ഊതുന്നുണ്ട്. പരിശുദ്ധാത്മാവിൻെറ നിവേശനത്തെയാണു് ഈ കർമ്മം സൂചിപ്പിക്കുന്നതു്.

വിശുദ്ധ ഗ്രന്ഥങ്ങളുടെ രചനയെ സംബന്ധിച്ചു പ്രതിപാദിക്കുമ്പോൾ "God inspired the writers of the Sacred Scriptures"- ദൈവം ലിഖിതങ്ങളുടെ രചയിതാക്കളെ നിവേശിതരാക്കി-എന്നു പറയുന്നു. അലങ്കാരപ്രയോഗം കൂടാതെ ഇതു് ഇപ്രകാരം വിവരിക്കാം. ദൈവം വി. ഗ്രന്ഥങ്ങളുടെ രചയിതാക്കൾക്കു് തങ്ങൾ രേഖപ്പെടുത്തേണ്ടവ രേഖപ്പെടുത്തുന്നതിനുള്ള പ്രകാശവും ഉത്തേജനവും സഹായവും നല്കി. നിവേശനം സ്നേഹത്തിൻേറയും വിജ്ഞാനദാനത്തിൻേറയും ഒരു പ്രവൃത്തിയാകയാൽ അതു് പരിശുദ്ധാത്മാവിൻെറ ഒരു പ്രത്യേക പ്രവൃത്തിയായും പരിഗണിക്കപ്പെടുന്നു.

ഇത്രയും പദത്തെപ്പററി. ഇനിയും ആദ്യമായി വി: ലിഖിതങ്ങൾ ദൈവനിവേശിതമാണോ എന്നും അനന്തരം ദൈവനിവേശനത്തിൻെറ സ്വഭാവം എന്തു് എന്നും ചർച്ചചെയ്യാം. ഏതെങ്കിലും ഒന്നിൻെറ അസ്തിത്വം തെളിയാതെ അതിൻെറ സ്വഭാവത്തെപ്പററി ചർച്ചചെയ്യുന്നതു് ശാസ്ത്രീയമല്ലല്ലൊ.

### വി: ലിഖിതങ്ങൾ ദൈവനിവേശിതങ്ങളാകുന്നു.

വേദപുസ്തകം ദൈവനിവേശിതമാണെന്നു മൂന്നു പ്രകാരത്തിൽ തെളിയിക്കാവുന്നതാണു്. 1. വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്. 2. ചരിത്രത്തിൽനിന്നു്. 3. സഭയുടെ പ്രബോധനങ്ങളിൽ നിന്നു്.

1. വി: ഗ്രന്ഥത്തിൽ നിന്നു്-പഴയനിയമത്തിലും പുതിയനിയമത്തിലും വി: ലിഖിതങ്ങൾക്കു് ദൈവികമായ പ്രാമാണികത അവകാശപ്പെടുന്ന അനേകം ഭാഗങ്ങളുണ്ടു്.

#### പഴയ നിയമത്തിൽ

കർത്താവു് ഇപ്രകാരം എഴുതുവാൻ മൂശയെ പ്രേരിപ്പിക്കുന്നു. "ഈ വാക്യങ്ങൾ നിനക്കായി എഴുതിക്കൊള്ളുക. എന്തുകൊണ്ടെ

ന്നാൽ ഈ വാക്യങ്ങൾകൊണ്ടു് നിന്നോടും സകല ഇസ്രായേലിനോടും ഞാൻ ഉടമ്പടി ചെയ്തിരിക്കുന്നു." പുറപ്പാടു്. 34:27-കൂടുതൽ വാക്യങ്ങൾക്കു്- ആവ: 3:19 രാജാ. 23:2; സംഖ്യ. 12.6—8.

### പുതിയ നിയമത്തിൽ

"എന്തുകൊണ്ടെന്നാൽ ദാവീദുതന്നെ പരിശുദ്ധാത്മാവിനാൽ 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം എന്റെ വലതു ഭാഗത്തു ഇരിക്കുക എന്നു് എന്റെ കർത്താവ് എന്റെ കർത്താവിനോടു് അരുൾച്ചെയ്തു', എന്നു പറഞ്ഞിരിക്കുന്നു." മത്താ 22. 43—44 ഇവിടെ ദാവീദ് പരിശുദ്ധാത്മാവിനാൽ പറഞ്ഞു എന്നഭാഗം ക്രിസ്തുവിന്റെ സാക്ഷ്യം ആണു്.

തിരുവെഴുത്തുകളിൽ നിത്യജീവൻ ഉണ്ടെന്നുള്ള യഹൂദന്മാരുടെ വിശ്വാസത്തെ ക്രിസ്തു സാധൂകരിക്കുന്നു. അവ തന്റെ ദൈവിക ദൌത്യത്തിനു സാക്ഷ്യം വഹിക്കുന്നുവെന്നു തെളിയിക്കുകയും ചെയ്യുന്നു.

"നിങ്ങൾ തിരുവെഴുത്തുകൾ പരിശോധിക്കുവിൻ. അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ കരുതുന്നുണ്ടല്ലോ. അവയും എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു." യോ. 5.39.

"അങ്ങനെയായാൽ ഇപ്രകാരം സംഭവിക്കേണ്ടതാകുന്നുവെന്നുള്ള തിരുവെഴുത്തുകൾ എങ്ങനെ നിവൃത്തിയാകും. മത്ത: 26:54. തിരുവെഴുത്തു് അഴിവാക്കപ്പെടുവാൻ നിവൃത്തിയില്ല." യോ. 16. 35.

തിരുവെഴുത്തുകൾ സാക്ഷിക്കുന്നു "ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു," "എന്നിങ്ങനെ ഏകദേശം 150 പ്രാവശ്യം പുതിയ നിയമത്തിൽ ആവർത്തിച്ചു എഴുതപ്പെട്ടിരിക്കുന്നു. ഇവ വേദപുസ്തകത്തിന്റെ ദൈവികമായ പ്രാമാണികതയെ സൂചിപ്പിക്കുന്നു.

നമ്മുടെ കർത്താവു് പഴയനിയമത്തെ ഒന്നടങ്കം പരാമർശിച്ചിട്ടുണ്ടു് "മൂശയുടെ നിയമത്തിലും പ്രവാചകരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതപ്പെട്ടവയെല്ലാം നിവൃത്തിയാകേണ്ടിയിരിക്കുന്നു." ലൂ: 24:44 യഹൂദന്മാർ പഴയനിയമത്തെ നിയമം, പ്രവാചകന്മാർ, സങ്കീർത്തനങ്ങൾ (writings) എന്നിങ്ങനെ മൂന്നായിട്ടാണല്ലോ വിഭജിച്ചിരുന്നതു്.

തിരുവെഴുത്തിലെ വാക്കുകൾക്കു് 'ദൈവത്തിന്റെ വചനം' 'ദൈവത്തിന്റെ അരുളി', എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ

അപ്പസ്തോലന്മാരുടെ പ്രഭാഷണങ്ങളിലും എഴുത്തുകളിലും സുലഭമായി കാണുന്നു. യഹൂദന്മാർക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവഅരുളപ്പാടുകളിൽ നിന്നു വി: പൗലോസ്ശ്ലീഹാതന്നെ എൺപതിലധികം പ്രാവശ്യം സാക്ഷ്യങ്ങൾ സ്വീകരിക്കുന്നുണ്ട്. "ദൈവത്തിൻെറ വചനങ്ങൾ അവക്കു് (ഇസ്രായേൽക്കാക്കു്) ഏല്പിക്കപ്പെട്ടു" റോമ: 3: 2.

ഏററവും പ്രശ്രുതവും പ്രകടവുമായ ഒരു തെളിവു് വി: പൗലോസ്ശ്ലീഹാ തിമോത്തിക്കു് എഴുതിയ ഒരു ലേഖനത്തിൽ നിന്നു് നമുക്കു് ലഭിക്കുന്നു.

തിമോത്തിയുടെ പിതാവു് ഒരു പുറജാതിക്കാരനും മാതാതാവു് ഒരു യഹൂദയുമായിരുന്നു. തിമോത്തി തൻെറ വിശ്വാസത്തിൽ സ്ഥിരമായി നില്ക്കുന്നതിനു ശ്ലീഹാ ഉപദേശിക്കുന്നു. രണ്ടുകാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഒന്നാമത്തേതു് അദ്ദേഹത്തിൻെറ ഗുരുവിൻെറ ശ്ലൈഹികാധികാരം. രണ്ടാമത്തേതു് തിമോത്തി ചെറുപ്പം മുതൽ പഠിച്ചിട്ടുള്ള നിവേശിത ഗ്രന്ഥങ്ങളുടെ പ്രാമാണികത. "ആത്മാവിനാൽ നിവേശിതമായ എല്ലാ ലിഖിതവും, ഉപദേശത്തിനും, ശാസനത്തിനും, തിരുത്തലിനും, നീതിയിലുള്ള നടത്തലിനും പ്രയോജനകരമാകുന്നു." 2 തിമോ. 3. 16. ഇതാണു അപ്പസ്തോലൻ തിമോത്തിക്കു കൊടുത്ത ഉപദേശം. ഉദ്ധൃത വാചകത്തിനു തൊട്ടുമുൻപുവരുന്ന വാക്യത്തിൽ നിന്നു മനസ്സിലാക്കാവുന്നതുപോലെ ലിഖിതം എന്നപദം തിമോത്തി ചെറുപ്പം മുതൽ പഠിച്ചിരുന്ന എല്ലാ ലിഖിതങ്ങളും, അതായതു പഴയനിയമഗ്രന്ഥങ്ങളെല്ലാം ഉദ്ദേശിച്ചാണെന്നുള്ളതു തീർച്ചയാണു്.

"എന്തെന്നാൽ പ്രവചനം ഒരിക്കലും ഒരു മനുഷ്യൻെറ ഇഷ്ടത്താൽ വന്നിട്ടുള്ളതല്ല, പരിശുദ്ധാത്മാവിനാൽ ആകർഷിക്കപ്പെട്ടിട്ടു് ദൈവത്തിൻെറ വിശുദ്ധന്മാരായ മനുഷ്യർ സംസാരിച്ചവയത്രെ." 2 പത്രോ. 1:21.

പഴയനിയമത്തിൻെറ ദൈവികസ്വഭാവവും പ്രാമാണികതയും തെളിയിക്കുന്നതിനു പുതിയനിയമത്തിൽ ചേർത്തിട്ടുള്ള നിരവധി ഭാഗങ്ങളിൽ ചിലവ മാത്രമാണു മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു്. വി. പൗലോസിൻെറ ഉദ്ധൃതവാക്യം പഴയനിയമം

മുഴുവൻെറയും ദൈവനിവേശിതത്വം തെളിയിക്കുന്നതിനു സഹായിക്കുന്നതാണു്.

## വേദപുസ്തക സാക്ഷ്യങ്ങളുടെ വില

വേദപുസ്തകത്തിൻെറ ദൈവനിവേശനം വേദപുസ്തകത്തിൽ നിന്നുതന്നെ തെളിയിക്കുന്നതിൽ യുക്തി ഭംഗമുണ്ടു്. ദൈവനിവേശനം തെളിയിക്കുന്നതിനു വേദപുസ്തകത്തിലെ സാക്ഷ്യങ്ങൾ മതിയായവയല്ല. അവ അപര്യാപ്തങ്ങളാണു് എന്നുതന്നെയാണു് സഭയുടെ അഭിമതം. എന്നാൽ വേദപുസ്തകം വിശ്വാസയോഗ്യമായ ഒരു ചരിത്ര ഗ്രന്ഥമാണു്. വേദപുസ്തകം ഉടലെടുക്കുവാൻ തുടങ്ങിയ കാലംമുതൽ, വി. ലിഖിതങ്ങളുടെ കാനോൻ സംബന്ധിച്ച ദൃശ്യസഭയുടെ ഔദ്യോഗിക പ്രഖ്യാപനം ഇല്ലാതിരുന്ന കാലത്തു് ഒരു വലിയ ജനവിഭാഗം എക്കാലത്തും വിശുദ്ധമായും പൂജ്യമായും അതിനെ പരിഗണിച്ചിരുന്നു.

പഴയനിയമത്തിൽ ഒരു നല്ലഭാഗം തങ്ങളുടെ ദൗത്യം ദൈവികമാണെന്നു സ്വയം അവകാശപ്പെടുകയും പലപ്പോഴും അത്ഭുതങ്ങൾ കൊണ്ടു് അതു തെളിയിക്കുകയും ചെയ്തിട്ടുള്ള പ്രവാചകന്മാരാൽ എഴുതപ്പെട്ടിട്ടുള്ളതാണു്.

### ക്രിസ്തു ഒരു ചരിത്ര പുരുഷനാകുന്നു

പുതിയനിയമത്തിൻെറ ദൈവനിവേശിതത്വം സ്വീകരിക്കാതെതന്നെ ക്രിസ്തുവിൻെറ ദൈവികത്വം ചരിത്രവസ്തുതകൾ കൊണ്ടു തെളിയിക്കാവുന്നതാണു്. അവിടുന്നാകട്ടെ, പഴയനിയമം വിശുദ്ധമാണു്, അതിൻെറ ഉള്ളടക്കം ദൈവവചനമാണു് എന്നുള്ള യഹൂദന്മാരുടെ വിശ്വാസത്തെ സാധൂകരിക്കുകയും അംഗീകരിക്കുകയും ചെയ്തു. എന്നു മാത്രമല്ല പഴയനിയമത്തിൽ നിന്നു് സാക്ഷ്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു് അവിടുത്തെ ദൈവികത്വത്തേയും ദൗത്യത്തേയും തെളിയിക്കുന്നതിനു ശ്രമിക്കുകയും ചെയ്യുന്നു. ഇങ്ങനെ പഴയനിയമം ദൈവനിവേശിതമാണെന്നു യുക്തിപൂർവം തെളിയിക്കാവുന്നതാണു്.

പുതിയനിയമത്തിൻെറ ചരിത്രപ്രാധാന്യവും അതിനു സിദ്ധിച്ചിരിക്കുന്ന സമ്മതിയും അനന്യദൃശ്യമാണു്. ഇങ്ങനെ പല ന്യായങ്ങൾ കൊണ്ടു പ്രശസ്തവും പൂജ്യവും പ്രാമാണികവും ആയ വേദപുസ്തകത്തിൽ നിന്നു തന്നെ ദൈവനിവേശനം തെളിയിക്കുവാൻ സ്വീകരിക്കുന്ന സാക്ഷ്യങ്ങൾ അതു ദൈവനിവേശിത

മാണെന്നുള്ള സഭയുടെ ഔദ്യോഗിക പഠനത്തെ സ്ഥിരീകരിക്കു വാൻ സഹായിക്കുമെന്നുള്ളതിൽ സംശയമില്ല.

ചരിത്രത്തിൽ നിന്നു്

ചില ഗ്രന്ഥങ്ങളുടെ ദൈവികമായ ഉത്ഭവത്തെപ്പററി യഹൂദന്മാരുടെ ഇടയിലുണ്ടായിരുന്ന വിശ്വാസത്തിനു യഹൂദസാഹിത്യത്തോളം തന്നെ പഴക്കമുണ്ടു്. മൂശയും പ്രവാചകന്മാരും തങ്ങൾക്കു ലഭിച്ച വെളിപാടുകളിലൊരുഭാഗം രേഖപ്പെടുത്തി. നബി (Nabi=പ്രവാചകൻ) അയാൾ ഒരു പ്രഭാഷകനൊ എഴുത്തുകാരനൊ ആയിക്കൊള്ളട്ടെ—യഹോവായുടെ ഹിതങ്ങളുടേയും രഹസ്യങ്ങളുടേയും ഔദ്യോഗിക വ്യാഖ്യാതാവായി യഹൂദന്മാരാൽ പരിഗണിക്കപ്പെട്ടിരുന്നു. "ദൈവത്തിൻെറ മനുഷ്യൻ" "ആത്മാവിൻെറ മനുഷ്യൻ" എന്നു പ്രവാചകൻ വിളിക്കപ്പെട്ടിരുന്നു. (ഓസി. ix. 7) പ്രവാസത്തിനുശേഷം ഇസ്രായേൽ ജനങ്ങളുടെ രാഷ്ട്രീയവും മതപരവും ആയ പുനരുദ്ധാരണം സിദ്ധിച്ചതു് ദൈവാലയത്തേയും വി: ഗ്രന്ഥത്തേയും കേന്ദ്രമാക്കിയാണു് (മക്കബെ,. 2: 14, സെപ്റ്റ്വജിൻറായിൽ ബർ അസീറായുടെ ആമുഖം കാണുക.) ഫിലോ (20 ബി. സി—40 എ. ഡി. വരെ) വേദപുസ്തകം വിശുദ്ധമെന്നും ദൈവവചനമെന്നും എഴുതിയിരിക്കുന്നു. ഫ്ളാവിയുസ് ജോസഫിൻെറ (A D37-95) സാക്ഷ്യം ഒന്നുകൂടി ലക്ഷണയുക്തമാണു്. അദ്ദേഹത്തിൻെറകൃതികളിലാണു് 'inspiration' എന്ന പദം ആദ്യമായി നാം കാണുന്നതു്. യഹൂദന്മാർ ദൈവികമെന്നു പരിഗണിച്ചിരുന്ന 22 പുസ്തകങ്ങളെപ്പററി അദ്ദേഹം പ്രസ്താവിക്കുന്നുണ്ടു്. യഹൂദന്മാർ ആ പുസ്തകങ്ങൾക്കുവേണ്ടി തങ്ങളുടെ ജീവൻ ബലികഴിക്കുവാൻ പോലും സന്നദ്ധരായിരുന്നുവെന്നും ഫ്ളാവിയുസ് രേഖപ്പെടുത്തിയിട്ടുണ്ടു്. വി: ഗ്രന്ഥത്തിൻെറ ദൈവനിവേശനത്തെപ്പററി യഹൂദന്മാർക്കുണ്ടായിരുന്ന വിശ്വാസം അവർ ലോകത്തിൻെറ നാനാഭാഗങ്ങളിലായി ചിതറിക്കപ്പെട്ടതിനു ശേഷവും നിലനിന്നു പോന്നു.

## എ. ഡി. നാലാം നൂററാണ്ടുവരെ

ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ നിന്നു നമുക്കു ലഭിക്കുന്ന ക്രൈസ്തവരേഖകൾ താരതമ്യേന കുറവാണു്. ഉള്ളവയിൽ തന്നെ വേദപുസ്തകത്തിൻെറ പ്രാമാണികതയേയും ആ പ്രാമാണികതയ്ക്കുള്ള ന്യായങ്ങളേയും പ്രതിപാദിക്കുന്ന ഭാഗങ്ങൾ വിരളങ്ങ

ളാണ്. എന്നിരുന്നാലും വി: ലിഖിതങ്ങളുടെ എഴുത്തുകാർ, "ഉപകരണങ്ങൾ" "ദൈവത്തിന്റെ ശുശ്രൂഷികൾ" പ്രത്യേകിച്ച് "പരിശുദ്ധാത്മാവിന്റെ ശുശ്രൂഷികൾ" ആണെന്നുള്ള സൂചനകൾ നമുക്കു ലഭിക്കുന്നുണ്ട്. വി: ജസ്റ്റിൻ വേദപുസ്തകരചയിതാക്കളുടെ മനസ്സിനെ പരിശുദ്ധാത്മാവിന്റെ സംഗീതോപകരണമായി ചിത്രീകരിച്ചിരിക്കുന്നു. വി: ഗ്രന്ഥം പരിശുദ്ധാത്മാവിന്റെ വചനമെന്നും ദൈവ അരുളപ്പാടുകൾ എന്നും പ്രകീർത്തിക്കപ്പെട്ടുന്നുണ്ട്. വി: ലിഖിതങ്ങൾ യഥാർത്ഥങ്ങളും പരിശുദ്ധാത്മാവുവഴി നൽകപ്പെട്ടിട്ടുള്ളവയും ആണെന്ന് റോമിലെ വി: ക്ലമന്റു പ്രസ്താവിച്ചിരിക്കുന്നു. (A. D. 96) യഥാർത്ഥ ഗ്രന്ഥങ്ങളും അപ്രമാണിക ഗ്രന്ഥങ്ങളും തമ്മിൽ ശ്രദ്ധാപൂർവം വിവേചിക്കപ്പെട്ടിരുന്നു.

നാലാം നൂററാണ്ടുമുതൽ വേദപുസ്തകത്തോടുള്ള വീക്ഷണഗതിയെ വിവരിക്കുന്ന അനേകം സാക്ഷ്യങ്ങൾ നമുക്കുണ്ട്. വേദപുസ്തകത്തിന്റെ ദൈവനിവേശനം അംഗീകരിക്കപ്പെട്ടുകയും പഠിപ്പിക്കപ്പെട്ടുകയും വിശ്വസിക്കപ്പെട്ടുകയും ചെയ്തിരുന്നുവെന്ന് പ്രാദേശിക കൗൺസിലുകളുടേയും മാർപ്പാപ്പാമാരുടേയും വേദപാരംഗതന്മാരുടേയും സഭാപിതാക്കന്മാരുടെയും പ്രബോധനം സാക്ഷ്യം വഹിക്കുന്നു.

റോമിലെ ക്ലെമൻറ്, വി: പൊലിക്കാർപ്പ്, വി: ജസ്റ്റിൻ, വി:ഇറേനവൂസ്, അന്ത്യോക്യായിലെ തെയോഫിലസ്, അലക്സാന്ത്രിയായിലെ ക്ലമൻറ, വി: ഹിപ്പോളിററസ്, ടെർററുലിയൻ വി. സിപ്രിയാൻ, ഒരിജെൻ, സെസറിയായിലെ എവുസേബിയൂസ്, വി: സിറിൽ, വി. ബസേലിയൂസ്, വി: ക്രിസോസ്തോം, വി: അംബ്രോസീസ്, വി: ഈറാനിമോസ്, വി: അഗുസ്തീനോസ് തുടങ്ങിയവർ വേദപുസ്തകം ദൈവനിവേശിതമാണെന്നു രേഖപ്പെട്ടുത്തിയിട്ടുണ്ട്. അവരുടെ സാക്ഷ്യങ്ങൾ വിസ്താരഭയത്താൽ ഇവിടെ ഉദ്ധരിക്കുന്നില്ല.

### ചരിത്രസാക്ഷ്യങ്ങളുടെ വില

യഹൂദന്മാരും ക്രിസ്ത്യാനികളും വേദപുസ്തകത്തിന്റെ ദൈവനിവേശനത്തിൽ എക്കാലവും വിശ്വസിച്ചിരുന്നുവെന്നു തെളിയിക്കുവാൻ ചരിത്രം മാത്രമാണു നമുക്കു ആധാരമായിട്ടുള്ളത്. എന്നാൽ ഈ വിശ്വാസത്തിനു എന്തു വിലയാണുള്ളത്? യുക്തിപ

രവും ദൈവശാസ്ത്രപരവുമായ ന്യായങ്ങൾ ഈ വിശ്വാസത്തെ സാധൂകരിക്കുന്നു. വേദപുസ്തകത്തിന്റെ അതിമാനുഷികമായ സ്വഭാവത്തെ അംഗീകരിച്ചവർക്ക്, അവരുടെ വിശ്വാസത്തെ ന്യായീകരിക്കുവാൻ പ്രവാചകന്മാരുടേയും, ക്രിസ്തുവിന്റേയും അപ്പസ്തോലന്മാരുടേയും സാക്ഷ്യങ്ങളുണ്ട്. പ്രവാചകന്മാർ, ക്രിസ്തു, അപ്പസ്തോലന്മാർ എന്നിവരുടെ ദൈവികദൗത്യം നേരിട്ടുള്ള അനുഭവംകൊണ്ടും ചരിത്രം കൊണ്ടും സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. തികച്ചും യുക്തിപരമായ ഈ സിദ്ധാന്തത്തോട് സഭയുടെ ഔദ്യോഗികമായ പഠനവും കൂട്ടിച്ചേർക്കണം. ഇങ്ങനെ കൂട്ടിച്ചേർക്കുന്നതിൽ യുക്തിഭംഗവുമില്ല. എന്തുകൊണ്ടെന്നാൽ സഭയുടെ അപ്രമാദിത്വം വേദപുസ്തകത്തിന്റെ ദൈവനിവേശനത്തെ ആശ്രയിക്കാതെ, തെളിയിക്കാവുന്നതാണ്. ഇതരഗ്രന്ഥങ്ങളുടെ എന്നപോലെ വേദപുസ്തകത്തിന്റെയും ചരിത്രപരമായ വിശ്വാസ യോഗ്യത ഈ വിഷയത്തിൽ മതിയാകുന്നതാണ്.

### സഭയുടെ പ്രബോധനത്തിൽ നിന്ന്.

പുസ്തകങ്ങളുടെതന്നെ ആന്തരിക യോഗ്യതകളിലോ അവയുടെ ഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങളിലോ, അനുവാചകരുടെ ആന്തരിക പ്രചോദനത്തിലോ അല്ല ദൈവനിവേശനത്തിലെ ലക്ഷണങ്ങൾ കണ്ടുപിടിക്കേണ്ടതെന്നു സഭ പഠിപ്പിക്കുന്നു. അപ്രമാദിത്വമുള്ളതും സാർവത്രികവുമായ ഏകസാക്ഷ്യം ദൈവത്തിന്റെ സാക്ഷ്യം മാത്രമായിരിക്കുന്നു. ഈ സാക്ഷ്യം സഭയുടെ പ്രബോധനവും അധികാരവും വഴി നമുക്കു ലഭിക്കുന്നു. വേദപുസ്തകം ദൈവനിവേശിതമാണെന്നുള്ളതു സഭയുടെ ഒരു വിശ്വാസസത്യമാണ്. വിശ്വാസസത്യങ്ങൾ സ്വീകരിക്കപ്പെടുന്നത് കേവലം മാനുഷികമായ സാക്ഷ്യത്തിലല്ല. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ വേദപുസ്തകത്തിലും പാരമ്പര്യത്തിലും സ്ഥിതിചെയ്യുന്നുവെന്നു പഠിപ്പിക്കുന്നതു സഭയാണ്.

## സഭയുടെ സിദ്ധാന്തം

കാനോനികമായി തിരുസ്സഭ അംഗീകരിച്ചിരിക്കുന്ന സകല വിശുദ്ധ ലിഖിതങ്ങളും ദൈവനിവേശിതങ്ങളാകുന്നു.

ഈ സിദ്ധാന്തം സഭയുടെ ഔദ്യോഗികമായ പ്രബോധനമാണെന്നു ഖണ്ഡിതമായി തെളിയിക്കുവാൻ "പരമപരിപാലകനായ ദൈവം" (Providentissimus Deus) എന്ന പേരിൽ പതിമൂന്നാം ലെയോ മാർപ്പാപ്പാതിരുമനസ്സുകൊണ്ട് പ്രസിദ്ധീ

കരിച്ചിട്ടുള്ള ചാക്രികലേഖനത്തിലെ ഏതാനും ഭാഗങ്ങൾ മാത്രം മതിയാകുന്നതാണ്.

"വിശുദ്ധവും കാതോലികവുമായി സഭ സ്വീകരിച്ചിട്ടുള്ള സകല പുസ്തകങ്ങളും അവയുടെ എല്ലാ ഭാഗങ്ങളും ഉൾപ്പടെ മുഴുവനായും, പൂർണ്ണമായും, പരിശുദ്ധാത്മാവു് അരുളിച്ചെയ്തു എഴുതിച്ചിട്ടുള്ളതു തന്നെയാണ്. ഈശ്വരപ്രേരണയുടെ മറവിൽ ഏതെങ്കിലും ഒരസത്യം കയറിപ്പററുക തീരെ അസംഭവ്യമാണ്. അതു സ്വശക്തികൊണ്ടു അസത്യമായതെല്ലാം അകററി നിത്തുന്നു. വല്ലൊരുവിധത്തിലുമല്ലാ, പരമസത്യമായ ദൈവം യാതൊരു അസത്യത്തിൻേറയും വക്താവാകുകയില്ല എന്നതു എങ്ങനെ ഒരവശ്യ വസ്തുതയായിരിക്കുന്നുവോ അങ്ങനെയുള്ള ഒരു വസ്തുസ്ഥിത നിർബന്ധത്താൽ അതു അസത്യമെല്ലാം അകററി നിറുത്തുകയും, ദൂരീകരിക്കുകയും ചെയ്യുന്നു. ഫ്ളോറൻസ്സ്, ത്രെന്തോസ്സ്, ഈ സൂനഹദോസുകളിൽ ഗുരുതരമായി നിർണ്ണയിക്കപ്പെട്ടുകയും ഒട്ടവിൽ വത്തിക്കാൻ സൂനഹദോസിൽ സ്ഥിരീകരിക്കപ്പെട്ടുകയും, പൂർവാധികം വ്യക്തമായി പ്രസ്താവിക്കപ്പെട്ടുകയും ചെയ്ത സഭയുടെ പുരാതനവും അഭേദ്യവുമായ വിശ്വാസം ഇതാണ്. ഒടുവിൽ പറഞ്ഞ സൂനഹദോസിൻേറ വാക്കുകൾ ഇവയാകുന്നു. "പഴയനിയമത്തിലേയും പുതിയനിയമത്തിലേയും പുസ്തകങ്ങൾ മുഴുവനായും പൂർണ്ണമായും അവയുടെ എല്ലാഭാഗങ്ങളോടു കൂടിയും പ്രസ്തുത (ത്രന്തോസ്സ്) സൂനഹദോസ്സു നിർണ്ണയത്തിലും, ലത്തീൻ വുൾഗാത്തായിലും എണ്ണപ്പെട്ടിരിക്കുന്നതു പോലെ, വിശുദ്ധവും കാതോലികവുമായി സ്വീകരിക്കപ്പെടേണ്ടതാണ്. ഇവ മനുഷ്യ പരിശ്രമത്താൽ വിരചിതങ്ങളായശേഷം സഭയുടെ അധികാരത്താൽ അംഗീകരിക്കപ്പെട്ടതുകൊണ്ടല്ലാ, അബദ്ധരഹിതമായ വെളിപാട് അതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു മാത്രവുമല്ല; പ്രത്യുത പരിശുദ്ധാത്മാവിൻേറ പ്രേരണാനുസരണം എഴുതപ്പെട്ടിരിക്കയാൽ അവയുടെ ഗ്രന്ഥകാരൻ ദൈവമായിരിക്കകൊണ്ടത്രെ"

### നിവേശനത്തിൻേറ സ്വഭാവം

ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ മററുള്ളവക്കു വെളിപ്പെടുത്തുന്നതിനു മനുഷ്യനെ പ്രേരിപ്പിക്കുന്ന അതിസ്വാഭാവികമായ ഒരു പ്രചോദനം എന്നു ദൈവനിവേശനത്തെ സാമാന്യമായി നിർവചിക്കാം. ഇതു പ്രഭാഷണം വഴി സംഭവിക്കുന്നെങ്കിൽ പ്ര

വാചകനിവേശനം എന്നും (inspiratio prophetica), എഴുത്തു മൂലം സംഭവിക്കുന്നെങ്കിൽ വേദപുസ്തക നിവേശനം (inspiratio Biblica) എന്നും അറിയപ്പെടുന്നു. വേദപുസ്തകത്തിന്റെ ദൈവ നിവേശനമാണു ഇവിടുത്തെ പ്രതിപാദ്യവിഷയം.

ദൈവനിവേശനത്തിന്റെ ശക്തിയായ നിർവചനം പതിമൂന്നാം ലെയോ തിരുമനസ്സുകൊണ്ടു് പ്രസിദ്ധം ചെയ്തിട്ടുള്ള "പരമപരിപാലകനായ ദൈവം" എന്ന പ്രശ്രുത ചാക്രികലേഖനത്തിൽ വത്തിക്കാൻ സൂനഹദോസിന്റെ വാക്കുകളിൽ ഉദ്ധരിച്ചശേഷം തിരുമേനി തുടർന്നു പ്രസ്താവിക്കുന്നു. "പരിശുദ്ധാത്മാവു മനുഷ്യരെ തന്റെ ഉപകരണമായി പ്രയോഗിച്ചുകൊണ്ടു് അബദ്ധത്തിൽ ചാടിയേക്കു പക്ഷെ, ഈ നിവേശിതോപകരണങ്ങളാണു് പ്രഥമ ഗ്രന്ഥകാരനല്ല എന്നു പറയുവാൻ നമുക്കു നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ താൻ കല്പിച്ചവ-അവമാത്രം അവർ ശരിയായി ഗ്രഹിക്കുകയും വിശ്വസ്തതയോടെ എഴുതുവാൻ മനസ്സാകുകയും തക്ക വിധത്തിൽ അപ്രമാദമായ സത്യത്തോടുകൂടി പ്രസ്താവിക്കുകയും ചെയ്യത്തക്കവണ്ണം സ്വാഭാവാതീതമായ ശക്തിയാൽ അവിടുന്നു അവരെ എഴുതുവാൻ പ്രേരിപ്പിക്കുകയും ഇളക്കുകയും എഴുതുമ്പോൾ അവരോടുകൂടി സന്നിഹിതനായിരിക്കയും ചെയ്തു." അടിയിൽ വരയിട്ടിരിക്കുന്ന ഭാഗമാണു് നിവേശനത്തിന്റെ നിർവചനം. നിർവചനത്തിന്റെ വിശദീകരണം അതിന്റെ സ്വഭാവത്തെ വ്യക്തമാക്കുന്നതുമാണു്.

ദൈവനിവേശനത്തെപ്പററി സംസാരിക്കുമ്പോൾ മാപ്പാപ്പാ സ്കോളാസ്റ്റിക്ക് തത്വശാസ്ത്രജ്ഞന്മാരുടെ നാമകരണസമ്പ്രദായം (Terminology) സ്വീകരിച്ചുകൊണ്ടു മനുഷ്യഗ്രന്ഥകാരൻ ഉപകരണമാണെന്നു പ്രസ്താവിക്കുന്നു. "മുഖ്യകാരണവും ഉപകരണവും (instrument) തമ്മിലുള്ള വ്യത്യാസം സുജ്ഞാതമാണു്. മുഖ്യകാരണം (Principal cause) അതിന്റെ സ്വന്തം ശക്തിയാൽ പ്രവൎത്തിക്കുന്നു. ഉപകരണമാകട്ടെ സ്വന്ത ശക്തിയാൽ പ്രവൎത്തിക്കുന്നില്ല. പ്രത്യുത അതു മുഖ്യകാരണത്താൽ ചലിപ്പിക്കപ്പെടുന്നതനുസരിച്ചു പ്രവർത്തിക്കുന്നു. ആശാരിയും ഉളിയും ഇക്കാര്യത്തിനു് ഒരു ഉദാഹരണമായി സ്വീകരിക്കാം. തടി കണ്ടിച്ചു് ഉപകാരപ്രദമോ കലാപരമൊ ആയ ഒരു സാധനം നിർമ്മി

ക്കുന്നതിൽ ആശാരി മുഖ്യകാരണമാണു്. ഉളി ഉപകരണവും. സ്വന്തം ശക്തിയാൽ സാധനം നിർമ്മിക്കുന്നതിനു് ഉളിക്കു കഴിവില്ല. ഏതു ലക്ഷ്യം പ്രാപിക്കുന്നതിനു ഉളി ഉപയോഗിക്കപ്പെടുന്നുവോ ആ ലക്ഷ്യം പ്രാപിക്കുവാൻ ഉളിക്കു് അതിൻെറ ഉടമസ്ഥനായ ആശാരിയിൽ നിന്നു് ശക്തി ലഭിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഒരു ഉപകരണത്തിലുള്ള രണ്ടു ശക്തികളെ വിവേചിച്ചു മനസ്സിലാക്കേണ്ടതാണു്. ആദ്യത്തേതു് അതിനു സ്വന്തമായുള്ളതു്; രണ്ടാമത്തേതു് മുഖ്യകാരണത്താൽ പ്രദാനം ചെയ്യപ്പെടുന്നതു്. ഇങ്ങനെ ഉളിക്കു് അതിൻെറ സ്വഭാവത്താൽ തന്നെയുള്ള ഒരു ശക്തിയുണ്ടു്. അതായതു് മുറിക്കുന്നതിനുള്ള ശക്തി അഥവാ പര്യാപ്തത. അതിനു മുഖ്യകാരണത്താൽ പ്രദാനം ചെയ്യപ്പെടുന്ന ഒരു ശക്തിയുണ്ടു്, അതായതു് തടിക്കു് രൂപവും സൗന്ദര്യവും നല്കുന്നതിനുള്ള ഒരു ശക്തി. ഉപകരണത്തിനു രണ്ടു കാര്യങ്ങൾ ആവശ്യമായിരിക്കുന്നു. ഒന്നാമതു സ്വന്തശക്തിക്കതീതമായ ഒരു ഫലം പുറപ്പെടുവിക്കുന്നതിൽ യോജിച്ചു പ്രവത്തിക്കണം. രണ്ടാമതായി അതിൻെറ സ്വാഭാവിക ശക്തിക്കു് ഉപരിയായി അതിനെ ഉയത്തി ഫലം പുറപ്പെടുവിക്കുന്നതിനു് അവശ്യവും എന്നാൽ താല്ക്കാലികവുമായ ഒരു ശക്തി അഥവാ ചലനം മുഖ്യകാരണത്തിൽ നിന്നു സ്വീകരിക്കണം. ഇവിടെ ഒരു കാര്യം പ്രത്യേകമായ ശ്രദ്ധയെ അർഹിക്കുന്നുണ്ടു്. മുഖ്യകാരണത്തിൽ നിന്നു നിർഗ്ഗമിക്കുന്ന ചലനം ഉപകരണത്തിൻെറ സ്വാഭാവിക പ്രവത്തനത്തിനു ഒരു പുതിയ ഫലദായകത്വം (Eefficacy) നല്കുന്നുണ്ടെങ്കിലും ഉപകരണത്തിൻെറ സ്വഭാവത്തിനു് അതു മാററം വരുത്തുന്നില്ല. എന്നുതന്നെയുമല്ല പ്രദാനം ചെയ്യപ്പെടുന്ന ഈ ശക്തി ഉപകരണത്തിൻെറ സ്വാഭാവിക ശക്തി വഴി മാത്രമാണു പ്രയോഗിക്കപ്പെടുന്നതു്.

ഉപകരണത്തിനു് അതിനു സ്വന്തമായ ഒരു ക്രിയയുണ്ടു്. മുഖ്യകാരണത്താൽ നല്കപ്പെടുന്ന ഒരു ശക്തിയുമുണ്ടു്. ആദ്യം പറഞ്ഞതില്ലെങ്കിൽ ഒരുപകരണമായിരിക്കുകയില്ല. രണ്ടാമത്തേതില്ലെങ്കിൽ അതായതു് മുഖ്യകാരണമില്ലെങ്കിൽ നിമിത്തകാരണത്വം (Instrumental causality) എന്ന പ്രശ്നം തന്നെ ഉദിക്കുന്നുമില്ല.

ഉപകരണത്തിൻെറ തത്വശാസ്ത്രവശത്തെ വി: ലിഖിതങ്ങളുടെ ദൈവനിവേശനത്തോടു ബന്ധപ്പെടുത്തുന്നതിനു മുൻപ്

ദൈവം വേദപുസ്തകത്തിൻെറ കത്താവും മനുഷ്യൻ ദൈവത്തിൻെറ ഉപകരണവും വേദപുസ്തകം ദൈവവചനവും ആണെന്നുള്ള വസ്തുത നമുക്കു ലഭിച്ചിരിക്കുന്നതു വെളിപാടിൻെറ ഉറവിടങ്ങളിൽ നിന്നാണെന്നു നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു.

വി: തോമസ്സ് അക്വിനാസുതന്നെ ഉപകരണത്തിൻെറ താത്വികവശം പ്രതിപാദിച്ചുകൊണ്ടു് ഇപ്രകാരം പ്രസ്താവിക്കുന്നു. "വേദപുസ്തകത്തിൻെറ പ്രഥമ ഗ്രന്ഥകത്താവു് ദൈവമാകുന്നു.മനുഷ്യൻ നിമിത്ത കത്താവായിരുന്നു(Instrumental author)." നിവേശനത്തിൻെറ അസ്തിത്വത്തെ അംഗീകരിക്കുന്ന പക്ഷം വേദപുസ്തകത്തിനു രണ്ടു ഗ്രന്ഥകർത്താക്കളുണ്ടു് എന്നുള്ള വസ്തുതയും അംഗീകരിക്കേണ്ടതായി വരും. എന്തുകൊണ്ടെന്നാൽ അതു മനുഷ്യരാൽ എഴുതപ്പെട്ടതാണു്. അതേ സമയം അതു ദൈവവചനവുമായിരിക്കുന്നു. മററു പ്രകാരത്തിൽ പറഞ്ഞാൽ മാനുഷിക കത്താവു് വഴി (human author) ദൈവം വേദപുസ്തകത്തിൻെറ പ്രധാന കത്താവായിരിക്കുന്നു (principal author.) പരിശുദ്ധാത്മാവിൻെറ പ്രേരണയുള്ള വേദപുസ്തകരചയിതാക്കളുടെ വിധേയത്വം പ്രധാനകാരണത്തിൻേറയും നിമിത്തകാരണത്തിൻേറയും (principal and instrumental causes) താത്വികവിശദീകരണം വഴി ഭംഗിയായി സമത്ഥിക്കപ്പെട്ടുകയും ചെയ്യുന്നു.

പ്രധാന കാരണവും നിമിത്തകാരണവും തമ്മിലുള്ള ബന്ധത്തിൻെറ തത്വപരമായ വിശദീകരണം വച്ചുകൊണ്ടു ദൈവം, മനുഷ്യൻ, വി: ഗ്രന്ഥം എന്നീ ഘടകങ്ങളിൽ ദൈവനിവേശനത്തിൻെറ സ്വഭാവമെന്തെന്നു പരിശോധിച്ചു നോക്കാം.

### A. ദൈവത്തിൽ

"സ്വഭാവാതീതമായ ശക്തിയാൽ അവിടുന്നു് അവരെ എഴുതുവാൻ പ്രേരിപ്പിക്കുകയും ഇളക്കുകയും എഴുതുമ്പോൾ അവരിൽ സന്നിഹിതനായിരിക്കുകയും ചെയ്തു." നിവേശനം അസാധാരണമായ ഒരു ദാനമാകുന്നു. സ്വീകരിക്കുന്നവൻെറ നന്മയ്ക്കായിട്ടല്ല, മററുള്ളവരുടെ നന്മയ്ക്കായിട്ടു പ്രദാനം ചെയ്യപ്പെടുന്ന ഒരു ദാനം, അസാധാരണമായ ഒരു ദാനം എന്നു പറയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഇതു് അതിസ്വാഭാവികമായ ഫലം പുറപ്പെടുവിക്കുന്നതിനു ദൈവത്താൽ നല്കപ്പെടുന്ന അതിസ്വാഭാവികവും അസാധാരണവുമായ ഒരുപ്രചോദനമാകുന്നു.മാനവചരിത്രത്തിൽ

കുറച്ചുപേക്ഷമാത്രം നല്കപ്പെട്ടിട്ടുള്ള അസാധാരണമായ ഒരു ദാനം. ഇതു സ്ഥിരമായ ഒരു ദാനമല്ല. പ്രത്യുത, താല്ക്കാലികവും പൂർണ്ണമാംവിധം ഫലപ്രദവുമായ ഒന്നാണ്.

B. മനുഷ്യനിൽ

"അവിടുന്നു കല്പിച്ചവയെല്ലാം—അവമാത്രം അവർ ശരിയായി മനസ്സിലാക്കുകയും വിശ്വസ്തതയോടെ എഴുതുവാൻ മനസ്സാകുകയും തക്കവിധത്തിൽ അപ്രമാദമായ സത്യതയോടെ പ്രസ്താവിക്കുകയും—ഈ വാക്കുകൾ വഴി മാർപ്പാപ്പാ ബുദ്ധിയേയും മനസ്സിനേയും ഓർമ്മ, ഭാവന, കരങ്ങൾ എന്നിങ്ങനെയുള്ള കാര്യനിർവാഹക (Executive) കഴിവുകളേയും സൂചിപ്പിക്കുകയും പരാമർശിക്കുകയും ചെയ്യുന്നുണ്ട്. ഗ്രന്ഥനിർമ്മാണത്തിൻ ആദ്യന്തം തുടർച്ചയായി ഗ്രന്ഥകാരനിൽ ഈ ദൈവികപ്രചോദനം പ്രവർത്തിക്കുന്നുവെന്നും പ്രകൃതവാചകം സാക്ഷിക്കുന്നു.

ഉപകരണത്തെ ക്രിയാത്മകമാക്കുക എന്നതു് മുഖ്യകാരണത്തിൻെറ കൃത്യമാകുന്നുവെന്നു നാം കണ്ടു കഴിഞ്ഞു. ഉപകരണം മുഖ്യകാരണത്താൽ ചലിപ്പിക്കപ്പെടുന്നതനുസരിച്ചു് പ്രവർത്തിക്കുന്നു. മനുഷ്യപരിശ്രമത്താൽ വിരചിതമായശേഷം സഭയുടെ അധികാരത്താൽ അംഗീകരിക്കപ്പെടുന്നതുകൊണ്ടു് ഗ്രന്ഥം ദൈവനിവേശിതം എന്നു പറയുന്നു എന്നുള്ള വാദം തെററാണെന്നും ഇവിടെ തെളിയുന്നുണ്ടു്.

ഉപകരണത്തിനു ആ ശക്തികൾ ഉണ്ടെന്നും അവയിൽ ഒന്നാമത്തേതു സ്വാഭാവത്താലുള്ളതും രണ്ടാമത്തേതു് പ്രദാനം ചെയ്യപ്പെടുന്നവയാണെന്നും, രണ്ടാമത്തേതു് ആദ്യത്തേതിനെ നശിപ്പിക്കുകയല്ല ഉപയോഗിക്കുകയാണു ചെയ്യുന്നതെന്നും നാം കണ്ടുകഴിഞ്ഞു. മനുഷ്യനാകുന്ന ഉപകരണം മാനുഷികമായ രീതിയിൽ അതായതു ബുദ്ധിപൂർവകമായും സ്വതന്ത്രമായും പ്രവർത്തിച്ചുവെന്നും സിദ്ധിക്കുന്നു. ആകയാൽ അനുപദകഥനവും കേട്ടെഴുത്തും അല്ല ദൈവനിവേശനം വഴി നടന്നിട്ടുള്ളതു്. നേരെ മറിച്ചു് എഴുത്തുകാരന്മാരെ ദൈവം തൻെറ ഉപകരണങ്ങളായി സ്വീകരിച്ചുകൊണ്ടു് അവരുടെ സ്വാഭാവിക കഴിവുകളും നിപുണതയും—നിപുണതയുടെ അളവു വ്യത്യസ്തമായിരുന്നുകൊള്ളട്ടെ—സ്വതന്ത്രമായി ഉപയോഗിക്കുന്നതിനു അവിടുന്നു അവരെ അനുവദിച്ചു. ഗ്രന്ഥകാരന്മാർ തങ്ങളുടെ സ്വന്തമായ സാ

ഹിത്യവാസനയും, പദവിന്യാസവും പ്രതിപാദനരീതിയും സംരക്ഷിച്ചിരുന്നുവെന്നു അവർ രചിച്ചിരുന്ന വേദപുസ്തകം തന്നെ സാക്ഷിക്കുന്നുണ്ടു്.

ദൈവം ഓരോ വാക്കും പറഞ്ഞുകൊടുത്തു എഴുതിക്കുകയാണു ചെയ്തിരുന്നതെങ്കിൽ ഗ്രന്ഥരചനയിൽ എഴുത്തുകാരുടെ സ്വന്തമായ പരിശ്രമത്തിനും അദ്ധ്വാനത്തിനും സ്ഥാനമില്ലായിരുന്നു. എന്നാൽ ഗ്രന്ഥങ്ങളുടെ രചനയിൽ തങ്ങൾ ബുദ്ധിമുട്ടുകയും അദ്ധ്വാനിക്കുകയും ചെയ്തുവെന്നു ചില ഗ്രന്ഥകാരന്മാർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. സിറിയായിലെ ജയിസൻെറ (Jason of Cyrene) അഞ്ചു പുസ്തകങ്ങൾ സംഗ്രഹിച്ചെഴുതുക എന്നതു പ്രയാസകരവും വളരെ ശ്രദ്ധയും അദ്ധ്വാനവും ആവശ്യപ്പെടുന്നതുമായ ഒരു കാര്യമായിരുന്നുവെന്നു മക്കബായക്കാർ രണ്ടാം പുസ്തകത്തിൻെറ ഗ്രന്ഥകർത്താവു പ്രസ്താവിച്ചിരിക്കുന്നു. (2 മക്ക: 2: 27.)

"എല്ലാത്തിലും ഞാൻ ശ്രദ്ധയോടെ അടുത്തു സംബന്ധിച്ചിരിക്കുക നിമിത്തം എല്ലാം അതിൻെറ ക്രമമനുസരിച്ചു നിനക്കുവേണ്ടി എഴുതുവാൻ എനിക്കും തോന്നിയിരിക്കുന്നു." (ലൂ. 1:3) അതായതു് വി: ലൂക്കാ തൻെറ സുവിശേഷം എഴുതുന്നതിനു മുമ്പു് വസ്തുതകളും കണക്കുകളും ശേഖരിച്ചു് സമഗ്രമായി പഠിച്ചു വിശകലനം ചെയ്തു.

സഭാപിതാക്കന്മാർ വേദപുസ്തകത്തിൻെറ രചയിതാക്കളെ പരിശുദ്ധാത്മാവിൻെറ "തൂലിക"യെന്നും "സെക്രട്ടറി"മാരെന്നും പറഞ്ഞിരുന്നതു ദൈവം ആഗ്രഹിച്ചവമാത്രം അവർ രേഖപ്പെടുത്തി, മറെറാന്നും രേഖപ്പെടുത്തിയില്ല എന്നുള്ള അർത്ഥത്തിലാണു്.

### ദൈവികപ്രവർത്തനം ബുദ്ധിയിൽ

"അവർ ശരിയായി ഗ്രഹിക്കുകയും........." പുതിയ ആശയങ്ങളുടെ സ്വീകരണവും എഴുത്തുകാരൻെറ മനസ്സിൽ നേരത്തെ തന്നെയുണ്ടായിരുന്ന ആശയങ്ങളെപ്പററിയുള്ള വിധിയും (Judgement) തമ്മിൽ വിവേചിച്ചറിയേണ്ടതാണു്. ആദ്യത്തേതു വെളിപാടിൻെറ അവശ്യഘടകമായിരിക്കുന്നു. എന്നാൽ യഥാർത്ഥമായ എല്ലാ പ്രവചനത്തിലും മറെറാരു ഘടകവും കൂടിയുണ്ടു്. അതായതു വെളിപാടുവഴിയോ, സ്വാഭാവിക മാർഗ്ഗങ്ങൾ മൂലമൊ

ലബ്ധമായിരിക്കുന്ന ആശയങ്ങളെക്കുറിച്ചുള്ള ദൈവപ്രചോദിതമായ വിധി അഥവാ നിർണ്ണയം. സൃഷ്ടിയുടെ പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ ഫറവോൻ എന്താണു ചെയ്യേണ്ടതെന്നു ദൈവം ഒരു സ്വപ്നം മൂലം അയാൾക്കു വെളിപ്പെടുത്തി. എന്നാൽ സ്വപ്നം വ്യാഖ്യാനിക്കുന്നതിനുള്ള വരം നല്കപ്പെട്ടതു യൗസേപ്പിനായിരുന്നു. യൗസേപ്പാകട്ടെ ഒരു പ്രവാചകനായിരുന്നു. എന്നാൽ ഫറവോൻ ഒരു പ്രവാചകനല്ലായിരുന്നു. ആകയാൽ വേദപുസ്തകത്തിന്റെ ദൈവനിവേശനത്തിലെ ഏററം ആവശ്യമായ അറിവ് മററുള്ളവക്കുവേണ്ടി രേഖപ്പെടുത്തണമെന്നു ദൈവം ആഗ്രഹിക്കുന്ന സത്യങ്ങളെപ്പററിയുള്ള അതിസ്വാഭാവികമായ വിധി അല്ലെങ്കിൽ നിർണ്ണയം ആയിരിക്കുന്നു. പല സത്യങ്ങളും അഥവാ എല്ലാ സത്യങ്ങളും എഴുത്തുകാരൻ സ്വാഭാവികമാർഗ്ഗങ്ങളിൽ കൂടിയും സ്വാഭാവികരീതിയിലും സമ്പാദിച്ചു എന്നു വരാവുന്നതാണു്. ബുദ്ധിയെ സംബന്ധിച്ചു പറയുമ്പോൾ,ചില കാര്യങ്ങൾ സംശയരഹിതമായി രേഖപ്പെടുത്തേണ്ടതാണെന്നു് വിധിക്കുന്നതിനു ഗ്രന്ഥകാരന്മാരുടെ ബുദ്ധിയെ ഉന്നമിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഒരു ദൈവിക പ്രകാശമാണ് നിവേശനം. എഴുതപ്പെടേണ്ടതായ കാര്യങ്ങളെപ്പററിയുള്ള പ്രായോഗികമായ നിർണ്ണയമാണു ദൈവനിവേശിതമായ ബുദ്ധിയുടെ മുഖ്യമായ പ്രവൃത്തി.

ഇനി വേറൊരു പ്രശ്നമുണ്ട്. ദൈവനിവേശിതരായ എഴുത്തുകാക്ക് തങ്ങളുടെ സ്വന്തം ദൈവനിവേശനത്തെപ്പററി എത്രകണ്ടു ബോധമുള്ളവരായിരുന്നു? കൂടുതൽ തെളിവുകളുടെ അഭാവത്തിൽ ഖണ്ഡിതമായ ഒരു മറുപടി സാധ്യമല്ല. താൻ ദൈവനിവേശിതനാണെന്നുള്ള ബോധം എഴുത്തുകാരനുണ്ടായിരിക്കണമെന്നുള്ളതു നിർബന്ധപൂർവ്വകമായ ഒരു കാര്യവുമല്ല. എഴുത്തുകാരനു തന്നിൽ പ്രവത്തിക്കുന്ന ദൈവികപ്രേരണയെപ്പററി ഏതാണ്ടു പൊതുവായ ഒരു അറിവുണ്ടായിരുന്നുവെന്നതാണു് ദൈവശാസ്ത്രജ്ഞന്മാരുടെ പൊതുവായ അഭിപ്രായം. പ്രവാചകന്മാരും വെളിപാടിന്റെ ഗ്രന്ഥകത്താവും തങ്ങളുടെ തൂലിക ദൈവത്തിന്റെ അരൂപിയാൽ നയിക്കപ്പെട്ടുവെന്നു പറയുന്നുവെങ്കിൽ വി: ലിഖിതങ്ങളുടെ ഇതര എഴുത്തുകാരും "അജ്ഞാതമായ അഥവാ, ദുർഗ്രഹമായ ഏതോ നിഗൂഢചൈതന്യത്താൽ" നി

യന്ത്രിക്കപ്പെട്ടിരിക്കുന്നുവെന്നു കരുതാവുന്നതാണ്. എന്നാൽ എഴുത്തുകാർ തങ്ങൾ എഴുതിയിരിക്കുന്ന കാര്യങ്ങളുടെ ആഴവും പ്രാധാന്യവും പലപ്പോഴും പൂർണ്ണമായി ഗ്രഹിച്ചിരുന്നില്ലായെന്ന് അനുമാനിക്കുന്നതിൽ തെററില്ല.

ദൈവനിവേശനം മനുഷ്യമനസ്സിൽ

"വിശ്വസ്തതയോടെ എഴുതുവാൻ മനസ്സാകുകയും........."

എഴുത്തുകാർക്ക് പ്രദാനം ചെയ്യപ്പെട്ട പ്രചോദനം ഫലവത്തായിരുന്നു. അത് അവരുടെ സ്വാതന്ത്ര്യത്തെ നശിപ്പിച്ചില്ല. ദൈവിക പ്രേരണവഴി ഗ്രഹിച്ച കാര്യങ്ങളെ തക്കവിധത്തിൽ അപ്രമാദമായ സത്യത്തോടെ രേഖപ്പെടുത്തുവാൻ പ്രേരിപ്പിച്ചു. മനസ്സിനു ലഭിച്ച പ്രചോദനം രചനയുടെ ആദ്യന്തം ഉണ്ടായിരുന്നു."

നിവേശനം എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിനു ഭംഗം വരുത്തുന്നില്ല. അതേസമയം ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ മാത്രമേ അദ്ദേഹം രേഖപ്പെടുത്തുകയും ചെയ്യുന്നുള്ളു. അതു മുഴവനും രേഖപ്പെടുത്തുകയും ചെയ്യും. ഇതു ശരിയാണെങ്കിൽ എങ്ങനെയാണു എഴുത്തുകാരന്റെ സ്വാതന്ത്ര്യം അഭംഗമായി സംരക്ഷിക്കപ്പെടുന്നതു എന്നൊരു ചോദ്യം ഇവിടെ ഉണ്ടാകാവുന്നതാണ്. സ്വാഭാവിക ക്രമങ്ങളിൽ ദൈവം അതിസ്വാഭാവികമായി പ്രവർത്തിക്കുമ്പോൾ സ്വാഭാവിക നിയമങ്ങളെ ആദരിക്കുക എന്നതും ദൈവത്തിന്റെ ഒരു ക്രമമാകുന്നു.

താത്വികമായി പറയുമ്പോൾ തിരസ്കരിക്കുന്നതിനുള്ള കഴിവിനെ മനുഷ്യനിൽ നിന്നു എടുത്തുകളയുവാൻ ദൈവത്തിനു കഴിവുണ്ട്. അഥവാ മനുഷ്യന്റെ സമ്മതം വാങ്ങുവാൻ ദൈവത്തിനു യാതൊരു പ്രയാസവുമില്ല. ഉപകരണത്തിന്റെ സ്വാതന്ത്ര്യബോധത്തെ ദൈവം ബഹുമാനിക്കുമെന്നുള്ളതു തീർച്ചയാണ്. നിയമവിധേയത്വത്തിലാണല്ലോ സ്വാതന്ത്ര്യത്തിന്റെ സാരാംശം അടങ്ങിയിരിക്കുന്നത്. നിയമദാതാവായ ദൈവത്തിന്റെ പ്രചോദനത്തിനു മനുഷ്യബുദ്ധിയും മനസ്സും വിധേയമായി പ്രവർത്തിക്കുന്നതുകൊണ്ട് സ്വാതന്ത്ര്യമില്ലെന്നു പറയുവാൻ നിവൃത്തിയില്ല. തെററു രേഖപ്പെടുത്തുവാൻ അനുവദിക്കുന്നില്ലെങ്കിൽ അതൊരു പാരതന്ത്ര്യമായി മനുഷ്യൻ വിചാരിക്കേണ്ടതുമില്ല.

C. നിവേശനം വി: ഗ്രന്ഥത്തിൽ

പ്രധാന കാരണത്തിന്റേയും നിമിത്തകാരണത്തിന്റേയും അടിസ്ഥാനത്തിൽ വേദപുസ്തകത്തിന്റെ കർത്താവു് ആരാകുന്നു

എന്ന ചോദ്യത്തിനുള്ള ഉത്തരം ഇതാണ്; ദൈവവും മനുഷ്യനും; ദൈവം പുസ്തകം മുഴുവന്റേയും കർത്താവാകുന്നു. മനുഷ്യനും പുസ്തകം മുഴുവൻേറയും കർത്താവാകുന്നു. ഏതാനും ഭാഗങ്ങൾ ദൈവത്തിൻേറതു്, ഏതാനും ഭാഗങ്ങൾമനുഷ്യൻേറതു്, എന്നുള്ള പ്രശ്നം തന്നെ ഇവിടെ ഇല്ല. മുഖ്യകാരണം എന്ന നിലയിൽ ദൈവം വേദപുസ്തകം മുഴുവൻേറയും കർത്താവാകുന്നു. ഉപകരണം എന്ന നിലയിൽ മനുഷ്യൻ വേദപുസ്തകം മുഴുവൻേറയും കർത്താവാകുന്നു.

സാനക്കിയായുടെ (Zanecchias) നിർവചനത്തിൽ ദൈവനിവേശനത്തിന്റെ സ്വഭാവത്തെപ്പററിയുള്ള സിദ്ധാന്തങ്ങൾ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. "ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ, അവിടുന്നു ആഗ്രഹിക്കുന്നവിധം, സഭയുടെ നന്മയ്ക്കും പ്രയോജനത്തിനും വേണ്ടി രേഖപ്പെടുത്തുന്നതിനു മനുഷ്യരുടെ കഴിവുകളെ ഉയർത്തുകയും, ഇളക്കുകയും ചെയ്യുന്ന ദൈവികവും വസ്തുനിഷ്ഠവും (physical) അതിസ്വാഭാവികവുമായ ഒരന്തഃപ്രവാഹമാണു്, (Inflex) ദൈവനിവേശനം."

വി: ലിഖിതങ്ങളുടെ കർത്താവു് ദൈവമാണെന്നു വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. വി: ലിഖിതങ്ങൾ ദൃശ്യമാംവിധം ദൈവത്തോടുള്ള വിധേയത്വത്തിൽ മനുഷ്യരാൽ വിരചിക്കപ്പെട്ടവെന്നു പാരമ്പര്യവും സാക്ഷിക്കുന്നു. ഗ്രന്ഥകർതൃത്വത്തിൻേറ ദ്വൈത്വസിദ്ധാന്തം പ്രധാനകാരണവും നിമിത്ത കാരണവും തമ്മിലുള്ള ബന്ധത്തിൻേറ വശദീകരണം കൊണ്ടു് തെളിയിക്കപ്പെട്ടു. "ഒരു കാര്യം ദൈവത്തിലും അതേസമയംതന്നെ സ്വാഭാവിക കാരണത്തിലും ആരോപിക്കപ്പെടുന്നതു, ഒരു ഭാഗം ദൈവത്താലും ഒരു ഭാഗം സ്വാഭാവിക കാരണത്താലും ഉല്പാദിപ്പിക്കപ്പെട്ടിട്ടുള്ളതുകൊണ്ടല്ല, പ്രത്യുത മുഴുവൻ കാര്യവും ഓരോന്നിൽ നിന്നു്, എന്നാൽ വ്യത്യസ്തമായ രീതിയിൽ ഉത്ഭവിക്കുന്നതു കൊണ്ടാണു്." വി: തോമ്മാമല്ലാൻ.

## നിവേശനത്തിൻേറ വ്യാപ്തി

പഴയനിയമത്തിലേയും പുതിയനിയമത്തിലേയും കാനോനികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളും ദൈവനിവേശിതമാണെന്നു പറഞ്ഞു കഴിഞ്ഞു. എന്നാൽ ഒരു കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. അതായതു് കത്തോലിക്കാ പ്രബോധനമനുസരിച്ചു് എല്ലാ വി:ലിഖിതങ്ങളും

"നിവേശിതങ്ങളായിരുന്നുവെന്നു മാത്രമല്ല അവയുടെ പ്രമാണയുക്തമായ, വിശ്വാസയോഗ്യമായ ഉള്ളടക്കം മുഴുവനും (all the authentic contents) ദൈവനിവേശിതമായിരിക്കുന്നു." എല്ലാ വി: ലിഖിതങ്ങളും മുഴുവനായും പൂർണ്ണമായും അവയുടെ എല്ലാ ഭാഗങ്ങളോടു കൂടിയും, ദൈവനിവേശനത്താൽ എഴുതപ്പെട്ടവയാകയാൽ വിശുദ്ധവും കാതോലികവുമായി സ്വീകരിക്കപ്പെടേണ്ടതാണ് എന്നു ത്രന്തോസു് സൂനഹദോസും വത്തിക്കാൻ സൂനഹദോസും പ്രഖ്യാപനം ചെയ്തിരിക്കുന്നു.

ഈശ്വരപ്രേരണ വേദപുസ്തകത്തിൻെറ ഏതാനും ഭാഗത്തെ മാത്രമേ ബാധിക്കുകയുള്ളു എന്നോ, വി: ഗ്രന്ഥകാരനു തെററിപ്പോയി എന്നൊ പറയുന്നതു പരമാബദ്ധവും നിയമവിരുദ്ധവുമാകുന്നു." ലെയോ xiii.

"ഈശ്വരപ്രേരണ വിശ്വാസത്തേയും സദാചാരത്തേയും അല്ലാതെ മറെറാന്നിനേയും സംബന്ധിക്കുന്നില്ല എന്നു സമ്മതിക്കുവാൻ മടിക്കാത്ത ഒരു കൂട്ടരുണ്ടു്. (അവരുടെ അബദ്ധധാരണപ്രകാരം) ഒരുഭാഗം തെറേറാ ശരിയോ എന്ന ചോദ്യത്തിൽ ദൈവം അരുളിച്ചെയ്തതു് എന്താകുന്നു എന്നതിനെക്കാൾ അതു് അരുളിച്ചെയ്തപ്പോൾ അവിടുത്തെ മനസ്സിലുണ്ടായിരുന്ന ഉദ്ദേശ്യമാകുന്നു നാം ആലോചിക്കേണ്ടതു്. ഈ വാദം അനുവദനീയമല്ല. എന്തുകൊണ്ടെന്നാൽ പരിശുദ്ധവും കാതോലികവുമായി സഭ സ്വീകരിച്ചിട്ടുള്ള സകല പുസ്തകങ്ങളും അവയുടെ എല്ലാ ഭാഗങ്ങളും ഉൾപ്പെടെ മുഴുവനായും പൂർണ്ണമായും പരിശുദ്ധാത്മാവു് അരുളിച്ചെയ്തു എഴുതിച്ചിട്ടുള്ളതാണ്." ലെയോ xiii Providentissimus Deus.

നിവേശിതഗ്രന്ഥങ്ങളെപ്പററി സഭാപിതാക്കന്മാരുടേയും വേദപാരംഗതന്മാരുടേയും പ്രബോധനം ഇതുതന്നെയായിരുന്നു. വേദപുസ്തകത്തിൽ നിവേശിതഭാഗങ്ങൾ എന്നും നിവേശിതമല്ലാത്ത ഭാഗങ്ങൾ എന്നും ഉള്ള വിവേചനം അവരുടെ ഇടയിൽ അജ്ഞാതമായിരുന്നു. കൂടാതെ നിവേശനത്തിൻെറ സ്വഭാവത്തിൽ നിന്നുതന്നെ ഈ തത്വം തെളിയുന്നുണ്ടു്.

### അനുപദ നിവേശനം (Verbal inspiration)

കേവലം യാന്ത്രികമായ (mechanical) കഥനം സ്വീകാര്യമല്ലെന്നു തെളിയിച്ചു കഴിഞ്ഞു. ഇനി ഗ്രന്ഥകർത്താവിൻെറ

പ്രതിപാദനക്രമം, സാഹിത്യരീതി, വ്യക്തിപരമായ അദ്ധ്വാനം എന്നിവയ്ക്കുള്ള സ്വാതന്ത്ര്യവുമായി പൊരുത്തപ്പെട്ടു പോകയില്ല. എഴുത്തുകാരുടെ കഴിവുകളെ ഉന്നമിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന ദൈവികശക്തി പുസ്തകത്തിന്റെ രചനയേയും ബാധിക്കുന്നു എന്ന അർത്ഥത്തിലാണ് അനുപദനിവേശനം വിക്ഷിക്കപ്പെട്ടിരിക്കുന്നതെങ്കിൽ അതു കൂടുതൽ യുക്തിപൂർവകമായിരിക്കും. പരിശുദ്ധാത്മാവിന്റെ നിവേശനം കൊണ്ട് എഴുതപ്പെട്ടവയാകയാൽ അവയുടെ ഗ്രന്ഥകർത്താവും ദൈവമായിരിക്കുന്നുവെന്നുള്ള വത്തിക്കാൻ കൗൺസിലിന്റെ വാക്കുകളോടും 'പരിശുദ്ധാത്മാവു മനുഷ്യരെ തന്റെ ഉപകരണമായി പ്രയോഗിച്ചുകൊണ്ട്'' എന്നുള്ള ലെയോ പതിമൂന്നാമന്റെ വാക്കുകളോടും ഇതു കൂടുതൽ പൊരുത്തപ്പെട്ടുപോകുന്നു. കാര്യം മുഴുവനായി മുഖ്യകാരണത്തിലും ഉപകരണത്തിലും ആരോപിക്കപ്പെടണമെന്ന തത്വത്തിനും ഇതു യോജിച്ചതുതന്നെ. വീണ്ടും ആശയങ്ങളും അവയെ ദ്യോതിപ്പിക്കുന്ന വാക്കുകളും തമ്മിൽ ഗാഢമായ ബന്ധമുണ്ട്. തന്മൂലം വാക്കുകളെ കൂടാതെ നിവേശനം ആശയത്തെ മാത്രം ബാധിക്കുന്നതെങ്ങനെ എന്നു മനസ്സിലാക്കുന്നതും പ്രയാസകരമായിരിക്കുന്നു. ഈ പ്രയാസങ്ങളെ തരണം ചെയ്യുന്നതിനു പൂർണ്ണനിവേശനം (Plenary inspiration) എന്നൊരു സിദ്ധാന്തം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ സിദ്ധാന്തത്തെപ്പററി സഭ ഔദ്യോഗികമായി ഒന്നും തന്നെ പ്രസ്താവിച്ചിട്ടില്ല.

## നിവേശനത്തിന്റെ ഫലം

വേദപുസ്തകം തെററുകളിൽ നിന്നും അബദ്ധങ്ങളിൽ നിന്നും പൂർണ്ണമാം വിധം വിമുക്തമാകുന്നു എന്നുള്ളതാണു നിവേശനത്തിന്റെ അവശ്യഫലം. വി. ഗ്രന്ഥകാരനു തെററു പററിയെന്നു പറയുന്നതു പരമാബദ്ധവും നിയമവിരുദ്ധവുമാകുന്നു എന്നുള്ള പതിമൂന്നാം ലെയോയുടെ വാക്കുകൾ നേരത്തെതന്നെ ഉദ്ധരിച്ചിട്ടുണ്ട്. "വി. ലിഖിതങ്ങളിൽ മാററം ഭവിച്ചിട്ടില്ലാത്ത ഏതെങ്കിലും ഭാഗത്തു തെററുവരാമെന്നു പറയുന്നവർ ദൈവനിവേശനത്തെ സംബന്ധിച്ചുള്ള സഭയുടെ ബോധനത്തെ വഷളാക്കുകയോ, ദൈവത്തെ അബദ്ധത്തിന്റെ കാരണക്കാരനാക്കുകയോ ആണു ചെയ്യുന്നതു്." ലെയോ xiii.

വി. ഗ്രന്ഥങ്ങളുടെ ദൈവനിവേശിതത്വവും അപ്രമാദിത്വവും (inerrancy) മൂലകൃതികൾക്കു മാത്രമെയുള്ളു. അവയുടെ വിവൎത്തനങ്ങൾക്കും വിവൎത്തകന്മാൎക്കും ഈ ഗുണങ്ങൾ അവകാശപ്പെടാവുന്നതല്ല.

"വേദപുസ്തകത്തിന്റെ പകൎപ്പെഴുത്തുകാൎക്കു പകൎപ്പെഴുത്തിൽ വല്ലതെറ്റും വന്നിട്ടുണ്ടായിരിക്കാം. ഇങ്ങനെ ഒരു സംശയം ജനിക്കുമ്പോൾ അതിന്റെ ന്യായങ്ങൾ നല്ലവണ്ണം ആലോചിച്ചു നോക്കേണ്ടതാണ്. സ്പഷ്ടമായ തെളിവുള്ള ഭാഗങ്ങളിലല്ലാതെ അത്ര എളുപ്പം ഈ സംഗതി സമ്മതിക്കേണ്ടതല്ല." ലെയൊ xiii.

വി. ലിഖിതങ്ങൾ വി. ഗ്രന്ഥകാരന്മാരിൽ നിന്നു നമുക്കു ലഭിച്ച രീതിയിൽ അബദ്ധത്തിൽനിന്നു പൂൎണ്ണമായി വിമുക്തമാകണമെന്നുള്ളതിൽ സകല പിതാക്കന്മാരും മല്പാന്മാരും ഏകാഭിപ്രായക്കാരാണ്. പുണ്യാത്മാവായ ഈറാനിമ്മോസിനു വി. ആഗുസ്തിനോസു് എഴുതിയതു് അവർ പഠിപ്പിച്ചതിന്റെ രത്നച്ചുരുക്കമാണ്. "വേദപുസ്തകങ്ങളിലെ കാനോനികങ്ങൾ എന്നു ഇക്കാലത്തു് വിളിക്കപ്പെടുന്ന ഗ്രന്ഥങ്ങൾക്കു മാത്രമേ, അവയുടെ രചയിതാക്കളിൽ ആരും യാതൊരു തെററിലും ഉൾപ്പെട്ടിട്ടില്ല എന്നു ദൃഢമായി വിശ്വസിക്കത്തക്ക ബഹുമാനവും വണക്കവും നല്കുന്നതിനു ഞാൻ പഠിച്ചിട്ടുള്ളു എന്നു് എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഏററു പറഞ്ഞുകൊള്ളുന്നു. സത്യത്തിനു വിരുദ്ധമായി തോന്നുന്ന വല്ലതും ഈ പുസ്തകങ്ങളിൽ ഞാൻ കാണുന്ന പക്ഷം വാക്യം ശരിയല്ലെന്നോ, വിവൎത്തകൻ ആ ഭാഗത്തിന്റെ അൎത്ഥം വിശദമാക്കിയില്ലെന്നോ, എനിക്കു തന്നെ അതു മനസ്സിലായിട്ടില്ലെന്നോ, തീൎച്ചയാക്കുന്നതിനു ഞാൻ സംശയിക്കുന്നില്ല."

## വേദപുസ്തകത്തിന്റെ അപ്രമാദമായ സത്യം

വി: ഗ്രന്ഥം ഉൾക്കൊള്ളുന്ന എല്ലാ കാര്യങ്ങളുടേയും അപ്രമാദമായ സത്യമാണ് ദൈവനിവേശനത്തിന്റെ പ്രധാന പരിണത ഫലമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ഈ പ്രബോധനത്തിനു എതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾക്കു മുഴുവനായി മറുപടി പറയുന്നതിനു സ്ഥലപരിമിതി ഇവിടെ അ

നുവദിക്കുന്നില്ല. എന്നാൽ ആരോപണങ്ങൾ ദൈവനിവേശന ത്തെ ചോദ്യം ചെയ്യുന്നതാകയാൽ അവയ്ക്കു മറുപടി പറയുന്നതി നു സഹായിക്കുന്ന ചില പൊതുതത്വങ്ങളും നിർദ്ദേശങ്ങളും ഇ വിടെ ചേർക്കുന്നു. പ്രകൃതിശാസ്ത്രത്തോടു പൊരുത്തപ്പെടുത്തുവാൻ കഴിയാത്ത ചില ഭാഗങ്ങൾ വേദപുസ്തകത്തിലുണ്ടു് എന്നതു് ഉ പരിവിമർശകരുടെ പ്രധാനപ്പെട്ട ഒരാരോപണമാണു്. ഇതിനു ള്ള സമാധാനമെന്തെന്നു പരിശോധിക്കാം.

ഗ്രന്ഥകാരൻെറ ഭാഷാരീതി, പ്രതിപാദനക്രമം, മാനസിക വ്യക്തിത്വം എന്നിവയ്ക്കു നിവേശനം വിഘാതമായി നില്ക്കുന്നി ല്ല എന്നു മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണു്. തന്മൂലം തങ്ങൾ ജീവി ച്ചിരുന്ന കാലത്തെ അറിവും ജനകീയ വീക്ഷണഗതിയും അനു സരിച്ചു് പ്രകൃതിശാസ്ത്രവിഷയങ്ങളെ പരാമർശിക്കുന്നതിനു് അ വരെ നിവേശനം തടയുന്നില്ല.

ഒരു കാര്യം ഇവിടെ പ്രത്യേകം അനുസ്മരിക്കേണ്ടിയിരി ക്കുന്നു. ഓരോ ശാസ്ത്രവും അതിൻെറ പരിധിയിൽ നില്ക്കേണ്ട താണു്. വേദശാസ്ത്രം തത്വശാസ്ത്രത്തിൻെറ പരിധിയിലും തത്വ ശാസ്ത്രം വേദശാസ്ത്രത്തിൻെറ പരിധിയിലും കൈകടത്തരുതു്. വി: ഗ്രന്ഥകാരന്മാർ—കുറെക്കൂടി ശരിയായി പറഞ്ഞാൽ അ വർ വഴി സംസാരിച്ച പരിശുദ്ധാത്മാവു്— "നിത്യരക്ഷക്കു ഒ രു വിധത്തിലും പ്രയോജനമില്ലാത്ത ദൃശ്യലോകത്തിൻെറ പ്രകൃ തി സത്തയെപ്പററി മനുഷ്യരെ പഠിപ്പിക്കുവാൻ കരുതിയിരു ന്നില്ല" എന്നു് ഒന്നാമതായി നാം ഓർമ്മിക്കേണ്ടതാണു്. അ തുകൊണ്ടു പ്രകൃതിരഹസ്യങ്ങളുടെ ഉള്ളിലേക്കു കടക്കുവാൻ അ വർ ശ്രമിച്ചില്ല. പ്രത്യുത രൂപകാർത്ഥത്തിലാകട്ടെ, അക്കാല ത്ത് സാമാന്യം പ്രയോഗത്തിലിരുന്നതൊ, ആധുനികകാലത്തു് ശാസ്ത്രകോവിദന്മാർ പോലും പ്രതിദിനമെന്നകണക്കെ പല പ്പോഴും പ്രയോഗിക്കാറുള്ളതോ ആയ പദങ്ങളിലാകട്ടെ സംഗതി കൾ ചിലപ്പോഴെല്ലാം വർണ്ണിക്കുകയും പ്രതിപാദിക്കുകയും ചെ യ്തതേയുള്ളു. സാധാരണ സംസാരം, ഇന്ദ്രിയങ്ങൾക്കു വിഷയീഭ വിപ്പിക്കുന്നവയെയാണു മുഖ്യമായും ശരിയായും കാണിക്കുന്നതു് മാലാഖൊയ്ക്കൂട്ടത്ത മല്ലാൻ നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ വി. ഗ്രന്ഥകാരന്മാരും "ഇന്ദ്രിയങ്ങൾക്കു വിഷയീഭവിച്ചതനു സരിച്ചു് ഒട്ടെല്ലാം പ്രതിപാദിച്ചു" അഥവാ ദൈവം മനുഷ്യരോ

ട സംസാരിതയിൽ അവക്ക ഗ്രഹിക്കത്തക്കവിധത്തിലും അവർ ശീലിച്ചിരുന്നതു പോലെയും സൂചിപ്പിച്ചവയെ അവർ രേഖപ്പെടുത്തി." ലെയൊ xiii.

"വിശ്വാസം യുക്തിക്കു മേല്പെട്ടതാണെങ്കിലും അവ തമ്മിൽ ഒരിക്കലും യഥാൎത്ഥമായ വിഭിന്നതയോ വിയോജിപ്പോ ഉണ്ടായിരിക്കുക സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ഇവ രണ്ടിന്റേയും ഉറവിടം ഒന്നായിരിക്കുന്നു. അതായതു് മാററമില്ലാത്തതും നിത്യസത്യവുമായ ദൈവം" പീയൂസ് IX. ക്വി പ്ളൂറിബുസ്.

മററുപ്രകാരത്തിൽ പറഞ്ഞാൽ "വേദപുസ്തകത്തിന്റെ ഖണ്ഡിതമായ അർത്ഥവും പ്രകൃതിശാസ്ത്രത്തിന്റെ ഖണ്ഡിതമായ നിഗമനങ്ങളും തമ്മിൽ യഥാർത്ഥമായ വൈരുദ്ധ്യം ഉണ്ടായിരിക്കുക സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ഇവയെല്ലാം പ്രവൎത്തിക്കുന്നതു് ഒരേ ആത്മാവുതന്നെയായിരിക്കുന്നു". 2 കൊറി. 12:11.

വേദപുസ്തകത്തിലെ ചരിത്രപരമായ വിവരണങ്ങൾ യഥാർത്ഥ സത്യങ്ങൾ ഉൾക്കൊള്ളേണ്ടതാണു്. എന്നാൽ വസ്തുതകളുടേയും സംഭവങ്ങളുടേയും വേദപുസ്തക വിവരണങ്ങൾ അഥവാ സംഭാഷണങ്ങളുടേയും പ്രഭാഷണങ്ങളുടെയും റിപ്പോർട്ടുകൾ പലപ്പോഴും താരതമ്യേന മാത്രമാണു പൂൎണ്ണമായിരിക്കുന്നതു്. ചിലപ്പോൾ സംഭവം മുഴുവൻ വിവരിക്കപ്പെട്ടില്ല അഥവാ പ്രഭാഷണം മുഴുവൻ ഉദ്ധരിക്കപ്പെട്ടില്ല എന്നു വരാം. അഥവാ സംഭവത്തിന്റെ ഒരു വശം മാത്രം പ്രതിപാദിക്കപ്പെടുകയും മററു ഭാഗങ്ങൾ തിരസ്ക്കരിക്കപ്പെടുകയും ചെയ്യുവെന്നു വരാം. വേദപുസ്തകത്തിലെ ചില പ്രസ്താവനകൾ തമ്മിൽ യഥാർത്ഥത്തിൽ യോജിപ്പുണ്ടായിരിക്കെ, വൈരുദ്ധ്യം ഉണ്ടെന്നുതോന്നുന്നതിന്റെ കാരണം ഇതാണു്; കൂടാതെ വേദപുസ്തകരചയിതാക്കളുടെ ലക്ഷ്യം ഒരു ചരിത്രഗ്രന്ഥം നിൎമ്മിക്കണമെന്നല്ലായിരുന്നു.

### അശ്ലീലങ്ങളായ ചില വിവരണങ്ങൾ വേദപുസ്തകത്തിൽ കാണുന്നു. ദൈവനിവേശിത ഗ്രന്ഥത്തിൽ ഇതു സാദ്ധ്യമോ?

നടന്നിട്ടുള്ള യഥാർത്ഥ സംഭവങ്ങൾ രേഖപ്പെടുത്തുക മാത്രമാണു ചെയ്തിരിക്കുന്നതു്. അസാന്മാൎഗ്ഗിക ജീവിതത്തിന്റെ ദുരന്തഫലങ്ങൾ കാണിക്കുന്നതിനു അസാന്മാൎഗ്ഗിക ജീവിതംതന്നെ രേഖപ്പെടുത്തേണ്ടതായി വരും. ആകയാൽ മേൽവിവരിച്ച പ്ര

ശ്നം ദൈവനിവേശനത്തെ സ്പർശിക്കുകയില്ല.

ശാപവചനങ്ങളെ ഉൾക്കൊള്ളുന്ന വേദപുസ്തകം ദൈവനിവേശിതമാണോ?

ഉ: 1. പലപ്പോഴും ശാപവചനം ഒരാഗ്രഹമായിട്ടല്ല; ഒരു പ്രവചനമായിട്ടാണു നല്കുന്നതു്.

2. ദൈവത്തിന്റെ ശത്രുക്കളെന്നു പരിഗണിക്കപ്പെടുന്ന ആളുകളുടെ മേലാണു ചിലപ്പോൾ ശാപവചനം ഉച്ചരിക്കുന്നതു്.

3. ശത്രുക്കളിൽ നിന്നു രക്ഷപ്രാപിക്കുന്നതിന്നു് മററു മാർഗ്ഗമില്ലാതിരിക്കെ സംരക്ഷയ്ക്കായുള്ള ഒരു മാർഗ്ഗമായി ഇതു സ്വീകരിക്കപ്പെട്ടു.

വേദപുസ്തകത്തിൽ ഉൾക്കൊള്ളുന്ന എല്ലാകാര്യങ്ങളുടേയും സത്യാവസ്ഥ ഒരേ നിലയിലല്ല എന്ന കാര്യവും സ്മരിക്കേണ്ടതുണ്ടു്. ദൈവത്താലോ മാലാഖമാരാലോ പറയപ്പെട്ട എന്ന നിലയിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള വാക്കുകൾ നിവേശിതങ്ങളാണു്. തന്മൂലം അവ ദൈവവചനമാകുന്നു. താൻ ദൈവത്തിന്റെ നാമത്തിൽ സംസാരിച്ചു, അഥവാ വെളിപാടുമൂലമല്ലാതെ സ്വാഭാവികശക്തികൾകൊണ്ടു ഗ്രഹിക്കുവാൻ കഴിയാത്ത സത്യങ്ങളെ ഉദാ: പ്രവചനങ്ങൾ, ദൈവരഹസ്യങ്ങൾ വെളിപ്പെടുത്തി എന്ന നിലയിൽ എഴുതപ്പെട്ടിരിക്കുന്ന ഗ്രന്ഥകർത്താവിന്റെ വാക്കുകളും ദൈവനിവേശിതങ്ങളാകുന്നു. നിവേശിതരല്ലാത്ത ആളുകളുടേതായി ഉദ്ധരിക്കപ്പെടുന്ന വാക്കുകൾ ദൈവത്താലോ നിവേശിതഗ്രന്ഥകാരനാലോ അംഗീകരിക്കപ്പെടാത്തപക്ഷം യഥാർത്ഥങ്ങളോ അയഥാർത്ഥങ്ങളോ ആയിരിക്കാം. "യുക്തിപരമല്ലാത്ത വാദങ്ങൾക്കു്" ജോബ: 2:1. അവ വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്ന കാരണത്താൽ ദൈവികമായ അംഗീകാരം ലഭിക്കുകയില്ല. ഗ്രന്ഥകാരൻ ആവിഷ്ക്കരിച്ചിരിക്കുന്ന വിധം പ്രത്യേകം പരിശോധിക്കേണ്ടതാണു്. ജോബിന്റെ പുസ്തകത്തിൽ സത്യത്തെ കൂടുതൽ സ്പഷ്ടമാക്കുന്നതിനു സംഭാഷണവേളയിൽ തെററായ പ്രസ്താവനകൾ സ്വീകരിക്കപ്പെടുന്നതായി കാണുന്നു. അവസാനമായി ഗ്രന്ഥകർത്താവു തന്റെ സ്വന്തമായി അവതരിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളോ, വികാരങ്ങളോ, സംശയങ്ങളോ ദൈവികമോ അപ്രമാദമായ വിധം സത്യമോ അല്ല.

———X———

# പ്രസാദവരം

P. T. Chacko M. A. (ലൂവെയിൻ)

കത്തോലിക്കാസഭയെ ബാഹ്യമെന്നും ആന്തരികമെന്നും രണ്ടായി നമുക്കു വിഭജിക്കാം. അതിനു വസ്തുനിഷ്ടവും വ്യക്തിനിഷ്ടവുമായ രണ്ടു വശങ്ങളുണ്ട്. അതൊരാദർശവും വസ്തുതയുമാണു്. ബാഹ്യവീക്ഷണത്തിൽ സഭ നിർവഹിക്കുന്ന പ്രധാന ചുമതലകളാണു് തിരുക്കർമ്മങ്ങൾ, അദ്ധ്യാപനം, ധർമ്മസംഹിതയുടെ പരിരക്ഷണം, അധികാരവിനിയോഗം, സാംസ്കാരികരംഗത്തു് അതു ചെലുത്തുന്ന സ്വാധീനശക്തി എന്നിവ. ആന്തരികമണ്ഡലത്തിൽ അതു പ്രധാനമായി മൂന്നു തരത്തിലുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നു. ആദ്യത്തേതു് അസ്തിത്വപര (Existential) മാണു്. ഈ നിലയിൽ വിശ്വാസികൾ തമ്മിലുള്ള ഐക്യത്തെ അതു പരിരക്ഷിക്കുകയും അവർ തമ്മിലുള്ള പരസ്പര ബന്ധങ്ങളെ സഹായിക്കുകയും ചെയ്യുന്നു. രണ്ടാമത്തേതു് ആദർശപരമായ കർത്തവ്യമാണു്. Seheler തുടങ്ങിയ ചിന്തകന്മാരുടെ അഭിപ്രായത്തിൽ സ്നേഹവും ഉപവിയുമാണു് സഭയിലെ ഏററവും വലിയ ആദർശങ്ങൾ. മൂന്നാമതായി സഭ നിർവഹിക്കുന്ന പ്രധാന ചുമതല വിശുദ്ധീകരണമാണു്. അതു ജനതകളെ പഠിപ്പിക്കുക മാത്രമല്ല, അവരെ വിശുദ്ധരാക്കുക കൂടി ചെയ്യുന്നു. വരപ്രസാദജീവനാണു് വിശുദ്ധിയുടെ അടിസ്ഥാനവും ആണിക്കല്ലും.

## പ്രസാദവരത്തിൻെറ സ്വഭാവം

ദൈവം സർവ്വവ്യാപിയാണെന്നു് നാം വിശ്വസിക്കുന്നു. സാധാരണയായി ഈ സർവ്വവ്യാപിത്വം മൂന്നു വിധത്തിലാണു്— സാന്നിദ്ധ്യത്തിലൂടെയും സാരാംശത്തിലൂടെയും അധികാരത്തിലൂടെയും. ഒരു രാജാവു് തൻെറ സിംഹാസനത്തിൽ സന്നിഹിതനായിരിക്കുന്നു, തന്നിൽത്തന്നെ സാരാംശത്തിലൂടെയും തൻെറ രാജ്യത്തിൽ അധികാരത്തിലൂടെയും വ്യാപിച്ചിരിക്കുന്നു. ഇതുപോലെ തന്നെ ദൈവം സ്വന്തശക്തിയിലൂടെ എല്ലാസൃഷ്ടികളിലും വ്യാപിച്ചിരിക്കുന്നു. കാരണം എല്ലാം ദൈവത്തിനു വി

ധേയമത്രെ. ദൈവത്തിൻെറ മുമ്പിൽ എല്ലാവസ്തുക്കളും ഒരുപോലെ വ്യക്തങ്ങളും നഗ്നങ്ങളുമാകയാൽ അവയിലെല്ലാം ദൈവം തൻെറ സാന്നിദ്ധ്യംമൂലം വ്യാപിച്ചിരിക്കുന്നു. എല്ലായിടത്തും ദൈവംപൂർണ്ണനായും അവിഭക്തനായും വ്യാപിച്ചിരിക്കുന്നതിനാൽ എല്ലാത്തിലും ദൈവം സാരാംശത്തിലൂടെ വ്യാപിച്ചിരിക്കുന്നെന്നും നാം പറയുന്നു.

എന്നാൽ ആത്മീയ സൃഷ്ടി (spiritual creatures) കളിൽ മറെറാരുവിധത്തിൽകൂടി ദൈവസാന്നിദ്ധ്യമുണ്ട്. ഇതാണ് പ്രസാദവരം മുഖേനയുള്ള ദൈവസാന്നിദ്ധ്യം. നമ്മുടെ അറിവിന വിഷയമായ ഒരു വസ്തു നമ്മിൽ സ്ഥിതിചെയ്യുന്നതുപോലെയും നാമാഗ്രഹിക്കുന്ന ഒരു വസ്തു നമ്മുടെ മനസ്സിൽ സ്ഥിതിചെയ്യുന്നതുപോലെയുമാണ് വരപ്രസാദമുള്ള ഒരാത്മാവിൽ ദൈവം സ്ഥിതിചെയ്യുന്നത്. വരപ്രസാദമുള്ള ആത്മാവിൽ ജ്ഞാനത്തിന്റേയും സ്നേഹത്തിൻെറയും നേരിട്ടുള്ള വിഷയമായി ദൈവം സന്നിഹിതനായിരിക്കുന്നു.

വരപ്രസാദം വഴിയായി നാം ദൈവത്തെപ്പോലെ (similar to God–1 John 3-2)യായിത്തീരുന്നെന്ന് വി. ജോണും ദൈവസ്വഭാവത്തിൽ ഭാഗഭാക്കുകളായിത്തീരുന്നെന്ന് വി. പത്രോസും (2 Peter 1—4) പ്രസ്താവിക്കുന്നു. അറിയപ്പെടുന്ന ഒരു വസ്തു ഒരുവിധത്തിൽ അതിനെ അറിയുന്നവനിൽ സ്ഥിതിചെയ്യുന്നുണ്ട്. അറിയുന്ന മനസ്സും അറിയപ്പെടുന്ന വസ്തുവും വ്യതിരിക്തങ്ങളും വ്യവച്ഛേദിതങ്ങളും വ്യക്തങ്ങളുമായി സ്ഥിതിചെയ്തുകൊണ്ടുതന്നെ ഒരർത്ഥത്തിൽ ഒന്നായിത്തീരുന്നുണ്ട്. Cajetan പറയുന്നു "Cognitum habet esse intentionale in cognoscente ..........ut unum sit. ഈ അർത്ഥത്തിലാണ് വരപ്രസാദമുള്ളപ്പോൾ നാം ദൈവതുല്യരായിത്തീരുന്നെന്നു പറയുന്നത്.

മനുഷ്യൻ ദൈവച്ഛായയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നുള്ളസഭയുടെ പഠനവും വരപ്രസാദംമൂലം ദൈവവുമായിനമുക്കുണ്ടാകുന്ന തുല്യതയും തമ്മിൽ വ്യത്യാസമുണ്ട്. ഉത്പത്തിയുടെ പുസ്തകം ഒന്നാം അദ്ധ്യായം 26—ാം വാക്യത്തിലാണ് മനുഷ്യനിലുള്ള ദൈവച്ഛായയേപ്പററി ആദ്യമായി നാം വായിക്കുന്നത്. ദൈവത്തെപ്പോലെ ബുദ്ധിയും മനസ്സും സ്വാതന്ത്ര്യവും ആത്മീയത

യുമുള്ള ഒരു സൃഷ്ടിയെന്നാണു് ദൈവച്ഛായ എന്ന പ്രയോഗത്തിനു് അവിടെയുള്ള അർത്ഥം. പ്രസാദവരം മുഖേന ഈ ദൈവച്ഛായ നമ്മിൽ കുറേക്കൂടി ഉയർന്ന തരത്തിലുള്ള ഒന്നായിത്തീരുന്നു. പരിശുദ്ധ ത്രിത്വം നമ്മിൽ വസിക്കുന്ന ഒരവസ്ഥയാണല്ലോ പ്രസാദവരത്തിന്റെ അവസ്ഥ. ചുട്ടുപഴുത്തിരിക്കുന്ന ഇരുമ്പിനു് അഗ്നിയുമായുള്ള സാമ്യമാണു് പ്രസാദവരമുള്ള ഒരാത്മാവും ദൈവവും തമ്മിലുള്ളതെന്നു് ആത്മീയ ഗ്രന്ഥകാരന്മാർ പറയുന്നു. ദൈവച്ഛായ മൂന്നാമതൊരു വിധത്തിൽ നമ്മിലുണ്ടാകും. അതു സ്വർഗ്ഗത്തിൽവച്ചു് ദൈവത്തെ അഭിമുഖമായി കണ്ടാനന്ദിക്കുമ്പോഴാണു്. പ്രസാദവരം മുഖേന ഇതിനുള്ള കഴിവു നമുക്കു സിദ്ധിക്കുന്നു. ദൈവത്തെ അഭിമുഖമായി കാണുമ്പോൾ നമ്മുടെ മനസ്സും അതിന്റെ എല്ലാ കഴിവുകളും ദൈവവുമായി ഒരുവിധത്തിൽ യോജിക്കുന്നു—നമ്മുടെ സ്വന്തം വ്യക്തിത്വം നഷ്ടപ്പെടാതെതന്നെ. ഈ പരസ്പര ദർശനമാണു് നമ്മിലുള്ള ദൈവച്ഛായയുടെ പരമകോടി.

പ്രപഞ്ചത്തിൽ മനുഷ്യനൊഴികെയുള്ള ഇതര സൃഷ്ടികൾ അതായതു് വിശേഷബുദ്ധിയില്ലാത്ത സൃഷ്ടികളെ ദൈവത്തിന്റെ പ്രതിച്ഛായകളെന്നല്ല 'vestiges' അഥവാ അടയാളങ്ങളെന്നാണു് വിളിക്കേണ്ടതു്.

ഈശ്വരാന്വേഷിയായ ഒരു ജീവിയെന്നു് ചില ആധുനിക ചിന്തകന്മാർ മനുഷ്യനെ നിർവചിക്കാറുണ്ടു്. Capax Dei—ദൈവത്തെ പ്രാപിക്കുവാൻ കഴിവുള്ളവനാണു് മനുഷ്യനെന്നു് അക്വിനാസ്സ് പറഞ്ഞിരിക്കുന്നു. എന്നാൽ ഈ കഴിവു് ഒരു സാദ്ധ്യതയാണു്. സ്വന്തം ശക്തികൊണ്ടു് ഈശ്വരനെ പ്രാപിക്കുവാൻ നമുക്കു കഴിവില്ല. വിശ്വാസവും വരപ്രസാദവും ഇക്കാര്യത്തിൽ അത്യന്താപേക്ഷിതങ്ങളത്രെ. ആത്മാവും ഈശ്വരനും തമ്മിൽ നടക്കുന്ന വേളിയിൽ ഈശ്വരൻ ആത്മാവിനു നല്കുന്ന കന്യാധനം (Dowry) മാണു് പ്രസാദവരമെന്നു് ചില ആത്മീയ ഗ്രന്ഥകാരന്മാർ പറഞ്ഞിട്ടുള്ളതിന്റെ മാധുര്യവും ചിന്താമൃതമത്രെ.

പ്രസാദവരം മനുഷ്യപ്രകൃതിയെ നശിപ്പിക്കുന്നില്ല. പ്രത്യുത അതു പ്രകൃതിയെ പൂർണ്ണമാക്കുകയും ഉന്നമിപ്പിക്കുകയുമാണു് ചെ

യുന്നതു്. വരപ്രസാദം ദൈവദാനമാണെങ്കില്യം അതു നമ്മുടേതായിത്തീരുകയും നമ്മിൽ ഉൾച്ചേർന്നിരിക്കുകയും ചെയ്യുന്നുവെന്നാണു് Council of Trente പഠിപ്പിക്കുന്നതു്. പക്ഷെ, ഈ ഉൾച്ചേരൽ (Inherence) എപ്രകാരമാണെന്നു് പ്രസ്തുത കൌൺസിൽ വിവരിക്കുന്നില്ല. ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ പ്രസാദവരം ഒരു Habitus ആണു്. ഒരു 'ഹാബിത്തുസ്' അതിനാധാരമായിരിക്കുന്ന വസ്തുവിനെ പൂർണ്ണമാക്കുന്ന ചില സ്ഥിരസ്വഭാവങ്ങളാണു്. ഉദാഹരണമായി സൌന്ദര്യവും ആരോഗ്യവും ശരീരത്തിൻെറ ഓരോ habitus ആണു്. പ്രസാദവരം ഒരു പുതിയ ജനന (John III 5-8) മാണെന്നു് വിശുദ്ധ ജോൺ പറയുന്നു. അതു നമ്മുടെ മനുഷ്യപ്രകൃതിയിലൂടെ മുഴുവൻ തുളച്ചുകയറുന്ന ഒന്നാണു്. It penetrates nature through and through.

വരപ്രസാദത്തിലൂടെ ദൈവം നമ്മിൽ സന്നിഹിതനാകുമ്പോൾ ദൈവത്തിനു മാററമൊന്നും സംഭവിക്കുന്നില്ല. നമുക്കാണു് മാററം സംഭവിക്കുന്നതു്. വരപ്രസാദത്തിലൂടെ നാമൊരു വിധത്തിൽ ദൈവത്തെപ്പോലെയായിത്തീരുന്നു, എന്നാൽ ദൈവത്തിനു സമന്മാരായിത്തീരുന്നില്ല. (Est autem haec deificatio, Deo quaedam quoad fieri potest assimilatio unioque.) വരപ്രസാദത്തിലൂടെ നാം ദൈവവുമായി ഒരു വിധത്തിൽ യോജിക്കുകയും അവിടുത്തെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു.

ദൈവശാസ്ത്രത്തിലൂടെ വീക്ഷിക്കുമ്പോൾ പ്രസാദവരമെന്നതു് നാം ദൈവത്തിൻെറ ദത്തുപുത്രരായിരിക്കുന്നതിൻെറ ഫലമാണു്. ധർമ്മശാസ്ത്രത്തിൻെറ ദൃഷ്ടിയിൽ പ്രസാദവരം നമ്മുടെ പ്രകൃതിയോടു ചേർക്കപ്പെടുന്ന ഒരു ഗുണവും സഹായവുമാണു്.

### വരപ്രസാദമില്ലാത്ത മനുഷ്യസ്ഥിതി.

പെലാജിയൂസും കൂട്ടരും വാദിക്കുന്നതു് മനുഷ്യനു് പ്രസാദവരം കാര്യമായി ആവശ്യമില്ലെന്നത്രെ. ജാൻസെനിയൂസ് പ്രഭൃതികൾ നേരെ മറിച്ചാണു പഠിപ്പിക്കുന്നതു്. അവരുടെ ദൃഷ്ടിയിൽ പ്രസാദവരമില്ലാത്ത മനുഷ്യൻ ഒരു ദുഷ്ടസത്വമാണു്. ഈ പഠനങ്ങൾ രണ്ടിനേയും സഭ ശപിച്ചിട്ടുണ്ടു്. പ്രസാദവരമില്ലാതെ ചിലതൊക്കെ ചെയ്യുവാൻ മനുഷ്യനു കഴിയും. ഫിസിക്കൽ

പഠിക്കുവാനും ഫുട്ബോൾ കളിക്കുവാനും പ്രസാദവരത്തിൻെറ യാവശ്യമില്ല. അവയെല്ലാം സാമാന്യരീതിയിലുള്ള ഒരു ദൈവ സഹായം (Natural concourse) മാത്രമേ ആവശ്യമുള്ളു. അങ്ങനെയല്ലാത്തപക്ഷം നമ്മുടെ പ്രകൃതി അതിൻെറ സ്വന്തവും അതിനു യോജിച്ചതുമായ ലക്ഷ്യങ്ങളിലെത്തുവാൻ അപര്യാപ്തമാണെന്നു വരുന്നു. അപ്പോൾ അതൊരു പ്രകൃതിയേ അല്ല. നമ്മുടെ ബുദ്ധികൊണ്ടു് പ്രകൃതിസത്യങ്ങളെ കണ്ടുപിടിക്കുവാൻ നമുക്കു കഴിയും. എന്നാൽ ഉത്ഭവപാപംമൂലം ആ ബുദ്ധി കുറെയൊക്കെ വ്രണപ്പെട്ടിട്ടുണ്ടു്. എല്ലാ മണ്ഡലങ്ങളിലും എപ്പോഴും സത്യത്തെ പ്രാപിക്കുവാൻ അതിനു സാദ്ധ്യമല്ല—ദൈവത്തിന്റെ പ്രത്യേകസഹായം കൂടാതെ, വിവേകമെന്ന പുണ്യത്തിനു് ദൈവ വരപ്രസാദം പ്രത്യേകം ആവശ്യമത്രെ.

ദൈവവരപ്രസാദം കൂടാതെ ചില നന്മകൾ ചെയ്യുവാനും നമുക്കു കഴിയും. എന്നാൽ ധാർമ്മിക നിയമങ്ങളെ മുഴുവൻ അനുസരിക്കുവാനുള്ള കഴിവു് പ്രസാദവരത്തിലൂടെ മാത്രമേ നമുക്കു സിദ്ധിക്കുന്നുള്ളു.

മനുഷ്യൻ തന്നേക്കാൾ കൂടുതലായി ഈശ്വരനെ സ്നേഹിക്കേണ്ടവനാണെന്നുള്ളതു ശരിയാണു്. എന്നാൽ സൃഷ്ടിയെന്ന നിലയിൽ സ്രഷ്ടാവിനോടുള്ള തൻെറ കടമകൾ നിറവേററുവാൻ ഉത്ഭവപാപത്തിനു ശേഷം, പ്രസാദവരത്തിൻെറ ആവശ്യം നമുക്കുണ്ടു്

നിത്യായുസ്സു ലഭിക്കുന്നതിനാവശ്യമായ യോഗ്യതകൾ സമ്പാദിക്കുവാൻ ചിലതൊക്കെ നാം ചെയ്യണം. ഈ പ്രവൃത്തികൾ പ്രസാദവരം കൂടാതെ നമുക്കു സാദ്ധ്യമല്ല.

## പ്രസാദവരത്തിൻെറ വിഭാഗങ്ങൾ.

1) പ്രസാദകമായ പ്രസാദവരം (Charismatic grace)

പിശാചുക്കളെ പുറത്താക്കുവാനും പ്രവചനങ്ങൾ നടത്തുന്നതിനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനുമൊക്കെയുള്ള കഴിവാണു് ഈ വരപ്രസാദത്തിലൂടെ സിദ്ധിക്കുന്നതു്. ഇതു് മനുഷ്യനിൽ ഒരു രൂപാന്തരം വരുത്തണമെന്നില്ല. ഇതിലൂടെ നാം ദൈവത്തിനിഷ്ടമുള്ളവരായിത്തീരുന്നു.

Gratia gratis data എന്നുകൂടി ദൈവശാസ്ത്രജ്ഞന്മാർ ഇതിനെ വിശേഷിപ്പിക്കാറുണ്ടു്.

2) ശുദ്ധീകരണ വരപ്രസാദം (Sanctifying grace)
(Gratia gratum faciens)

ഈ വരപ്രസാദം നമ്മെ ദൈവവുമായി യോജിപ്പിക്കുന്നു. ആദ്യത്തേതിലൂടെ നാം ദൈവത്തിനിഷ്ടമുള്ളവരാകുന്നു. ആദ്യത്തേതിന് സാമൂഹ്യമായ പ്രാധാന്യമുണ്ടെങ്കിലും രണ്ടാമത്തേതാണ് കുറേക്കൂടി ഉയർന്ന തരത്തിലുള്ള വരപ്രസാദം.

3) സ്വാഭാവിക വരപ്രസാദം (Habitual grace)

ഇതും ശുദ്ധീകരണവരപ്രസാദവും ഒന്നുതന്നെയാണ്. എന്നാൽ ഈ പേരിൽ ഇതറിയപ്പെടുന്നതിന്റെ കാരണം ഈ വരപ്രസാദം കൂടുതൽ സ്ഥിരവും നീണ്ടുനിൽക്കുന്നതുമായ ഒരവസ്ഥയായതുകൊണ്ടാണ്.

4) പ്രവൎത്തക വരപ്രസാദം. (Actual grace.)

സ്വാഭാവികവരപ്രസാദം നീണ്ടുനില്ക്കുന്ന ഒരവസ്ഥയാണ്. പ്രവൎത്തകവരപ്രസാദമാകട്ടെ ഓരോ പ്രത്യേക പ്രവൃത്തിയും ചെയ്യുന്ന അവസരത്തിൽ അതിനു വേണ്ടിമാത്രം നൽകപ്പെടുന്നതാണ്. സ്വാഭാവിക വരപ്രസാദം സിദ്ധിക്കുവാനാവശ്യമായ പ്രവൃത്തികൾ ചെയ്യണമെങ്കിൽ പ്രവൎത്തകവരപ്രസാദം വേണം.

5) വിശുദ്ധീകരണ വരപ്രസാദത്തെ വിശുദ്ധ അഗസ്റ്റീനോസ് രണ്ടായി തരം തിരിച്ചിട്ടുണ്ട്. പ്രവൎത്തിക്കുന്ന വരപ്രസാദമെന്നും സഹകരിക്കുന്ന വരപ്രസാദമെന്നും (Operating and cooperating graces). ഒരു നല്ല പ്രവൃത്തി ആരംഭിക്കുവാനുള്ള വരപ്രസാദം നാമാവശ്യപ്പെടാതെതന്നെ ദൈവം നമുക്കു നൽകുന്നു. ഇതു് പ്രവൎത്തിക്കുന്ന — operating — വരപ്രസാദമാണ്. ഒരു നന്മ ചെയ്തു തുടങ്ങിയാൽ അതു തുടൎന്നുകൊണ്ടു പോകണമെങ്കിൽ സഹകരണവരപ്രസാദം ആവശ്യമാണ്. ഇതു് നാമാവശ്യപ്പെട്ടാൽ ദൈവം നമുക്കു നൽകുന്നു. പാപത്തിൽ നിന്നു പിന്തിരിയണമെങ്കിൽ പ്രവൎത്തിക്കുന്ന വരപ്രസാദം വേണം. പുണ്യജീവിതത്തിനാവശ്യം സഹകരിക്കുന്ന വരപ്രസാദമാണ്.

സ്വാഭാവിക വരപ്രസാദവും പ്രവൎത്തക വരപ്രസാദവും രണ്ടും ഈ വിഭജനത്തിനു വിധേയമാണ്. Operating actual grace, operating habitual grace എന്നെല്ലാം അപ്പോൾ അവയെ വിളിക്കാം.

6) ഏകദേശം ഈ ആശയം തന്നെയാണ് Preventing grace, Concomitant grace എന്ന വിഭജനത്തിലുൾപ്പെട്ടിരിക്കുന്നതും.

7) Grace excitant et adjuvante. Exciting and helping graces എന്നൊരു വിഭജനം Trente Council ഏർപ്പെടുത്തുകയുണ്ടായി. പ്രേരകവും സഹായകവുമായ വരപ്രസാദങ്ങളെന്ന ഈ വാക്കുകൾക്കർത്ഥമുള്ള. ആദ്യത്തേതു് നമ്മെ പാപത്തിൽ നിന്നും അകററുന്നു. രണ്ടാമത്തേതു് പുണ്യജീവിതത്തിലേക്കു നയിക്കുന്നു.

8) പര്യാപ്തവും ഫലവത്തുമായ വരപ്രസാദങ്ങൾ (Sufficient and effective grace)

വളരെയധികം വാദപ്രതിവാദങ്ങൾക്കു കാരണമാക്കിയിട്ടുള്ള ഒരു വിഭജനമാണിതു്. ആധുനിക ദൈവശാസ്ത്രജ്ഞന്മാരിൽ പലരുടേയും അഭിപ്രായത്തിൽ എല്ലാ വരപ്രസാദങ്ങളും ഫലവത്താണു്, അതിനാൽ പര്യാപ്തവുമാണു്. ചില ആത്മാക്കളിൽ വരപ്രസാദം വളരെയധികം ഫലങ്ങളെ പുറപ്പെടുവിക്കുകയും മററു ചിലരിൽ അതു് കുറേക്കഴിയുമ്പോൾ ഫലശൂന്യമായിപ്പോവുകയും ചെയ്യുന്നുണ്ടെന്നുള്ളതു ഒരു വാസ്തവമാണു്. എന്നാൽ അതിൻെറ രഹസ്യം ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ. ഏതായാലും ഫലവത്തല്ലാത്ത വരപ്രസാദം ദൈവം നൽകുകയില്ലതന്നെ.

9) മൌലികവും ദത്തുപുത്രർക്കടുത്തതുമായ വരപ്രസാദം. (Capital and adoptive grace)

ക്രിസ്തുവിൽ എല്ലാ വരപ്രസാദങ്ങളും പൂർണ്ണമായി അടങ്ങിയിരിക്കുന്നു. ഇതാണു് മൌലിക വരപ്രസാദം. Adoptive grace പിതാവായ ദൈവത്തിൻേറതാണു്. അതുമൂലം നാമെല്ലാം ദൈവപുത്രരായിത്തീരുന്നു. പ്രസാദവരം പൊതുവിൽ പരിശുദ്ധാത്മാവിൻേറതാണെന്നാണു് ദൈവശാസ്ത്രത്തിലെ സങ്കേതം.

10) കൂദാശപരമായ വരപ്രസാദം.

ഇതു് വിശുദ്ധീകരണ വരപ്രസാദത്തിൽ നിന്നു തികച്ചും ഭിന്നമല്ല. ഓരോ കൂദാശയുടേയും ഉദ്ദേശത്തിനനുയോജ്യമായ പ്രത്യേക ശക്തികളും സഹായവുമാണു് കൂദാശപരമായ പ്രസാദവരത്തിലൂടെ ലഭിക്കുന്നതു്.

11) സ്പഷ്ടവും അസ്പഷ്ടവുമായ വരപ്രസാദം.

ഇതു് അത്രതന്നെ പ്രധാനമായ ഒരു വിഭജനമല്ലതന്നെ.

## ശുദ്ധീകരണ വരപ്രസാദം

It is a supernatural quality, inherent in the soul which makes us part takers of the Divine nature and Divine life in a real and formal but accedental manner.

1) അതിസ്വഭാവികമായ ഒരു യാഥാർത്ഥ്യമാണ് പ്രസാദവരം. എന്നാൽ അതൊരു വസ്തു (substance) അല്ല. അതു ആത്മാവിൻെറ സത്തയിൽ ഉൾച്ചേർന്നിരിക്കുന്ന ഒരു ഗുണവിശേഷമാണ്. ആത്മാവിനെ രൂപാന്തരപ്പെടുത്തുന്ന ഒരു സ്ഥിരഗുണം.

2) അതു് നമ്മെ ദൈവത്തെപ്പോലെയാക്കുന്നു, ദൈവത്തോടു സമന്മാരാക്കുന്നില്ല. അതിലൂടെ ദൈവത്തിൻെറതുപോലുള്ള ഒരു ജീവൻ നമുക്കു സിദ്ധിക്കുന്നു, ദൈവത്തിൻെറ ജീവൻ നമുക്കു സിദ്ധിക്കുന്നില്ല. ദൈവജീവൻ ആക്കും പകൎന്നു കൊടുക്കാവുന്നതല്ല

3) ഈ വരപ്രസാദത്തിലൂടെ ദൈവവുമായി നാം ഒരു വിധത്തിൽ യോജിക്കുന്നു.

4) ദൈവത്തെ അഭിമുഖമായി ദർശിക്കുവാൻ അതു നമ്മെ ഒരുക്കുന്നു.

5) വരപ്രസാദത്തിലൂടെ ദൈവസ്വഭാവത്തിലും ദൈവജീവിതത്തിലും നാം യഥാർത്ഥത്തിൽ പങ്കാളികളാകുന്നുണ്ട്. അതൊരു formal participation ആണ്. Virtual participation അല്ല.

Virtual participation. — ഒരു ഗുണത്തിൽ മറെറാരു വിധത്തിൽ ഭാഗഭാക്കാവുക. ദൈവത്തിൻെറ ബുദ്ധിയിൽ നമ്മുടെ ബുദ്ധി ഭാഗഭാക്കാകുന്നതു് ഉദാഹരണം.

Formal participation—ഒരു ഗുണത്തിന് അതേതരത്തിൽ, അതുപോലെതന്നെ എന്നാൽ മറെറാരളവിൽ പങ്കാളികളാവുക. ദൈവത്തെ അഭിമുഖമായി കാണുമ്പോൾ ദൈവസ്വഭാവത്തിൽ നാം ഭാഗഭാക്കാകുന്നതു് ഇങ്ങനെയാണ്.

വിശുദ്ധീകരണ വരപ്രസാദവും ദൈവത്തെ അഭിമുഖമാ

യി കാണുകയെന്നതു രണ്ടും ഒരേ തരത്തിലും സ്വഭാവത്തിലും പെട്ട കാര്യങ്ങളാണ്.

6) ദൈവസ്വഭാവത്തിലും ജീവിതത്തിലും നാം ഭാഗഭാക്കാകുന്നതു് സാരാംശപരമായിട്ടല്ല. ആഗന്തുകമായിട്ടാണ്. ദൈവത്തിൽ സാരാംശമായി സ്ഥിതി ചെയ്യുന്നതിൽ നാം ആഗന്തുകമായി പങ്കെടുക്കുന്നു.

7) ശുദ്ധീകരണവരപ്രസാദത്തിൽ നാമും ദൈവവുമായുള്ള സാമ്യം പഴുത്ത ഇരുമ്പും അഗ്നിയും തമ്മിലുള്ള സാമ്യമാണ്.

8) ദൈവവും ആത്മാവും തമ്മിലുള്ള യോജിപ്പുകൊണ്ട് ദൈവത്തിനു കൂട്ടതലായി ഒന്നും ലഭിക്കുന്നില്ല. അതൊരു ആഗന്തുക സംയോജനമാണ്.

എന്നാൽ ഒരു സത്തയും (substance) മറെറാരു സത്തയും തമ്മിലുള്ള ഒരു യോജിപ്പാണതു്. ഇരുമ്പും തീയുംപോലെ അതു വെറുമൊരു ധാർമ്മിക യോജനമല്ല(moral union), പ്രത്യുത ധാർമ്മികവും വസ്തുപരവുമായ യോജിപ്പാണ് Physico -moral union) God is truly physically and substantially present in us by grace, no mere presence but a real possession.) ഒരത്ഥത്തിൽ വരപ്രസാദത്തിലൂടെ നാം ദൈവസ്വഭാവമുള്ളവരായി തീരുന്നു.

## പ്രവത്തക വരപ്രസാദം

സ്വഭാവാതീതവും നൈമാഷിക (transitory) വുമായ വരപ്രസാദമാണ് ഇതു്. ഈ വരപ്രസാദം ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനു ശക്തിനല്കുകയും ചെയ്യുന്നു. എന്തിനു്? അതിസ്വാഭാവികമായ പ്രവൃത്തികൾ ചെയ്യുവാൻ. നമ്മുടെ ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവയുടെമേൽ അതു നേരിട്ട സ്വാധീനം ചെലുത്തുന്നു. അതിൻെറ സ്വാധീനം ധാർമ്മികവും ഭൗതിക(physical) വുമാണ്. അതു നമ്മെ പ്രേരിപ്പിക്കുകയും ആകർഷിക്കുകയും ചെയ്യുന്നു. അതു നമ്മുടെ പ്രവൃത്തികൾക്കു മുമ്പോ അവയോടൊപ്പമോ നല്കപ്പെടുന്നു. അതിസ്വാഭാവികമായ ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകമായി ഈ വരപ്രസാദം നല്കപ്പെട്ടുന്നു.

## പ്രസാദവരത്തിൻെറ മൂലസ്ഥാനം

പ്രസാദവരത്തിൻെറ നിമിത്ത കാരണം ദൈവം തന്നെയാ

ണ്. കൂദാശകൾ ഈ വരപ്രസാദത്തിൻെറ ഉപകരണങ്ങൾ അഥവാ ഉപാധികളത്രെ. എന്നാൽ കൂദാശകൾ വെറും അടയാളങ്ങളല്ല. അവ വരപ്രസാദം ഉൾക്കൊള്ളുകയും നല്കുകയും ചെയ്യുന്നു. (They contain and confer grace) ദൈവം വരപ്രസാദത്തിൻെറ മൂലകാരണവും കൂദാശകൾ ഉപാധികാരണവും ക്രിസ്തു അവയുടെ യോഗ്യതാകാരണവുമെന്നു് ദൈവശാസ്ത്രജ്ഞന്മാർ പഠിപ്പിക്കുന്നു.

## പ്രസാദവരത്തിൻെറ ഫലങ്ങൾ

നീതീകരണം (justification) പ്രസാദവരത്തിൻെറ ആദ്യഫലവും യോഗ്യത (merit) രണ്ടാമത്തെ ഫലവുമാണ്. നീതീകരണമെന്നു പറയുന്നതു് പാപാവസ്ഥയിൽ നിന്നുള്ള മോചനമാണ്. ജ്ഞാനസ്നാനവും പാപസങ്കീർത്തനവും വഴിയായി നീതീകരണം സിദ്ധിക്കുന്നു.

നീതീകരണത്തിനു നാലു ഘട്ടങ്ങളുണ്ട്.

1. ദൈവം പ്രവർത്തക വരപ്രസാദംവഴി പാപിയുടെ ഹൃദയത്തെ ഇളക്കുന്നു.

2. പാപി വിശ്വാസം വഴി ദൈവത്തിലേക്കു തിരിയുന്നു.

3. പാപി മനസ്താപംവഴി പാപത്തിൽ നിന്നു പിന്തിരിയുന്നു.

4. ദൈവം പാപങ്ങൾ ക്ഷമിക്കുന്നു.

പക്ഷേ ഇവയെല്ലാം ഒരുമിച്ചു് ഒരേനിമിഷത്തിലാണു സംഭവിക്കുന്നതു്.

യോഗ്യത എന്നു പറയുന്നതു് പ്രതിഫലം ലഭിക്കുവാനുള്ള അർഹതയാണ്. സ്വാതന്ത്ര്യമാണ് അതിൻെറ അടിസ്ഥാനം.

സ്വതന്ത്രങ്ങളായ എല്ലാ നല്ല പ്രവൃത്തികളും യോഗ്യതാപൂർണ്ണങ്ങളാണ്. വരപ്രസാദവും പ്രവർത്തകവരപ്രസാദവും യോഗ്യതയുടെ വിഷയമല്ല. അവ ലഭിക്കുവാൻ നമുക്കു യോഗ്യതയില്ലെന്നു സാരം. അവ ദാനമായി നല്കപ്പെടുന്നവയത്രെ. The principle of merit is not the object of merit എന്നാണു് ഈ തത്വത്തെപ്പററി പറയാറുള്ളതു്.

## യോഗ്യത രണ്ടു വിധം

De congruo. തൻെറ പിതാവിനെ കൈകൂപ്പി അഭിവാ

ദനം ചെയ്ത എന്ന കാരണത്താൽ ഒരു പുത്രൻ ആ പിതാവി നാൽ രാജാവായി വാഴിക്കപ്പെടുന്നു. ഇതു പുത്രൻെറ യോഗ്യതയുടെ ഫലമല്ല. നമുക്കു സ്വർഗ്ഗം സമ്മാനമായി നല്കപ്പെടുന്നത് ഒരു വിധത്തിൽ ഇപ്രകാരമാണ്.

De condigno. ചില സമ്മാനങ്ങൾ നമുക്കു ലഭിക്കുന്നത് നീതിയുടേയും നമ്മുടെ അന്തസ്സിൻേറയു അടിസ്ഥാനത്തിലാണ്. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുകയും ദൈവത്തിൻെറ ദത്തുപുത്രരാക്കുകയും ചെയ്യുന്നതിനാൽ ദത്തുപുത്രരെന്ന നിലയിൽ സ്വർഗ്ഗത്തിന് കൂടുതലായി ഒരവകാശം നമുക്കുണ്ട്. ഈ യോഗ്യതയാണ് De condigno merit. ക്രിസ്തു നമുക്കുവേണ്ടി ഇപ്രകാരമുള്ള De condigno യോഗ്യതകൾ സമ്പാദിച്ചിട്ടുണ്ട്. നാം മററുള്ളവക്കുവേണ്ടി യോഗ്യതകൾ സമ്പാദിക്കുമ്പോൾ അവ De congruo merits ആണ്.

<u>അന്ത്യത്തോളമുള്ള സ്ഥിരത</u>: മരണസമയത്തു് പ്രസാദവരത്തിലായിരിക്കുന്നതിനുള്ള ഭാഗ്യം ദൈവം പ്രത്യേകം നല്കുന്നതാണ്. ആദ്യത്തെ വരപ്രസാദ (അതായത് നന്മ ചെയ്യുന്നതിനുള്ള പ്രവത്തകവരപ്രസാദം) വും അവസാനത്തേതായ ഈ വരപ്രസാദവും ലഭിക്കുവാൻ നമുക്കു നിഷ്കൃഷ്ടമായ അർത്ഥത്തിൽ യോഗ്യതയില്ല തന്നെ. ദൈവം തനിക്കിഷ്ടമുള്ളവക്കാണ് അതു നല്കുന്നത്. സ്നേഹം ഗണിതശാസ്ത്രപരമായ സമത്വത്തെ അടിസ്ഥാനമാക്കിയുള്ളതല്ല. ദൈവത്തിൻെറ സ്നേഹം ഒന്നുതന്നെയാണെങ്കിലും അതിൻെറ പ്രകടനത്തിൽ കൂടുതൽ കുറവുകളുണ്ടാകാം. അതിനെ ചോദ്യംചെയ്യുവാൻ നമുക്കു സാദ്ധ്യമല്ല. അതുപോലെതന്നെ താൻ വരപ്രസാദസ്ഥിതിയിലാണെന്നു് ഒരു മനുഷ്യനും തീർത്തുപറയുക സാദ്ധ്യമല്ല. എന്നാൽ ചതിക്കുവാനോ ചതിക്കപ്പെടുവാനോ വഹിയാത്തവനും കരുണാമൂർത്തിയുമായ ദൈവത്തിൽ നാം ശരണപ്പെടേണ്ടതാണ്. ശരണം ഒരു മഹാപുണ്യമാണല്ലോ.

## <u>പ്രസാദവരവും സ്വാതന്ത്ര്യവും</u>

ദൈവം എല്ലാത്തിനേയും സൃഷ്ടിച്ചു. അവിടുന്നു സവ്വത്തേയും പരിരക്ഷിക്കുകയും(conservation),സഹായിക്കുകയും (Concours), അവയെ അവയുടെ അന്ത്യത്തിനൊത്തു് ക്രമീകരിക്കുകയും (providence), അവയെ ഭരിക്കുകയും (govern) ചെയ്യുന്നു.

മനുഷ്യൻ സ്വാതന്ത്ര്യനാണു്, എന്നാൽ ഈ സ്വാതന്ത്ര്യം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതത്രെ. അതിന്റെ അടിസ്ഥാനം ദൈവമാണു്. നന്മചെയ്യുവാനും തിന്മചെയ്യുവാനുമുള്ള സ്വാതന്ത്ര്യം നമുക്കുണ്ടു്. എന്നാൽ നന്മചെയ്യുവാൻ പ്രസാദവരം ആവശ്യമാണു്. പക്ഷേ ഈ പ്രസാദവരം നമ്മുടെ സ്വാതന്ത്ര്യത്തെ ധിക്കരിക്കുകയോ നിഹനിക്കുകയോ ചെയ്യുന്നില്ല. ദൈവപരിപാലന നമ്മുടെ സ്വാതന്ത്ര്യത്തിലെ ആഗന്തുകാംശത്തെ നശിപ്പിക്കുന്നുമില്ല. എന്നാൽ ദൈവം മനസ്സാകുന്ന കാര്യങ്ങൾ യാതൊരു വീഴ്ചയും കൂടാതെ നമ്മുടെ സ്വാതന്ത്ര്യത്തിലൂടെ അവിടുന്നു് സാധിക്കുകയും ചെയ്യുന്നു. ഉദാഹരണം മറിയത്തിന്റെ സ്വാതന്ത്ര്യവും മനുഷ്യാവതാരവുമാണു്. മനുഷ്യസ്വാതന്ത്ര്യത്തെ അവിടുന്നു ബഹുമാനിക്കുന്നുണ്ടെന്നതും അവിതർക്കിതമത്രെ. എന്നാൽ ദൈവത്തിന്റെ അപ്രതിഹിതമായ തിരുമനസ്സും നമ്മുടെ സ്വാതന്ത്ര്യവും എങ്ങിനെ യോജിക്കുന്നുവെന്നതു് ഒരു രഹസ്യം തന്നെ. 'Divine causality does not enter into the series of secondary causes. It is not a part of our liberty as a number is a part of a mathematical series ദൈവത്തിന്റെ പ്രവൃത്തി കുറേക്കൂടി ഉയന്ന ഒരു മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഒന്നത്രെ നമ്മുടെ സ്വാതന്ത്ര്യത്തെ ആരെങ്കിലും നമ്മുടെ ഉള്ളിൽനിന്നുകൊണ്ടു് വിഘ്നപ്പെടുത്തുകയോ നിർബന്ധിക്കുകയോ ചെയ്യുന്നതായി നമുക്കു തോന്നുന്നില്ല. ഇതു തന്നെയാണു് ദൈവത്തിന്റെ നിഗൂഢമായ പ്രവൎത്തനത്തിന്റെ തെളിവു്.

എല്ലാ മനുഷ്യരും രക്ഷപെടണമെന്നുള്ളതാണു് ദൈവത്തിന്റെ ആഗ്രഹം. ക്രിസ്തു എല്ലാവക്കുംവേണ്ടിയാണു് മരിച്ചതു്, വരപ്രസാദമില്ലാതെ രക്ഷ സാദ്ധ്യമല്ല. വരപ്രസാദമാകട്ടെ ഒരു സ്വതന്ത്രദാനമാണു്. അതു ലഭിക്കുവാൻ നമുക്കു യാതൊരു യോഗ്യതയുമില്ല. സ്വർഗ്ഗം ലഭിക്കുവാനും മനുഷ്യനു് യഥാർത്ഥത്തിൽ യോഗ്യതയില്ല. അതു് ദൈവത്തിന്റെ ഏറാവും വിലപിടിച്ച ദാനമത്രെ. എന്നാൽ നാമെല്ലാവരും രക്ഷപെടണമെന്നു് ദൈവം ആഗ്രഹിക്കുന്നതു് നാം യാതൊരു യോഗ്യതയും സമ്പാദിക്കുന്നതിനുമുമ്പാണുതാനും The universal predestination to beatitude is anterior to all merit. 'Coro-

nando eorum merita, coronas dona tua' എന്നത്രെ സെൻറഗസ്റ്റിൻ പറയുന്നതു്.

മനുഷ്യൻെറ നാശത്തിനു് അവൻതന്നെയാണു് ഉത്തരവാദി. എന്തുകൊണ്ടെന്നാൽ തിന്മയിൽ മുൻകൈ എടുക്കുന്നതു് ദൈവമല്ല മനുഷ്യനാണു്. Perditio tua ex te Israel. Osee xiii 9 നാം ശിക്ഷയ്ക്കു സമ്മതിച്ചശേഷമാണു് ദൈവം നമ്മെ ശിക്ഷയ്ക്കു വിധിക്കുന്നതു്. തന്നാൽ പാട്ടുള്ളതെല്ലാം ചെയ്യുന്നതിനാവശ്യമായ അനുഗ്രഹങ്ങൾ ദൈവം നിഷേധിക്കുന്നില്ല. (Faciendi quod in se est, Deus non denegat gratiam)

ആദ്യമായി സ്വയം ഉപേക്ഷിക്കാത്ത ഒരു മനുഷ്യനെ ദൈവം ഉപേക്ഷിക്കുന്നില്ല. (Deus non deserit nisi prius deseratur)

എന്നാൽ ഭൂതവത്തമാനഭാവികളെല്ലാം ദൈവം വത്തമാനകാലത്തിലെന്നപോലെ സ്വന്തം തിരുമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു. പതിനായിരം വർഷത്തിനുശേഷം ആരൊക്കെയാണു് നരകത്തിൽ വീഴുവാൻ പോകുന്നതെന്നു് ദൈവത്തിനറിയാം. അവരെയെല്ലാം അവിടുന്നു വ്യക്തമായികാണുന്നു. അവരുടെ തലയിലെ രോമങ്ങളെല്ലാം എണ്ണപ്പെട്ടിരിക്കുന്നു. അവർ നരകത്തിൽ പോകുന്നതു് നരകശിക്ഷയ്ക്കു് അവർ വിധിക്കപ്പെടുന്നതുകൊണ്ടാണെന്നു ശരിതന്നെ. എന്നാൽ കണ്ണുമടച്ച് കാരണമില്ലാതെ ഒരു സ്വേച്ഛാധിപതിയേപ്പോലെ അവരെ നരകത്തിനു വിധിക്കുകയല്ല അവിടുന്നു ചെയ്യുന്നതു്. അവർ അവരുടെ സ്വാതന്ത്ര്യമുപയോഗിച്ചു് പാപം ചെയ്യുന്നതു നിമിത്തം അവർ വിധിക്കപ്പെടുകയാണു്. അവരുടെ യോഗ്യതകളെ മുൻകൂട്ടി കണ്ടുകൊണ്ടാണു് അവർ വിധിക്കപ്പെടുന്നതു് (Post previsa merita). എല്ലാത്തിനേയും മുൻകൂട്ടി കാണാതിരിക്കുവാൻ ദൈവത്തിനു സാദ്ധ്യമല്ല. പക്ഷേ ദൈവം മുൻകൂട്ടി കാണുന്നതുകൊണ്ടല്ല അവർ നശിക്കുന്നതു്. ദൈവത്തിൻെറ ദീർഘദർശനം നമ്മുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നില്ല.

ഏതായാലും എല്ലാവരുടേയും രക്ഷയെ ദൈവമാഗ്രഹിക്കുന്നുവെന്നതും സ്വന്തം സുതനെ നമ്മുടെ പാപങ്ങൾക്കു പരിഹാരമായി ബലികഴിച്ച ഒരു ദൈവം വെറുമൊരു സ്വേച്ഛാധിപതി

# അമേരിക്കയിൽനിന്ന് ഒരു കത്ത്

കെ. റ്റി. സെബാസ്റ്റ്യൻ എം. ഏ.
(ലയോള യൂണിവേഴ്സിററി, ഷിക്കാഗോ)

ജനുവരി 1—1963

അദ്ധ്യയനമണ്ഡലത്തിൻേറയും 'കതിരൊളിയുടെയും' വളർച്ച അതിയായ താല്പര്യത്തോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുന്നവരിലൊരാളാണ് ഈ ലേഖകൻ. ബ. നടയ്ക്കലച്ചൻ സദയം അയച്ചുതന്നുകൊണ്ടിരുന്ന കതിരൊളിയുടെ ഓരോ പുതിയ ലക്കവും മറിച്ചുനോക്കിക്കൊണ്ടിരുന്നപ്പോളെല്ലാം കേരളസഭയുടെ വളർച്ചയ്ക്കായുള്ള ഒരു പുതിയ കാൽവയ്പാണ് ഈ ലേഖകന് കാണുവാൻ കഴിഞ്ഞിട്ടുള്ളത്. കാര്യമായ യാതൊരു വിദേശസഹായവും കൂടാതെതന്നെ നല്ലൊരു പ്രസ്ഥാനം കേരളത്തിൻെറ മണ്ണിൽതന്നെ ഉത്ഭവിച്ച് പ്രതിസന്ധിഘട്ടങ്ങളെയെല്ലാം തരണം ചെയ്തുകൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് നമുക്ക് അ

---

യോ, ദുഷ്ടനോ അല്ലെന്നും നമുക്കനുസ്മരിക്കാം. സൃഷ്ടി, മനുഷ്യാവതാരം എന്നിവയിലൂടെ മനുഷ്യവർഗ്ഗത്തോടുള്ള തൻെറ അത്യധികമായ സ്നേഹം പ്രകടിപ്പിക്കുകയും ഭാഗ്യപൂർണ്ണമെന്നു വിളിക്കപ്പെടുന്ന ആദ്യപാപത്തെ അനുവദിച്ചുകൊണ്ട് തൻെറ പരിത്രാണകർമ്മത്തിലൂടെ അനന്ത സ്നേഹത്തിൻെറ അത്യുത്തുംഗങ്ങളായ മാതൃകകളെ നമുക്കു കാണിച്ചു തരികയും നമ്മുടെ വർഗ്ഗത്തിന്റെ തന്നെ പ്രതിനിധിയായ ഒരു വനിതയെ ദൈവവരപ്രസാദങ്ങളുടെ വിതരണത്തിനു ചുമതലവഹിക്കുവാൻ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ നമുക്കു നിരാശപ്പെടുവാനോ ഉൽക്കണ്ഠാകുലരാകുവാനോ ഒന്നുമില്ലതന്നെ. Perditio tua ex te, Israel– നാം നശിക്കുന്നെങ്കിൽ അതിന്റെ ഉത്തരവാദിത്വം നമുക്കു മാത്രമായിരിക്കും.

P.S. മനുഷ്യസ്വാതന്ത്ര്യം, തിന്മ, വരപ്രസാദം തുടങ്ങിയവയെപ്പററി ആധുനിക ദൈവശാസ്ത്രജ്ഞന്മാരും ചിന്തകരും ഉന്നയിച്ചിട്ടുള്ള തത്വങ്ങൾ പൂർണ്ണമായി ഇവിടെ വിവരിക്കുക സാദ്ധ്യമല്ല. മാരിറെറയിൻ ഉന്നയിച്ചിട്ടുള്ള 'motion brisable' എന്ന ആശയം ഒരുദാഹരണം മാത്രമാണ്.

——X——

ഭിമാനകരമാണ്. ബാലപാഠം പഠിക്കുന്ന ശിശു മുതൽ ഉന്നതബിരുദധാരികൾ വരെയുള്ള ഏവർക്കും അവരവരുടെ ബുദ്ധിപരമായ കഴിവിന്റെ തോതനുസരിച്ച് ദൈവശാസ്ത്രവും അതിനോടു ബന്ധപ്പെട്ട മററു വിഷയങ്ങളും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുവാനുള്ള ഒരു വിശാലമായ 'മണ്ഡലമാണ്' അദ്ധ്യയനമണ്ഡലം, ദൈവശാസ്ത്രപരമായ പ്രശ്നങ്ങളും മതാദ്ധ്യയന അദ്ധ്യാപനപരമായ വിഷയങ്ങളും ചർച്ചചെയ്യുവാനും ആശയവിനിമയം ചെയ്യുവാനും, അദ്ധ്യയനമണ്ഡലം വാർത്തകൾ പ്രസിദ്ധപ്പെടുത്തുവാനുമായി 'കതിരൊളി' രംഗപ്രവേശം ചെയ്തു. പൊതുവെ ശാലീനസ്വഭാവികളായ വൈദികരും അവൈദികരുമായ നമ്മുടെ പണ്ഡിതന്മാർക്ക് കതിരൊളിയുടെ വെളിച്ചത്തിൽ അവരവരുടെ ആശയങ്ങൾക്കു് വ്യക്തമായ രൂപം നല്കുവാൻ സാധിക്കുമെന്നുള്ളതു് വലിയൊരു നേട്ടമാണ്.

കത്തോലിക്കാലോകം മുഴുവൻ ഇന്നു വത്തിക്കാൻ കൗൺസിലിലെ ചർച്ചകളിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയാണല്ലോ. 'അദ്ധ്യയനമണ്ഡലം' പോലെയുള്ള സംഘടനയ്ക്കും 'കതിരൊളി' മാതിരിയുള്ള ഒരു പ്രസിദ്ധീകരണത്തിനും ഈ അവസരത്തിൽ കേരളസഭയുടെ ഭാവിപുരോഗതിയ്ക്കുവേണ്ടി, എളിയതോതിലെങ്കിലും, ചില സംഭാവനകൾ നല്കുവാൻ സാധിക്കും എന്നു് സൂചിപ്പിക്കുകമാത്രമാണ് ഈ കത്തിന്റെ ഉദ്ദേശ്യം.

വത്തിക്കാൻ കൗൺസിൽ ആരംഭിക്കുന്നതിനുമുമ്പും അതിനുശേഷവും ഈ നാട്ടിൽ പ്രസിദ്ധീകൃതമായിട്ടുള്ള കത്തോലിക്കാ പത്രമാസികകൾ വായിക്കുന്ന ഏതൊരാൾക്കും, കൗൺസിലിൽ നിന്നും ഉദ്ബുദ്ധരായ കത്തോലിക്കാസമൂഹം എന്താണ് പ്രതീക്ഷിക്കുന്നതു്, കൗൺസിൽ ചർച്ചകളും തീരുമാനങ്ങളും സഭയുടെ ഭാവിരൂപത്തെ എങ്ങനെ ബാധിക്കും എന്നിങ്ങനെയുള്ള കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായ ഒരു രൂപം ലഭിക്കുന്നതാണ്. ചില തലക്കെട്ടുകൾ നോക്കുക: The Layman's place in church: His role to be considered by the Vatican Council (Our Sunday Visitor Sept. 30-'62), A new age for Lay Catholics(The Sign, October 1962), The Laity and the Council ('America on 2nd Vatican Council) The Council and the Laity (The Catholic Mind- Sept·

1962) Theology of the Laity (The Critic Aug.-Sept. 1962)

സഭാഐക്യം, ആരാധനക്രമം, അത്മായക്ക സഭയിലുള്ള സ്ഥാനം, മെത്രാന്മാരുടെ അധികാരങ്ങളും അവകാശങ്ങളും — കൗൺസിലിൻെറ പരിചിന്തനത്തിനു വരുന്ന പ്രധാന വിഷയങ്ങളാണിവ. ആദ്യത്തെ മൂന്നു വിഷയങ്ങളും ഏതാണ്ട് പരസ്പരബന്ധപ്പെട്ടവയാണെന്നു പറയാം. രണ്ടായിരം കൊല്ലത്തെ ചരിത്രമുള്ള കത്തോലിക്കാസഭയിലെ ബൃഹദ്ഭൂരിപക്ഷം വരുന്ന അംഗങ്ങളായ അത്മായരുടെ സ്ഥാനം എന്താണെന്ന് ഇതുവരെയായിട്ടും നിർവചിക്കപ്പെട്ടിട്ടില്ലായെന്നുള്ളത് അത്ഭുതകരമായി തോന്നാവുന്നതാണ്. പക്ഷേ, ഇതിൽ വളരെ അധികം അത്ഭുതപ്പെട്ടവാനില്ലെന്നാണ് അമേരിക്കയിലെ പ്രമുഖ അത്മായ നേതാവായ മി.മാർട്ടിൻ വർക്ക് പറയുന്നത് National Council of Catholic Men എന്ന അത്മായ സംഘടനയുടെ പ്രസിഡൻറുകൂടിയായ അദ്ദേഹം പറയുകയാണ്: "സഭയിൽ മെത്രാന്മാരുടെ സ്ഥാനമെന്താണെന്ന വിഷയത്തിൽ കൗൺസിലിപ്പോൾ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുകയാണ്. സഭയുടെ സ്ഥാപനത്തിനുശേഷം രണ്ടായിരംകൊല്ലം കഴിഞ്ഞിട്ടും നാം എന്തുകൊണ്ടാണീ വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്? ഒരു കാരണം ഇതു വളരെ സങ്കീർണ്ണമായ ഒരുപ്രശ്നമാണ്. അതുപോലെതന്നെ ഇതു സംബന്ധിച്ചുള്ള ഒരു തീരുമാനം മററനവധിപ്രശ്നങ്ങൾക്ക് വഴിതെളിച്ചേക്കാവുന്നതാണ്. ഇതു തന്നെ അത്മായപ്രേഷിതത്വത്തെ സംബന്ധിച്ചും പറയാവുന്നതാണ്." (The Sign. Jan. 1963) അത്മായക്ക സഭയിലുള്ള സ്ഥാനമെന്താണ്, അവരുടെ അവകാശങ്ങളെന്താണ്, ചുമതലകളെന്താണ് എന്നിങ്ങനെയുള്ള കാര്യങ്ങൾ സംബന്ധിച്ച വ്യക്തമായ ഒരു പഠനം ഇതിനുമുമ്പ് ഉണ്ടാകാഞ്ഞതിന് വേറെയും പലകാരണങ്ങൾ ചൂണ്ടിക്കാണിക്കവാനുണ്ടാകും.

അല്മായർക്ക സഭയിലുള്ള സ്ഥാനമെന്താണെന്നുള്ളതിൻെറ ദൈവശാസ്ത്രപരമായ അടിസ്ഥാനത്തിനു യാതൊരു വ്യത്യാസവും വന്നിട്ടില്ലെങ്കിൽതന്നെയും ഈ അടുത്തകാലംവരെയും സഭയെന്നു പറഞ്ഞാൽ 'പള്ളിയും വൈദികരു'മാണെന്നും അല്മായർ സഭയിലെ 'അംഗങ്ങൾ' മാത്രമാണെന്നും അല്മായരുടെ ചുമതല പള്ളിയുടെയും വൈദികമേലധികാരികളുടെ

യും 'കല്പനകൾ' അനുസരിക്കുക മാത്രമാണെന്നുമുള്ള ഒരു ധാരണയായിരുന്നു സാധാരണ ജനങ്ങളുടെ ഇടയിലുണ്ടായിരുന്നതു്. എന്നാൽ ക്രിസ്തുമതത്തിന്റെ ആരംഭകാലത്തു്, പ്രത്യേകിച്ചും റോമാസാമ്രാജ്യം ക്രിസ്തുമതം അംഗീകരിക്കുന്നതിനു മുമ്പു് സഭയെന്നു പറഞ്ഞാൽ 'ക്രിസ്തുമതാനുയായികളുടെ സമൂഹം' എന്നുള്ള ആശയം വ്യക്തമായിരുന്നു. സഭയുടെ അംഗത്വം വർദ്ധിച്ചപ്പോൾ, സഭക്കു ലൗകികമായ അധികാരവും പ്രതാപവും ഉണ്ടായപ്പോൾ വൈദികരും അല്മായരുമെന്നുള്ള സംജ്ഞകൾക്കു് ഭരണാധികാരികളും ഭരണീയരുമെന്നുള്ള അർത്ഥം കൂടി ഉണ്ടായി. കാലക്രമത്തിൽ പല യൂറോപ്യൻ രാജ്യങ്ങളിലും ലൗകിക ഭരണാധികാരികളും സഭാഭരണാധികാരികളും ഒരു പ്രത്യേക വിഭാഗമായി നില്ക്കുകയും സാധാരണ ജനങ്ങൾ മറ്റൊരു വിഭാഗമായി നിലകൊള്ളുകയും ചെയ്യുന്ന ഒരു കാലമുണ്ടായി. ഇതിന്റെ ഫലമായി കാലക്രമത്തിൽ സഭക്കു് സാധാരണ ജനങ്ങളുടെ മേലുള്ള സ്വാധീനം കുറയുകയും വൈദികവിരുദ്ധ മനോഭാവം പല രാജ്യങ്ങളിലും ശക്തിപ്പെടുകയും ചെയ്തു.

സഭാകാര്യങ്ങളെല്ലാം വൈദികരുടെ മാത്രം കാര്യമാണെന്നുള്ള ആശയം വൈദികശ്രേഷ്ഠന്മാരിൽ എത്രമാത്രം രൂഢമൂലമായിരുന്നുവെന്നു് ഒരുദാഹരണംകൊണ്ടു് വ്യക്തമാക്കാം. ഏതാണ്ടു് നൂറുവർഷക്കാലം മുമ്പു് "On consulting the Faithful in Matters of Doctrine" എന്ന പേരിൽ ഒരു ലേഖനം കർദ്ദിനാൾ ന്യൂമാൻ 'Rambler' എന്ന ഇംഗ്ലീഷ് വാരികയിൽ പ്രസിദ്ധം ചെയ്തു. ന്യൂമാന്റെ വിരോധികളിലൊരാളായ മോൺ. ടാൻബെട്ടു് (Monsignor Talbert) പ്രസ്തുത ലേഖനത്തെ വിമർശിച്ചുകൊണ്ടു് ചോദിക്കുകയാണു്: "അല്മായരുടെ ചുമതലയെന്താണ്? നായാട്ടിനു പോകുക, വെടിവയ്ക്കുക, ഉല്ലസിക്കുക. ഈ കാര്യങ്ങൾ അവർക്കു മനസ്സിലാക്കുവാൻ സാധിക്കും. പക്ഷേ, സഭാകാര്യങ്ങളിൽ ഇടപെടുവാൻ അവർക്കു യാതൊരു അവകാശവും ഇല്ല." ഈ മനോഭാവത്തോടുകൂടിയ വൈദികർ ഈ അടുത്തകാലംവരെയും എല്ലാ രാജ്യങ്ങളിലും ഉണ്ടായിരുന്നു. കേരളക്കരയിലും.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി, ജനാധിപത്യം ശക്തിപ്പെടുകയും സാധാരണജനങ്ങൾ ഭരണാധികാരികളായിത്തീരുകയും ചെയ്തപ്പോൾ, ജനങ്ങളുടെ സഹകരണം കൂടാ

തെ സഭയ്ക്കു വളരുവാൻ സാദ്ധ്യമല്ലായെന്നു് ഭരണാധികാരികൾക്കു ബോദ്ധ്യമായി തുടങ്ങി. സാധാരണ ജനങ്ങളുടെ അനുദിന ജീവിതവുമായി സാമ്യം പ്രാപിക്കേണ്ട മതം ജനങ്ങളിൽ നിന്നും എത്രമാത്രം അകന്നുപോയി എന്നു മനസ്സിലാക്കുവാൻ തുടങ്ങിയതു് വളരെ താമസിച്ചുമാത്രമാണു്. ക്രിസ്തുവിൻെറ മൗതിക ശരീരമാകുന്ന സഭ അല്മായരും വൈദികരും കൂടിച്ചേരുന്നതാണു്; ഒരു ശരീരത്തിലെ അവയവങ്ങൾ പോലെ വർത്തിക്കേണ്ട ഘടകങ്ങളാണു് മാർപ്പാപ്പായും മെത്രാന്മാരും, വൈദികരും സാധാരണ ജനങ്ങളുമെല്ലാം; ഇങ്ങനെയുള്ള അടിസ്ഥാനപരമായ ആശയങ്ങൾക്കു പ്രചാരം നല്കുവാൻ തുടങ്ങിയതു് അടുത്തകാലത്തു് മാത്രമാണു്.

റോമിൽ സമ്മേളിച്ച പ്രഥമ അന്തർദേശീയ അല്മായ കോൺഗ്രസ്സിനെ അഭിസംബോധന ചെയ്തുകൊണ്ടു് പന്ത്രണ്ടാം പീയൂസ്സ് തിരുമേനി പറഞ്ഞു. "നിങ്ങളാണു് ക്രിസ്തുവിൻെറ സഭ—മെത്രാന്മാരുടെയും പാപ്പായുടെയും ക്രിസ്തുവിൻെറയും സഭ നിങ്ങളാണു്'' എന്നു്. സഭയിൽ അല്മായർക്കുള്ള സ്ഥാനമെന്താണു്? അവരുടെ ചുമതലകളെന്തെല്ലാമാണു്? അവകാശങ്ങളെന്തെല്ലാമാണു്?—ഈ കാര്യങ്ങളെല്ലാം പ്രസ്പഷ്ടമാക്കിക്കൊണ്ടുള്ള പന്ത്രണ്ടാം പീയൂസ്സ് തിരുമേനിയുടെ 'ക്രിസ്തുവിൻെറ മൗതിക ശരീരം' എന്നുള്ള ചാക്രികലേഖനം അല്മായ പ്രേഷിതത്വം സംബന്ധിച്ചുള്ള ദൈവശാസ്ത്രപരമായ അടിസ്ഥാനം വളരെ മനോഹരമായ രീതിയിൽ വിശദമാക്കുന്നുണ്ടു്. ഈ ചാക്രികലേഖനത്തിൻെറ പ്രസിദ്ധീകരണം സഭയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന സംഭവമാണു്.

കാലത്തിനനുസരിച്ചു് കത്തോലിക്കാ സഭയിലുണ്ടാകേണ്ട പരിവർത്തനങ്ങളാണു് കൗൺസിലിൻെറ പൊതുവിലുള്ള പരിഗണനയ്ക്കു വരുന്ന വിഷയങ്ങൾ. ക്രിസ്തുനാഥൻ ആരംഭിച്ച രക്ഷാകരപ്രവർത്തനത്തിൻെറ ഫലം കഴിയുന്നതും കൂടുതൽ പേർക്ക് അനുഭവിക്കുവാൻ തക്കവിധം സഭയെ നവീകരിക്കുക എന്നുള്ളതായിരിക്കും കൗൺസിലിൻെറ ദൈവശാസ്ത്രപരമായ ലക്ഷ്യം.

മററു രാജ്യങ്ങളിലെന്നതു പോലെ നമ്മുടെ കേരളക്കരയിലും വളരെ അധികം പരിവർത്തനങ്ങൾ ഉണ്ടാകും. രാഷ്ട്രീയരംഗത്തുണ്ടായിട്ടുള്ള പരിവർത്തനങ്ങളുമായി പൂർണ്ണമായി യോജിച്ചു

പോകുവാൻ നമ്മുടെ ആളുകളിൽ ഒരു വിഭാഗത്തിനു് ഇനിയും സാധിച്ചിട്ടില്ല. വിദേശീയമായ എന്തിനെയും അന്ധമായി അനുകരിക്കുകയും സ്വദേശീയമായതിനെ സംശയത്തോടുകൂടി വീക്ഷിക്കുകയും ചെയ്യുക, സ്വന്തം കാലിൽ നില്ക്കുവാൻ ശ്രമിക്കാതെ ഏതൊരാവശ്യത്തിനും സഹായത്തിനുവേണ്ടി വിദേശങ്ങളിലേക്കു നോക്കുക, ഇവയെല്ലാം ചില ഉദാഹരണങ്ങൾ മാത്രമാണു്.

അല്മായപ്രേഷിതത്വം, ആരാധനക്രമം എന്നീ വിഷയങ്ങളിലും സഭാഐക്യസംബന്ധമായ കാര്യങ്ങളിലും നമ്മുടെ നാട്ടിൽ ജനങ്ങളുടെ ഇടയിൽ പല തെററിദ്ധാരണകളും ഉണ്ടു്. ഈ തെററിദ്ധാരണകൾ നീക്കുന്നതിനും ഈ വിഷയങ്ങളിൽ നമ്മുടെ ആളുകൾക്കു വേണ്ട വിജ്ഞാനം നല്കുന്നതിനും "കതിരൊളി"ക്കു് സാധിക്കുമെങ്കിൽ അതു് "കാലത്തിനൊത്ത" ഒരു സേവനമായിരിക്കും. കൗൺസിലിൻെറ വിജയത്തിനുവേണ്ടി "കതിരൊളി"ക്കു നല്കാവുന്ന നല്ലൊരു സംഭാവനയായിരിക്കും അതു്.

കേരള കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഏററവും നിർഭാഗ്യകരമായ ഒരു സ്ഥിതി വിശേഷമാണു് നമ്മുടെ നാട്ടിലെ കുപ്രസിദ്ധമായ അനൈക്യവും, ദുർവാശിയും, വ്യർത്ഥമായ അവകാശ വാദങ്ങളുമെല്ലാം. കേരളക്കരയും വിട്ടു്, കേരള കത്തോലിക്കർ എവിടെയെല്ലാം പോകുന്നുണ്ടോ അവിടെയെല്ലാം ഈ പ്രത്യേകതകളും കാണുവാൻ സാധിക്കും. കേരള കത്തോലിക്കർക്കു്, ഇന്നു നിലവിലുള്ള മൂന്നു് ആരാധനക്രമങ്ങളുടെ സ്ഥാനത്തു് ഒരു ആരാധനക്രമം ഉണ്ടാകുവാൻ സാധിക്കുന്നില്ലെങ്കിൽ തന്നെയും ഈ മൂന്നു വിഭാഗങ്ങളിൽപ്പെടുന്ന 'സഭാമക്കൾ' ക്രൈസ്തവമായ വിനയത്തിൻെറയും പരസ്നേഹത്തിൻെറയും ചൈതന്യത്തോടുകൂടി സഹകരിച്ചു പ്രവർത്തിക്കുകയെങ്കിലും ചെയ്താൽ മതിയായിരുന്നു. ഇതിനു സഹായകരമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ കതിരൊളിക്കു സാധിക്കുമെങ്കിൽ, അതു കതിരൊളിയുടെ മറെറാരു വലിയ നേട്ടമായിരിക്കും.

കതിരൊളിക്കും അദ്ധ്യയനമണ്ഡലത്തിനും പുതുവത്സരത്തിൻെറതായ എല്ലാവിധ മംഗളങ്ങളും നേർന്നുകൊണ്ടു് ഈ കത്തു് ഉപസംഹരിക്കുന്നു.

—o—

# സഭയിലേക്ക് ഒരെത്തിനോട്ടം

(Fr. Aemilius O C D.

(Professor, Mangalapuzha Seminary, Alwaye)

### ഒരാദ്ധ്യാത്മിക പ്രവണത

സന്മാർഗ്ഗിക സിദ്ധാന്തങ്ങളുടേയും ഭക്തിമാർഗ്ഗപ്രസ്ഥാനങ്ങളുടേയും ചരിത്രം സസൂക്ഷ്മം പരിശോധിക്കുന്ന ഏതൊരുവനും ഒരു വസ്തുത വ്യക്തമാകും— ഒട്ടേറെ പ്രവണതകളുടേയും പ്രഭേദങ്ങളുടേയുമിടയിൽ ദോഷൈകചിന്തയിലേക്കുള്ള ഒരു ചായ്വ്. ചില കാലഘട്ടങ്ങളിൽ ഇതു വളരെ പ്രകടമാണ്. പക്ഷേ, ഈ പ്രവണത എല്ലാ സമൂഹങ്ങളിലും സദാ ഒളിഞ്ഞുകിടപ്പുണ്ടായിരിക്കും. സാമയികമായി പല പേരുകളിൽ ഇതു പ്രത്യക്ഷപ്പെടുന്നു. പതിന്നാലാം നൂററാണ്ടിലെ 'അഗസ്റ്റിനിയനിസ'വും അതിനുശേഷം ആവിർഭവിച്ച 'ജാൻസെനിസ'വും മററും ചില ഉദാഹരണങ്ങൾ മാത്രം.

ദോഷൈകചിന്ത, അതെന്താണ്? മനുഷ്യാത്മാവിന്റെ ഒരു ഭാവഭേദമെന്ന് അതിനെ നിർവചിക്കാം. ആത്മാവിന്റെ ഒരു സ്ഥിതിവിശേഷം. ലൗകികമായ എന്തിനേയും സങ്കോചത്തോടും സംശയദൃഷ്ടിയോടും വീക്ഷിക്കുക, ദോഷൈകചിന്തയുടെ പ്രത്യേകതയാണ്. ദോഷൈകവീക്ഷണം അതിൽത്തന്നെ തിന്മയോ പരിവർജ്ജ്യമോ അല്ലായിരിക്കാം. എങ്കിലും തിന്മയും ജീർണ്ണിപ്പുമാണ് അതെവിടെയും ആദ്യമായി കണ്ടെത്തുക. കുററങ്ങളും കുറവുകളും കണ്ടുപിടിക്കുക വളരെ എളുപ്പമുള്ള പണിയാണല്ലോ. മനുഷ്യകരങ്ങൾ എത്തുന്നിടത്തെല്ലാം, സ്പർശിക്കുന്നിടത്തെല്ലാം ജീർണ്ണിപ്പേ അതു കാണൂ. ആ ജീർണ്ണിപ്പ് ധാർമ്മികവും സ്വാഭാവികവുമായ ജീർണ്ണിപ്പായിരിക്കും.

### പ്രതിസന്ധിഘട്ടം സമൂഹങ്ങളിൽ

ഏതാദൃശപ്രവണതകളുടെ മുമ്പോട്ടോ പിമ്പോട്ടോ ഉള്ള നീക്കം ചരിത്രപരമായ സ്ഥിതിഗതികളുമായി അവഗാഢം ബന്ധപ്പെട്ടു കിടക്കുന്നു. സമൂഹങ്ങളുടെ ചരിത്രത്തിൽ ഈ പ്രവണതകൾ എപ്രകാരം പ്രതിബിംബിക്കുന്നു എന്നു കാണിക്കുവാനുള്ള ഒരെളിയ ഉദ്യമമാണ് ഈ ലേഖനം.

ദുരിതങ്ങളും സന്തോഷങ്ങളും അധഃപതനങ്ങളും കീർത്തിമാഹാത്മ്യങ്ങളുമെല്ലാം ഒരേ സമയത്തു കാണപ്പെട്ടിരുന്ന കാലഘട്ടങ്ങൾ ചരിത്രത്തിൽ വിരളമല്ല. യൂറോപ്പിലെ പ്രബലമായിരുന്ന ഏകാധിപത്യഭരണകാലത്തെക്കുറിച്ചോ, ചൈനയിലെ പ്രാചീനസാമ്രാജ്യത്തെക്കുറിച്ചോ, 17-ാം നൂററാണ്ടിലെ കത്തോലിക്കാസഭയുടെ ഭൗതികാധികാര മേൽക്കോയ്മകളെക്കുറിച്ചോ, സ്വതന്ത്ര ജനായത്ത വാദസംരംഭങ്ങളുടെ മുന്നേററത്തെക്കുറിച്ചോ ചിന്തിച്ചു നോക്കുക. ആ വ്യതിരിക്തസാഹചര്യങ്ങളിലെല്ലാം സമൂഹത്തിലെ സംഘടനാപരമായ പ്രവർത്തനങ്ങൾ നിശ്ചലമായ ഒരു തുലനാവസ്ഥയിലാണു നടന്നുകൊണ്ടിരുന്നതു്. ഇത്തരം സാഹചര്യങ്ങളിലാണു ചിന്താശീലരായ വ്യക്തികൾ പ്രത്യയശാസ്ത്രപരമായും ധർമ്മശാസ്ത്രപരമായും ഗൗരവമുള്ള വൻപ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരിക. അത്തരത്തിലുള്ള നിശ്ചലാവസ്ഥയിൽ പുതുമയുടെ മായാമോഹങ്ങൾ എളുപ്പത്തിലെങ്ങും പ്രവേശിക്കുകയില്ല; അംഗീകരിക്കപ്പെടുകയുമില്ല.

പാസ്കലിനെപ്പോലെ പ്രതികരണാവേശവും ആഭിജാത്യവുമുള്ള വ്യക്തികളെസംബന്ധിച്ചിടത്തോളം വലിയ പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു പരീക്ഷണമാണിതു്. ഒരു ചരിത്രഘട്ടത്തെ മുഴുവൻ പ്രതിനിധാനം ചെയ്യത്തക്കവണ്ണം ദോഷൈകമനഃസ്ഥിതി, ഉടുത്തൊരുങ്ങിത്തയ്യാറായി പ്രത്യക്ഷപ്പെട്ടെന്നുവരും. ഈ പരീക്ഷണങ്ങൾ സമൂഹത്തിൽ നിന്നാണുണ്ടാകുന്നതെങ്കിൽ, ആ സമൂഹത്തിൽ ജീവിക്കുന്ന ഒരുവനു്, ഒന്നുകിൽ അവിടെ നിന്നും ഓടിയൊളിക്കണമെന്ന, അല്ലെങ്കിൽ, സകലത്തിനേയും തച്ചുടയ്ക്കണമെന്ന പ്രലോഭനമായിരിക്കും ആദ്യമുണ്ടാവുക.

## പലായന മനഃസ്ഥിതി

എവിടേക്കാണു് അവൻ ഓടുക? ഒരു സ്വപ്നലോകത്തേക്കു്; "അർക്കേഡിയാ" യിലേക്കു്, (ഗാനമേളകൾ തിമിർക്കുന്ന ഒരു സന്തോഷനാടു്–); "നിഷ്കളങ്കരായ കാട്ടാളർ" പാർക്കുന്ന 'അതിവിദൂര ദേശ'ത്തേക്കു്; 'കല കലയ്ക്കുവേണ്ടി' എന്നു വാദിക്കുന്ന ആദർശനാട്ടിലേക്കു്; സംഗീതത്തിന്റെ ശബ്ദമധുരി ഒഴുകുന്ന താഴ്വരകളിലേക്കു്. വികാരങ്ങളുടേയോ സ്വപ്നങ്ങളുടേയോ മായാലോകത്തിലേക്കുള്ള പലായനത്തെ "സമ്പ

ത്തിന്റെ സമൃദ്ധിയും ഹൃദയത്തിന്റെ ലുബ്ധത”യുമാണു ത്വരിതപ്പെടുത്തുക. മനസ്സിന്റെ ദുർബ്ബലതയും സഹായകമാകാം. ഈ പലായനം കൊണ്ടു് ഒരുപക്ഷേ അത്തരം ആളുകൾ തൃപ്തരായേക്കും. പക്ഷേ, പച്ച ജീവിതത്തിലും ഉദ്ദീപ്ത ചിന്തയിലും അവർക്കു നേരിടുന്ന പ്രശ്നങ്ങൾക്കു് ഈ പലായനം ഒരു പരിഹാരമാവുകയില്ല. ആ പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള ഒരുദ്യമം പോലുമാകയില്ലതു്.

## നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയുടെ നശീകരണം.

നിലവിലിരിക്കുന്ന സാമുദായിക ചട്ടക്കൂടുകളെ തച്ചുടയ്ക്കണമെന്ന ആശയം റോബ്സ്പിയർ, നീററ്ച്ചേ തുടങ്ങിയവരെപ്പോലുള്ള ബുദ്ധിരാക്ഷസരും വികാരവിക്ഷുബ്ധരുമായ ആളുകൾക്കു് ആവേശം നൽകിയേക്കും. എന്നാൽ, അവർ വിഭാവനം ചെയ്യുന്ന 'പുതുമയുടെ ലോകം' അഥവാ, അവർ പുനഃസ്ഥാപിക്കുന്ന 'നവ്യവ്യവസ്ഥിതി' പഴയതിനേക്കാൾ ഒട്ടും മെച്ചമല്ലെന്നു ബോധപ്പെടാൻ കാലതാമസം വേണ്ടിവരില്ല. ശരിയാണു്, സാമൂഹ്യവിപ്ലവങ്ങളാണു ചരിത്രത്തെ സൃഷ്ടിക്കുന്നതു്. പക്ഷേ, അനസ്യൂതം വിപ്ലവമങ്ങനെ നടന്നുകൊണ്ടിരിക്കുമെന്നുള്ളതു രോഗബാധിതമായ മനുഷ്യമനസ്സിന്റെ ഒരപൂർവ്വവ്യാമോഹം മാത്രമായിരിക്കും.

വെറും ഉദാഹരണത്തിനു വേണ്ടിയാണു്, കഴിഞ്ഞ മൂന്നുനാലു നൂററാണ്ടുകളിലെ യൂറോപ്യൻ ചരിത്രത്തിൽ നിഴൽ വീശിയിരുന്ന ദോഷൈകചിന്തയെക്കുറിച്ചു സൂചിപ്പിച്ചതു്. ആധുനിക സാമൂഹ്യവ്യവസ്ഥിതിയുടെ വികസനം, സാമൂഹ്യരംഗങ്ങളുടെ ഭൗതികവും നാഗരികവുമായ സംഘടിത രൂപംകൊള്ളൽ ആദിയായവ പ്രസ്തുത പ്രവണതയുടെ പ്രത്യക്ഷ ഫലങ്ങളാണു്. അതേ, സാമൂഹ്യതിന്മയുടെ അസ്തിത്വം വളരെയേറെ ശ്രദ്ധേയമായ ഒരു പ്രശ്നമാണു്. ആ പ്രശ്നം ഉളവാക്കുന്ന പ്രതികരണങ്ങളും അതേക്കുറിച്ചു് ഒരുവനെടുക്കാവുന്ന അതിരുകടന്ന നിഗമനങ്ങളും കത്തോലിക്കജീവിതത്തിലെ ചിന്തയിലും പ്രവൃത്തിയിലും നിഴൽ വീശുന്നുണ്ടു് എന്ന വസ്തുത ചൂണ്ടിക്കാട്ടുകയാണു് എന്റെ ഉദ്ദേശ്യം. ആ വസ്തുത കാണുമ്പോൾ ആരും അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. സാമൂഹ്യതിന്മയുടെ അസ്തിത്വം മാനവപച

രിത്രത്തിലെ അപ്രതിഹതമായ ഒരു യാഥാർത്ഥ്യമാണ്. പൂർവ്വകാലചരിത്രമെന്നോ പുതിയകാലചരിത്രമെന്നോ ഉള്ള വ്യത്യാസങ്ങളൊന്നും തിന്മയുടെ അസ്തിത്വത്തിനു ബാധകമല്ല. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അവൻ എന്നും സമൂഹത്തിൽ ജീവിക്കുന്നു.

## കത്തോലിക്കാ സഭ

യേശുക്രിസ്തു അഭിലഷിച്ചതുപോലെ സഭ സാമൂഹ്യമായി തന്നെ നിലനില്ക്കുന്നു. സാമൂഹ്യമായ സ്വഭാവവും കെട്ടുറപ്പും സ്ഥിരതയുമുള്ള ഘടനയാണ് സഭയുടേത്. എന്നാൽ, കഷ്ടപ്പാടുകളിൽ നിന്നും ദുഃഖദുരിതങ്ങളിൽ നിന്നും വിമുക്തയല്ല അവളൊരിക്കലും. ഇവയിൽ നിന്നൊക്കെ സഭയെ പരിരക്ഷിച്ചുകൊള്ളാമെന്ന് ആരും ഒരുറപ്പും അവൾക്കു നൽകിയിട്ടുമില്ല. യാഥാർത്ഥ്യം നേരെമറിച്ചാണുതാനും. ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യനുമായി, അവന്റെ ബഹുവിധങ്ങളായ ദൗർബല്യങ്ങളുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണു സഭയുടെ മഹത്തായ സവിശേഷതകളിലൊന്ന്. അതിരുകടന്ന "പ്യൂരിറ്റൻ" മനഃസ്ഥിതി (എല്ലാവിധ ആനന്ദങ്ങളും പാപമാണെന്ന സിദ്ധാന്തം) കാണിക്കുന്ന സഭ തന്റെ ആധികാരിക മുഖഭാവം കൈവെടിയുകയായിരിക്കും ചെയ്യുക. മാമ്മോദീസാ സ്വീകരിച്ചിട്ടുള്ളവരുടെ – പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാരൂപിയുടേയും നാമത്തിൽ നൽകപ്പെടുന്ന മാമ്മോദീസാ സ്വീകരിച്ചിട്ടുള്ളവരുടെ—സമൂഹമാണു സഭ. അല്ലാതെ, നിത്യജീവിതത്തിനായി കാലേക്കൂട്ടി മാററിനിർത്തപ്പെട്ടിരിക്കുന്നവരുടെ മാത്രം കൂട്ടമല്ല സഭ. ദൈവകൃപയിൽ സദാപി നിറഞ്ഞുനില്ക്കുന്നവരുടെ മാത്രം കൂട്ടവുമല്ല.

ഉവ്വ്, അനേകം തിന്മകൾ സഭയിലും വളരുന്നുണ്ട്. ഇതര സമൂഹങ്ങളെ അലട്ടുന്നപോലെ തിന്മ സഭയേയും അലട്ടിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ, തിന്മകളുള്ള സഭയ്ക്കെതിരായിട്ടാണ് പ്രതികരണങ്ങളുടെ പ്രചണ്ഡമാരുതൻ പലപ്പോഴും ആഞ്ഞടിക്കാറ്. 'പലായന പ്രസ്ഥാന'ത്തിന്റേയും 'തച്ചുടയ്ക്കൽ പ്രസ്ഥാന'ത്തിന്റേയും പ്രതികരണ പ്രവാഹം പൊട്ടിപ്പുറപ്പെടാറ്. ഒരു കാര്യം വ്യക്തമാണ്—ചീത്ത മനുഷ്യരല്ല എപ്പോഴും ഇ

തരം പ്രലോഭനങ്ങൾക്കു വിധേയരാവുക. ഏററം വലിയ ദുഷ്ടമനഃസ്ഥിതിക്കാരുമല്ല അതിലേക്കു് ആനയിക്കപ്പെടുക.

'വേർപെട്ടുപോയ' പുതിയസഭകളുടെ ഉത്ഭവം തന്നെ ഈ വസ്തുത സുതരാം വ്യക്തമാക്കുന്നുണ്ടു്. നവീകരണക്കാരുടെ ഉദ്ദേശ്യശുദ്ധിയെ സമ്മതിച്ചിരുന്നാൽതന്നെ, അവരും വമ്പിച്ചരീതിയിൽ ദുഷിപ്പുകളുടെ നിയമബന്ധങ്ങൾക്കിരയാകുന്നു. പുതുതായി സൃഷ്ടിച്ചതിനെ എതിർത്തുകൊണ്ടു് വീണ്ടും പുതിയ 'പ്യൂരിറെറൻ' സംഘങ്ങൾ ഉയർന്നുവരുന്നു. എല്ലാവിധ സംഘടിത സഭകളോടുമുള്ള അതൃപ്തിയായിരിക്കും ഇവയുടെയെല്ലാം പരിണതഫലം. അതിൽനിന്നുണ്ടാകുന്നതോ? ഒരുതരം 'ലിബറൽ ക്രിസ്തുമതം'. പ്രവർത്തനരംഗത്തു് അതു നിഷ്ക്രിയമായിരിക്കും. മനുഷ്യന്റെ വ്യക്തിഗതവും സാമൂഹ്യവുമായ ജീവിതത്തിൽ അതിനു പ്രവേശനമേ ലഭിക്കുകയില്ല.

ഒരു ഭാഗത്തെ പ്രലോഭനം പലായനമെങ്കിൽ മറുഭാഗത്തേതു് വിദ്വേഷമാണു്. വിദ്വേഷത്തിന്റെ തീച്ചൂളയിലങ്ങനെ എരിഞ്ഞുനീറുന്ന മനുഷ്യരെക്കുറിച്ചു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടു്. വോൾട്ടയറിന്റെ 'അപകീർത്തിതയെ തകർക്കുക'' എന്ന മുദ്രാവാക്യം ഇതിനൊരുദാഹരണമാണു്. യൂറോപ്പിൽ സ്പെയിൻ ഉൾപ്പെടെ ചില രാജ്യങ്ങളിൽ ഇന്നു നടമാടുന്ന കത്തോലിക്കവിരുദ്ധ മതമർദ്ദനം മറെറാരുതരം ഉദാഹരണം.

ഈ ചരിത്രയാഥാർത്ഥ്യങ്ങളെ—സഭയിൽനിന്നുള്ള വേർപാടും അതിനെതിരായുള്ള മർദ്ദനമുറകളും—കണ്ടുകൊണ്ടു് സഭയിലെ ചില അപ്പോളജെററിക് - എഴുത്തുകാർ (നീതീകരണത്തിനു വേണ്ടി മാത്രം എഴുതുന്നവർ) പ്രതിബന്ധങ്ങളെ അടിയോടെ വെട്ടിനീക്കുവാനുള്ള ഉദ്യമത്തിൽ, ദൈവിക നിർദ്ദേശത്താൽ സഭക്കർഹമായിരിക്കുന്ന "വിശുദ്ധ'' എന്ന വിശേഷത്തിന്റെ അസ്പഷ്ടതയെ കണ്ടുകൊണ്ടുതന്നെ, സ്വാഭിലാഷ പൂർത്തിക്കായി അതിനെ പെരുപ്പിച്ചുകാണിച്ചുകൊണ്ടു് "ദയാപൂർവ്വമുള്ള ഒരുതരം മർദ്ദനം'' ചരിത്രത്തോടു ചെയ്യുന്നു. ഇനി, വേറൊരുതരം വീക്ഷണഗതിക്കാരുണ്ടു്: ക്ലെരിക്കലിസ്ററുകൾ—പുരോഹിതവാദികൾ. വിശ്വാസികളും സഭാമാതാവും തമ്മിലുള്ള വൈകാരികവും വാസനാപരവുമായ 'മാതൃ'ബന്ധത്തെ പ്രശംസിക്കുകയാണു് അവരുടെ പൊതുവായ തൊഴിൽ. ഈ നിലപാടും ചിലപ്പോഴൊ

ക്കെ പ്രതിരോധനക്ഷമമായി ഭവിക്കാറുണ്ട്. പക്ഷേ ആ പ്രതിരോധനം ബുദ്ധിപരമായി അന്ധമായിരിക്കുന്നതുപോലെതന്നെ വൈകാരികമായി പ്രചണ്ഡതരമാണ്.

ഈ രണ്ടുതരം പ്രതിരോധന നടപടികളിലൊന്നും ദൈവത്തിന്റെ മുൻപിലാകട്ടെ സത്യത്തിന്റെ വചനമായ ക്രിസ്തുനാഥന്റെ മുൻപിലാകട്ടെ അനുമോദനാർഹമാകയില്ല. സത്യം സംരക്ഷിക്കപ്പെടേണ്ടതു് അസത്യത്തിന്റെ ജനയിതാവിനെ ക്കൊണ്ടോ അന്ധകാരത്തിന്റെ നായകനെക്കൊണ്ടോ ആയിരിക്കണമോ? അങ്ങനെതന്നെ വേണമെന്നു് ആരെങ്കിലും പറയുമെങ്കിൽ, തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾക്കു് ചൂട്ടുപിടിക്കുന്നതിനു സഭയെ ഉപകരണമാക്കുന്നവരായിരിക്കും അവർ. പരമസത്യമായ ദൈവത്തിനു നൽകുന്ന ആരാധനയാണു് മതത്തിന്റെ സത്താപരമായ ധർമ്മമെന്നു വിശ്വസിക്കുന്നവർ അങ്ങനെ പറയാനൊരുമ്പെടുകയില്ല.

ക്രിസ്തുവിനാൽ സ്ഥാപിതമായ സഭയിൽ കാണുന്ന തിന്മയ്ക്കുള്ള വാസ്തവികമായ ഏക പരിഹാരം അതിന്റെ ഉപരിതലത്തിൽ മാത്രം തപ്പിനോക്കുന്നതുകൊണ്ടു് പിടികിട്ടുകയില്ല. അതിനു മനുഷ്യശാസ്ത്രപരമായ അപഗ്രഥനം ആവശ്യകമാണു്. കൂടുതൽ അഗാധവും കൂടുതൽ വ്യാപകവുമായ ഒരപഗ്രഥനം വഴിയേ അതു കരഗതമാകൂ. എന്തുകൊണ്ടെന്നാൽ, മനുഷ്യനെപ്പോലെ തന്നെ സഭയും ചരിത്രത്തിൽ ജീവിക്കുന്ന ഒന്നാണു്: അല്ലാതെ, ചരിത്രത്തിന്നേർതല്ല. ഒരു ക്രൈസ്തവന്റെ വീക്ഷണത്തിൽ, ചരിത്രം (പ്രപഞ്ചം + കാലം) മനുഷ്യനുവേണ്ടിയുള്ളതാണു്, അല്ലാതെ മനുഷ്യൻ ചരിത്രത്തിനു വേണ്ടിയുള്ളതല്ല. മനുഷ്യനോ, ദൈവത്തിനുവേണ്ടിയും. ദൈവാവിഷ്കരണത്തിലൂടെ പ്രത്യക്ഷപ്പെടുന്ന, മനുഷ്യചരിത്രത്തെ കുറിക്കുന്ന ഒരവബോധമായിരിക്കും അവസാനം യാഥാർത്ഥ്യത്തിന്റെ തനിനിറം നമ്മെ കാണിച്ചുതരിക. കടകവിരുദ്ധങ്ങളായി കരുതപ്പെടുന്നവയുടെ ആന്തരികാർത്ഥം അന്നു നമുക്കു വെളിപ്പെടും. എന്തുകൊണ്ടെന്നാൽ ഭൂമിയിലുള്ള സമരസഭയെക്കുറിച്ചുള്ള രഹസ്യം അടിസ്ഥാനപരമായി, മനുഷ്യനെക്കുറിക്കുന്ന രഹസ്യംതന്നെയാണു്. ഭൂതലത്തിലെ ഒരു വഴിപോക്കനും പാപിയുമാണു മനുഷ്യൻ. ഇതുതന്നെയാണു് നന്മയുടേയും തിന്മയുടേയും രഹസ്യം; ഇതുതന്നെ, ദൈവത്തേയും പിശാചിനേയും കുറിച്ചുള്ള രഹസ്യം.

ദൈവം മനുഷ്യരെ സ്നേഹിക്കുന്നു, മനുഷ്യൻ പാപിയായിരിക്കുമ്പോഴും. ദൈവം സഭയെ സ്നേഹിക്കുന്നു, സഭ ഭൗമികമനുഷ്യനോടും അവന്റെ പാരിസാഹചര്യങ്ങളോടും ബന്ധപ്പെട്ടിരിക്കുമ്പോഴും. ഈ ലോകവീഥിയിലൂടെയാണു സഭ പ്രയാണം തുടരുന്നത്. വേദന നിറഞ്ഞ ഒരു പ്രയാണമാണത്. സാവധാനത്തിലാണു അതിന്റെ ഗതി. ക്രിസ്തുനാഥന്റെ പ്രഭാവപൂർണ്ണമായ രണ്ടാമത്തെ വരവു നോക്കിയാണ് ഓരോ ചുവടും അതു മുന്നോട്ടുവയ്ക്കുന്നത്. വിശുദ്ധിയുടെ പൂർണ്ണതയിലേയ്ക്കുള്ള ഒരു നീക്കമാണതിന്റേത്. ഈ കാഴ്ചപ്പാടിലൂടെവേണം സഭയെ വീക്ഷിക്കുവാൻ. അപ്പോൾ നമ്മുടെ സമീപനം യഥാതഥവും ശുഭാപ്തിപൂർണ്ണവുമായിരിക്കും. അതുകൊണ്ട്, ഒരു യഥാർത്ഥവിശ്വാസിക്ക് തന്റെ ചിന്താപരമായ അന്വേഷണങ്ങളുടെ ആരംഭമായി ദോഷൈക ചിന്തയെ സ്വീകരിക്കാൻ വയ്യാ. ദോഷൈകചിന്തയിൽ ആരംഭിക്കുന്ന അന്വേഷണം അടിസ്ഥാനപരമായി പ്രമാദപൂർണ്ണമായിരിക്കും.

എങ്കിൽ തിന്മ, പാപം ഇവയെക്കുറിച്ചൊക്കെ എന്തു പറയുന്നു? അവയെ ഒളിക്കുന്നതോ നിഷേധിക്കുന്നതോ സത്യസന്ധമായിരിക്കുകയില്ല. അവയെ അംഗീകരിക്കുന്നതു പരമാബന്ധം തന്നെ, സംശയമില്ല. അതേ സമയം വ്യക്തികളുടേയോ സഭയുൾപ്പെടെയുള്ള സമൂഹങ്ങളുടേയോ ജീവിതത്തിൽ നിന്നും അവയെ നിഷ്കാസനം ചെയ്യാമെന്നും വ്യാമോഹിക്കേണ്ട. ആ വ്യാമോഹം പരമ വിഡ്ഢിത്തമായിരിക്കും. സഭയുടെ നെടുംതൂണുകളായ സെന്റ് പീറ്ററിന്റേയും സെന്റ് പോളിന്റേയും സെന്റ് ജെയിംസിന്റേയും ജീവിതത്തിലേക്കു നോക്കുക. അവരുടെ ലേഖനങ്ങൾ എന്തു പറയുന്നു? അവർക്ക് ഇക്കാര്യത്തെപ്പററി ഒരു സംശയവുമില്ലായിരുന്നു. സഭയെ ഒരു ദൃശ്യസംഘടനയായി പ്രചരിപ്പിച്ച ഓരോ മനുഷ്യനും ഇക്കാര്യം അറിയാമായിരുന്നു. അവരെല്ലാം ഒരുവിധത്തിൽ 'സ്റ്റോയിക്കു'കളായിരുന്നുവെന്നു പറയാം—സ്റ്റോയിക്ക് എന്ന വാക്കിന്റെ ശരിയായ അർത്ഥപ്രയോഗത്തിൽ. അവരുടെ സമീപന—നിഗമനങ്ങൾ തെററാണെന്ന് സഭ ഒരിക്കലും പ്രഖ്യാപിച്ചിട്ടില്ല. തിന്മ തളംകെട്ടികിടക്കുന്ന സമൂഹങ്ങളുടെ ചരിത്രത്തെക്കുറിച്ചുള്ള അനുഭവജ്ഞാനം സഭയ്ക്കു വേണ്ടുവോളമുണ്ട്. ഉദാഹരണമായി, റോമാസാമ്രാജ്യത്തിന്റെ സഹസ്രാബ്ദചരിത്രമെടുക്കുക.

വെളിപാടിന്റെ വെളിച്ചത്തിൽ, സ്റ്റോയിക്കമനസ്ഥിതിയുടെ അടിസ്ഥാനമായിരുന്ന അജ്ഞേയവാദം തകർന്നുപോയി. അതിന്റെ ഏററം ദുർബ്ബലമായിരുന്ന വശവും അതുതന്നെയായിരുന്നു. എന്നാൽ, മറെറാരു ഭാവാത്മക(positive) വശം നശിക്കാതെ നിന്നു. ജീവിതത്തിലേയും ചരിത്രത്തിലേയും യാഥാർത്ഥ്യങ്ങളോടുള്ള ഉള്ളുതുറന്ന സമീപനരീതിയാണതു്. മായാസങ്കല്പങ്ങൾ കൊണ്ടു് മനസ്സിനെ നിറയ്ക്കാൻ സാദ്ധ്യമല്ലെന്നു സഭാധികാരികൾക്കു് അതിൽ നിന്നും മനസ്സിലായി. മനുഷ്യസ്വഭാവത്തോടു്—അതിന്റെ എല്ലാ പരിമിതികളോടുംകൂടി —ചേർത്താണു് ദൈവത്തിന്റെ സഭ പണിതുയർത്തേണ്ടതു്. രക്ഷിക്കപ്പെടേണ്ടവർ നമ്മളാണല്ലോ - ദുർബലരായ മനുഷ്യർ.

## വിശുദ്ധർ—സഭയുടെ പ്രഭാവം

പണ്ടൊക്കെ എഴുതിയിട്ടുള്ള വിശുദ്ധരുടെ ജീവചരിത്രങ്ങളിൽ വിഭാവനയുടെ വൈചിത്ര്യം കുറെയേറെ അധികരിച്ചിട്ടുണ്ടെന്നു സമ്മതിച്ചാൽത്തന്നെ, ആ വ്യക്തികളുടെ ജീവിതത്തിൽ നിറഞ്ഞിരുന്ന പരിശുദ്ധിയുടെ പരിമളം വളരെ നാളത്തേക്കു നീണ്ടുനിന്ന സമരത്തിന്റെ പരിണതഫലമാണെന്നു് അംഗീകരിക്കണം. ഇതിനു് അപവാദങ്ങളുണ്ടെങ്കിൽ, അതു രണ്ടേരണ്ടെണ്ണമാണു്. ഒന്നു്, ക്രിസ്തുനാഥൻ; രണ്ടു്, പരിശുദ്ധകന്യകാമറിയം. അനേകം പോരാട്ടങ്ങൾക്കുശേഷം കൈവരിക്കുന്ന വിജയമകുടമാണു വിശുദ്ധി. ഒട്ടനേകം പരാജയങ്ങളും അസംഖ്യം അവിശ്വാസ്യതകളും അതിന്റെ പിന്നിൽ കാണും. വിശുദ്ധരെ വിശുദ്ധരാക്കിത്തീർത്തതു് "സ്വർഗ്ഗത്തിലുള്ള പിതാവു് പൂർണ്ണനായിരിക്കുന്നതുപോലെ പൂർണ്ണരാകുവാനുള്ള" അഭിനിവേശമാണു്. ആ അഭിനിവേശം വൈകാരികവശ്യത നിറഞ്ഞതുമാണു്. ദൈവത്തോടുള്ള സ്നേഹത്തിൽ ഗാഢമായി ഇണങ്ങി വസിക്കാനുള്ള ഉൽക്കടാഭിവാഞ്ഛയാണതിനു പ്രചോദനം. അല്ലാതെ ആ പാപത്തിലോ ഈ പാപത്തിലോ അവർ നിപതിച്ചില്ലെന്ന വസ്തുതയല്ല.

വിശുദ്ധരെക്കുറിച്ചു പറഞ്ഞവ സഭയെക്കുറിച്ചു പറഞ്ഞാലും വാസ്തവമായിരിക്കാം. ദൗർബല്യങ്ങളുടെയിടയിലും സ്നേഹത്തിന്റേയും വിശുദ്ധിയുടേയും അവികലസന്ദേശം സഭ എന്നും ലോകത്തെ അറിയിച്ചിരുന്നു. തന്റെ ആദർശങ്ങൾ 'പ്രായോഗി

കജീവിതത്തിൽ പ്രാവർത്തികമാക്കാൻ സഭ കിണഞ്ഞുപരിശ്രമിച്ചിട്ടുണ്ടു്. ദിവ്യകൂദാശകളേയും കൂദാശികകൃപാവരങ്ങളേയും സഭ എന്നും വിതരണം ചെയ്തുകൊണ്ടാണിരുന്നിട്ടുള്ളതു്. സഭയെ ഒരു സാമൂഹ്യസംഘടനയായിട്ടാണു് ക്രിസ്തു സ്ഥാപിച്ചിരിക്കുന്നതു്. അതുകൊണ്ടു് വിശുദ്ധിസമ്പാദനമാർഗ്ഗത്തിൽ സഭയെന്നും സാമൂഹ്യമായി വർത്തിക്കുന്നു. മറിച്ചു പ്രവർത്തിക്കുവാൻ സഭക്കു സാദ്ധ്യമല്ല. നൂററാണ്ടുകളിലൂടെ ഇന്നുവരെ മതപരവും സാന്മാർഗ്ഗികമായി മാററമില്ലാത്ത ഒരേ മൗലികസത്യങ്ങൾ മുക്കടമുഷ്ടികളായ ഒരു ജനതതിയോടു് ആവർത്തിച്ചാവർത്തിച്ചു സഭ ഉൽബോധിപ്പിച്ചുപോന്നു. മതപരമായ കാര്യങ്ങളിൽ ഒട്ടും താല്പര്യമില്ലാത്ത ഒരു ജനതക്കു്, നിസ്വാർത്ഥതരമായ സാന്മാർഗ്ഗിക ജീവിതം നയിക്കാൻ ഒട്ടുംതന്നെ മനസ്സില്ലാത്ത ഒരു ജനതക്കു, ചുററും രക്ഷയുടെ വേലിക്കെട്ടുകൾ നിർമ്മിക്കുകയും ഒരു 'ക്രിസ്ത്യൻ വലയ'ത്തിന്റെ അതിരുകൾ സ്ഥാപിക്കുകയും ചെയ്യുകയെന്നതായിരുന്നു സഭയുടെ ഉന്നം. അപര്യാപ്തകമായ ഈ പ്രതിരോധന നടപടികളെയാണു് അന്തഃസാരവിഹീനരായ ആദർശവാദികൾ "പുരോഹിതമേധാവിത്വ"മെന്നപേരിൽ പലപ്പോഴും അപലപിച്ചിട്ടുള്ളതു്.

ഒരു ക്രിസ്തീയ ലോകത്തിന്റെ നിർമ്മാണം എന്നേക്കു പൂർത്തിയാകും? ചാഞ്ചല്യവിധേയമായ ഈ കാലചരിത്രം എന്നു് അതിന്റെ അന്ത്യത്തിലെത്തും? ഇനിയും ഒരായിരം കൊല്ലംകൂടി കാത്തിരിക്കണമോ? എത്രനാളായി സഭ അവളുടെ ദൗത്യം നിർവ്വഹിക്കുന്നു?

വളരെയേറെ വിചിന്തനങ്ങൾക്കു വക നൽകുന്നതാണു് ഈ ചോദ്യങ്ങൾ. മനുഷ്യനും അവന്റെ ചരിത്രവും പോലെ സഭയും ഒരു രഹസ്യമാണു്. പക്ഷേ, ഒരു കാര്യം തീർച്ചപറയാം. അവസാനവിജയം സഭയുടേതായിരിക്കും, തീർച്ചപ്പെടുത്തിക്കഴിഞ്ഞ സംഗതിയാണു്.

## സന്യാസാലയങ്ങൾ—രക്ഷയുടെ പാതകൾ

മനുഷ്യരെ വിശുദ്ധരെന്നു നാമകരണം ചെയ്തുകൊണ്ടു്, അവരുടെ പരിശുദ്ധിയെ സഭ പരസ്യമായി വിളമ്പരം ചെയ്യുന്നു. വിശുദ്ധരുടെ പട്ടികയിൽ സന്യാസസഭാസ്ഥാപകരുടെ ഒരു

നീണ്ട പട്ടിക കാണുന്നതു വലിയ അത്ഭുതം ജനിപ്പിച്ചേക്കാം. എന്നാൽ, ഇതുവരെ പറഞ്ഞ കാര്യങ്ങൾ വേണ്ട വിധം മനസ്സിൽ പതിഞ്ഞിട്ടുണ്ടെങ്കിൽ യാതൊരത്ഭുതത്തിനും വകയില്ല.

മനുഷ്യരെ വിശുദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള സകല ‘സംഘടനാസംരഭ’ങ്ങളും അടിസ്ഥാനപരമായി സാർവത്രിക സഭയുടെ പുനഃനിർമ്മാണമാണെന്നതു് ഒരു വസ്തുതയാണു്. അതുകൊണ്ടു്, അവയുടെ സ്ഥാപനംതന്നെ ആദ്ധ്യാത്മികമായ പക്വതയുടെ നിദർശനമാണു്. പരിപൂർണ്ണത പ്രാപിക്കാനുള്ള മനുഷ്യന്റെ കഴിവിലുള്ള വിശ്വാസപ്രഖ്യാപനം: മനുഷ്യദൗർബല്യങ്ങളിൽപ്പോലും ദൈവത്തിനുള്ള അധികാരത്തെ സൂചിപ്പിക്കുന്ന വിശ്വാസപ്രഖ്യാപനമാണതു്. സ്വയം പരിപൂർണ്ണരാകാനും സ്വാംഗങ്ങളെ വിശുദ്ധീകരിക്കാനും അത്തരം സാമൂഹ്യസംഘങ്ങൾക്കു കഴിവുണ്ടെന്നു കാണിക്കുന്ന “പ്രത്യാശയുടെ പ്രഖ്യാപനം” കൂടിയാണതു്. ആജീവനാന്തം സമൂഹജീവിതം നയിച്ചുകൊള്ളാമെന്നു വ്രതമെടുക്കാൻ സ്ത്രീകളെപ്പോലും അനുവദിക്കുന്ന സഭയുടെ ധീരതയെ പലരും പ്രശംസിക്കാറുണ്ടു്.

അവസാനമായി, ദൈവമായ മിശിഹായിലും പരിശുദ്ധസഭയുടെ അനുഗ്രഹങ്ങളിലുമുള്ള ആശ്രയബോധമാണു് വിശുദ്ധരുടെ ശുഭാപ്തിവിശ്വാസത്തിനു നിദാനം. എന്തുകൊണ്ടെന്നാൽ, മിക്ക സന്യാസസഭാസ്ഥാപകരും അവരുടെ ജീവിതകാലത്തുതന്നെ അവർ ആസൂത്രണം ചെയ്തിരുന്ന പദ്ധതികളുടെ വൈദഗ്ദ്ധ്യത്തിലും വിഭാവനം ചെയ്തിരുന്ന ആദർശങ്ങളുടെ ശ്രേഷ്ഠതയിലും അധിഷ്ഠിതമായിരുന്ന തങ്ങളുടെ ശുഭാപ്തിവിശ്വാസം ദയനീയമായി തെറ്റിദ്ധാരണകളുടെ കയത്തിൽ താഴുന്നതും ആദ്ധ്യാത്മികനിർജ്ജീവത്വത്തിലേക്കു് അധഃപതിക്കുന്നതും കണ്ടനുഭവിച്ചവരാണു്.

എന്നാൽ, അവരുടെ പ്രവർത്തനങ്ങളൊന്നും അന്തരിച്ചുപോയില്ല. അവയെല്ലാം സഭയുടെ വിശുദ്ധീകരണകർമ്മത്തിന്റെ പ്രതിഫലനമായിരുന്നു. ക്രമേണ, മനുഷ്യരും പ്രസ്ഥാനങ്ങളും വിശുദ്ധീകരിക്കപ്പെട്ടു. സഭാചരിത്രം അതാണു തെളിയിക്കുന്നതു്; സന്യാസസഭകളുടെ ചരിത്രം അതാണു വെളിപ്പെടുത്തുന്നതു്; അനേകം ധീരാത്മാക്കളുടെ വീരചരിതം അതാണു് ഉറക്കെ പ്രഖ്യാപിക്കുന്നതു്.

—X—

# അദ്ധ്യയനമണ്ഡലം ലഘുലേഖനപരമ്പര

## (ഒരാസ്വാദനം)

റവ. ഡോ. ജോൺബ്രിട്ടോ സി. എം. ഐ.

അദ്ധ്യയനമണ്ഡലത്തിന്റെ ലഘുലേഖനപരമ്പര അത്യധികം അഭിനന്ദനീയമായ ഒരു കാൽവെയ്പാണു്. ഇടവകകൾതോറും രൂപംകൊണ്ടു് ആവേശപൂർവം പ്രവർത്തിക്കുന്ന ചർച്ചാസംഘങ്ങൾക്കു് അനുപേക്ഷണീയമായ ഒരുപകരണവുമാണു് അതു്. ഏതാദൃശമായ ചർച്ചാരംഗങ്ങളിൽ വലിയ ഗ്രന്ഥങ്ങൾ വായിച്ചൊതുങ്ങുന്നതിനോ നീണ്ട പ്രസംഗങ്ങൾകൊണ്ടു് വിഷയം അവതരിപ്പിക്കുന്നതിനോ സാധ്യതയില്ല. വിഷയത്തിന്റെ പ്രധാനകാര്യങ്ങളെല്ലാം ഊന്നിക്കാണിക്കുന്ന ഒരു സംഗ്രഹാവതരണമാണു് ആവശ്യം. അതിനു ലഘുലേഖനപരമ്പര തികച്ചും ഉപകരിക്കുമെന്നുള്ളതിൽ സംശയമില്ല.

മതബോധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെയുണ്ടു് അദ്ധ്യയനമണ്ഡലത്തിന്റെ അംഗങ്ങളിൽ. ഒന്നാമത്തെ ലഘുലേഖ, മതബോധനം സംബന്ധിച്ച സഭയുടെ ഉൽബോധനങ്ങൾ സമഗ്രമായി അവതരിപ്പിക്കുന്നതാണു്. പ്രായോഗികമായി പല നിർദ്ദേശങ്ങളും അതോട്ടുകൂടി നൽകുന്നുണ്ടു്. ഇതാണു് ഏതദീയവിഷയകമായ ഒരു ചർച്ചയ്ക്കു് അത്യാവശ്യം. മതബോധനത്തിന്റെ യഥാർത്ഥചൈതന്യവും ബോധനരീതിയും സംബന്ധിച്ച വിശദാംശങ്ങൾ ചർച്ചയിൽ നിന്നു സിദ്ധിക്കുകയും ചെയ്യും.

യുക്തിയും വിശ്വാസവും, ദൈവം ഉണ്ടു്, വെളിപാടു്, അത്ഭുതങ്ങളും പ്രവചനങ്ങളും, വിശ്വാസം എന്നീ വിഷയങ്ങളെ പുരസ്കരിച്ചുള്ള അഞ്ചു ലഘുലേഖകൾ ക്രൈസ്തവമതാവതരണത്തിന്റെ മൂലതത്വങ്ങളുടെ ഒരു സംഗ്രഹമാണു്. പല ചർച്ചകൾക്കും മിതമായ വിഷയം അവ തരുന്നുണ്ടു്. നമ്മുടെ പരിജ്ഞാനം സമഗ്രമാണോയെന്നു് എളുപ്പത്തിൽ പരിശോധിക്കാൻ ഒരു മട്ടുവുമാണു് ഈ ലഘുലേഖകൾ. ചില വേദശാസ്ത്രഗ്രന്ഥങ്ങളുടെ വിഷയസൂചിയാണോ എന്നു തോന്നിക്കുന്ന ഒരു ശുഷ്കത ഇവയിൽ ചിലതിൽ നമുക്കു് അനുഭവപ്പെട്ടേക്കാം. യുക്തി

യെ കേവലം ‘കാര്യകാരണബന്ധ’’മായി കരുതിക്കൊണ്ട് ആ ശുഷ്ക്കമായ യുക്തിയുടെ മുകളിൽ ദൈവത്തിന്റെ മനുഷ്യകുലത്തിനുള്ള ആത്മദാനം മുഴുവൻ താങ്ങി നിറുത്തുന്നതിനുള്ള ഒരു പ്രവണതയും ഇല്ലേ എന്നു തോന്നിപ്പോകുന്നു. ദൈവാവിഷ്ക്കരണത്തെ “ഒരു സത്യം വെളിപ്പെടുത്തിക്കൊണ്ട് ദൈവം മനുഷ്യരോടു സംസാരിക്കുകയാണ്’’ എന്നു നിർവചിക്കുന്നതിനെ ഇന്ന് ചില ദൈവശാസ്ത്രജ്ഞന്മാർ കേവലം ഏകപക്ഷീയമായ ഒരവതരണമായി കരുതിയേക്കാം. ദൈവം മനുഷ്യനുവേണ്ടി ചെയ്ത മഹാകാര്യങ്ങളെല്ലാം, സത്യങ്ങൾ മാത്രമല്ല, പഴയനിയമത്തിന്റെ ആരംഭം തുടങ്ങി ദൈവം തന്റെ സാന്നിധ്യവും സ്വഭാവവും രക്ഷണപരിപാടിയും മനുഷ്യനു അനുഭവവേദ്യമാക്കിയതു മുഴുവൻ ‘വെളിപാടി’ന്റെ വിവക്ഷയിൽ കൊണ്ടുവരണമെന്നാണ് അവരുടെ മതം. പക്ഷെ ഇതൊരു വിശദാംശം മാത്രമാണ്. ചർച്ചയിൽ വിശദീകരിക്കേണ്ടതേയുള്ളു. ലേഖനത്തിന്റെ ന്യൂനതയായി കുറിക്കണമെന്നില്ല.

വിശുദ്ധഗ്രന്ഥവും ദൈവികപാരമ്പര്യവും ബന്ധിച്ച രണ്ടു ലേഖനങ്ങളും മേല്പറഞ്ഞതുപോലെ തന്നെ സമഗ്രമാണ്. സാമാന്യമായി അറിയേണ്ടകാര്യങ്ങളെല്ലാം കൊള്ളിച്ചിട്ടുണ്ട്. ഒരു പക്ഷെ അറിഞ്ഞിട്ട് വലിയ പ്രയോജനമില്ലാത്ത കാര്യങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നേ പരാതിയുണ്ടാകുകയുള്ളു. ഉദാഹരണത്തിന് പഴയനിയമത്തിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങളെല്ലാം യഥാർത്ഥത്തിൽ ചരിത്രപരമായി നടന്നിട്ടുള്ളവയാണെന്ന് ഊന്നികാണിച്ചിട്ട് ആവശ്യമില്ല. പണ്ഡിതന്മാർ വിവാദവിഷയങ്ങളായി കരുതുന്നവ പലതുമുണ്ട് അവയിൽ. ആ “ചരിത്രസംഭവങ്ങളിൽ’’ ഊന്നിനിൽക്കുന്നതു് വിശുദ്ധഗ്രന്ഥം ശരിക്കു മനസ്സിലാക്കാൻ അത്ര ഉപകരിച്ചില്ലെന്നും വന്നേക്കാം. അതുപോലെ ദൈവികപാരമ്പര്യം “വേദപുസ്തകം വഴിയല്ലാതെ വാമൊഴിയായിട്ടുമാത്രം സഭയ്ക്കു നൽകപ്പെട്ട’’ വെളിപാടായി വേദപുസ്തകത്തിൽ നിന്നു തീർത്തും മുറിച്ചു വേർതിരിച്ചിട്ട് ആവശ്യമുണ്ടോ എന്നു സംശയിക്കുന്നു.

എന്നാൽ ഇതെല്ലാം നിസ്സാര ന്യൂനതകൾ മാത്രമാണ്. ലഘുലേഖകളുടെ പ്രയോജനത്തേയും സമഗ്രതയേയും അവ തെല്ലും

# മോഡൽ ക്ലാസ്സ്

| | |
|---|---|
| ക്ലാസ്സ് | V |
| കുട്ടികളുടെ ശ. ശ. വയസ്സ് | 10 |
| വിഷയം | മതപഠനം |
| ഭാഗം | കർത്തൃപ്രാർത്ഥന |
| ഉദ്ദേശ്യം | കർത്തൃപ്രാർത്ഥനയുടെ മാഹാത്മ്യം കുട്ടികളെ മനസ്സിലാക്കുക; പ്രാർത്ഥനാചൈതന്യം വരുത്തി ഫലപ്രദമായി പ്രാർത്ഥിക്കുവാൻ അവരെ അഭ്യസിപ്പിക്കുക. |
| ഉപകരണം | ചാർട്ടുകൾ. (നന്നായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന ഒരു കുട്ടിയുടെ ചിത്രം, നമ്മുടെ കർത്താവു് ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ചിത്രം) |
| സമയം | 45 മി. |

| Matter | Method. |
|---|---|
| Preparation (പ്രാരംഭം മുന്നറിവു പരിശോധന) | (പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിയുടെ ചിത്രം കാണിച്ചു്) |
| പ്രാർത്ഥിക്കുന്നു. പ്രാർത്ഥിക്കാറുണ്ടു്. ത്രികാലങ്ങളിലും എല്ലാ പ്രവൃത്തികളുടെയും ആരംഭത്തിലും അന്ത്യത്തിലും | ഈ കുട്ടി എന്തുചെയ്യുന്നു? നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ? എപ്പോഴെല്ലാം? |
| ഭക്തിയോടും മനസ്സാന്നിദ്ധ്യത്തോടുംകൂടി. | എങ്ങിനെയാണു് പ്രാർത്ഥിക്കേണ്ടതു്? |

---

സ്പർശിക്കുന്നില്ല. വളരെ സ്ഥൂലമായ വിഷയത്തെ ഇത്ര സമർത്ഥമായി സംഗ്രഹിച്ചു് അവതരിപ്പിച്ചിട്ടുള്ള ഡൈയും തലയും കേരളീയരുടെ അകമഴിഞ്ഞ പ്രശംസയേയും കൃതജ്ഞതയേയും തീർത്തും അർഹിക്കുന്നുണ്ടു്.

—★—

| | |
|---|---|
| ദൈവത്തിൻപക്കലേക്കുള്ള നമ്മുടെ മനസ്സിൻെറ ഉയർത്തലാണു് പ്രാർത്ഥന. | പ്രാർത്ഥനയെന്നാലെന്തു്? |
| ആകും | വാക്കുകൾ ഉച്ചരിച്ചു് പ്രാർത്ഥിച്ചില്ലെങ്കിൽ അതു പ്രാർത്ഥനയാകുമോ? |
| പലവിധമുണ്ടു് | പ്രാർത്ഥന എത്ര വിധമുണ്ടു്? |
| a { മനസ്സുകൊണ്ടു്, വാക്കുകൊണ്ടു്, <br> b { ഓരോരുത്തർ തനിച്ചു്, പലർ ഒത്തു ചേർന്നു്, | (പറഞ്ഞു കൊടുക്കും) |
| 1) ദൈവത്തെ ആരാധിക്കാനായി, <br> 2) നമുക്കാവശ്യമുള്ള കാര്യങ്ങൾ അപേക്ഷിക്കുവാനായി | നാം എന്തിനു പ്രാർത്ഥിക്കുന്നു? |
| കർത്തൃപ്രാർത്ഥന | വാചാപ്രാർത്ഥനകളിൽ ഏററവും ശ്രേഷ്ഠമായ പ്രാർത്ഥന ഏതു്? <br> കർത്തൃപ്രാർത്ഥനയുടെ മാഹാത്മ്യം എന്തെന്നറിയാമോ? |
| **Statement of Aim** <br> (ഉദ്ദേശ്യപ്രസ്താവന) | ഇന്നു നമുക്കു കർത്തൃപ്രാർത്ഥനയെപ്പററി പഠിക്കാം. |
| **Presentation** <br> (പാഠപ്രദർശനം) | കർത്തൃപ്രാർത്ഥന സ്ഫുടമായും വ്യക്തമായും ചൊല്ലിക്കേൾപ്പിക്കും. ഈ പ്രാർത്ഥന ആരു നിർമ്മിച്ചതാണെന്നു പറയാമോ? |
| നമ്മുടെ കർത്താവു്. <br> സുവിശേഷത്തിൽ നിന്നു് വി. മത്തായി 6, 9—13. | നമ്മുടെ കർത്താവാണു് ഈ പ്രാർത്ഥന പഠിപ്പിച്ചതെന്നു് എങ്ങനെ അറിയാം? |
| ഒരിക്കൽ ശ്ലീഹന്മാർ “കർത്താ | |

വേ ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ" എന്നു് അവിടുത്തോടു് ആവശ്യപ്പെട്ടു. അപ്പോൾ അവിടുന്നു അവരെ ചൊല്ലിക്കൊടുത്തു പഠിപ്പിച്ചതാണു് ടി ജപം.

ഇല്ല.

കർത്താവു പഠിപ്പിച്ചു എന്നുള്ളതു്.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ (പിതാവേ) 1) നിന്റെ തിരുനാമം ശുദ്ധമാക്കപ്പെടണം (2) നിന്റെ രാജ്യംവരണം (3) നിന്റെ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലുമാകണം (4) ഞങ്ങളുടെഅന്നന്നത്തെയപ്പം ഞങ്ങൾക്കിന്നും തരിക. (5) ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെകടങ്ങൾ ഞങ്ങളോടുംക്ഷമിക്കുക (6) ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതെ 7) തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ.

ദൈവാരാധനയെ സംബന്ധിച്ചു്,

നമ്മുടെയാചനയെ സംബന്ധിച്ചു.

* **B.B.S.**

1 ആരാധനാപരവും യാച

(കർത്താവും ശ്ലീഹന്മാരുംകൂടെയിരിക്കുന്ന പാടം കാണിക്കും)

കർത്താവു ചൊല്ലിത്തന്നു പഠിപ്പിച്ച മറേറതെങ്കിലും പ്രാർത്ഥന ഉള്ളതായി അറിയാമോ?

അതിനാൽ കർത്തൃപ്രാർത്ഥനയുടെ ഏററവും വലിയ ശ്രേഷ്ഠതയെന്തു്?

ഇനി നമുക്കു് ഇതിന്റെ മററു വിശേഷങ്ങൾ നോക്കാം.

ഈ പ്രാർത്ഥനയിൽ എത്ര ഭാഗങ്ങളുണ്ടു്?

ഈ പ്രാർത്ഥനയിൽ ആദ്യം പറയുന്ന മൂന്നു കാര്യങ്ങൾ എന്തിനെസംബന്ധിച്ചാണു്?

ശേഷമുള്ള നാലുകാര്യങ്ങൾ എന്തിനെ സംബന്ധിച്ചാണു്?

അതിനാൽ പ്രാർത്ഥനാ വിഭാഗത്തിൽ ഏതിൽപ്പെടുന്നു?

---

* ബ്ളാക്ക് ബോർഡ് സമ്മറി

| | |
|---|---|
| സാപരവും ആയ ഒരു പ്രാർത്ഥനയാണ് | |
| ദൈവം നമ്മുടെ എല്ലാവരുടേയും പിതാവും സ്രഷ്ടാവുമാണെന്നും അതിനാൽ നാമേവരും സഹോദരന്മാരാണെന്നും മനസ്സിലാക്കാം. | പ്രാർത്ഥനാരംഭത്തിലുള്ള സംബോധനയിൽ ദൈവത്തെ പിതാവെന്നു വിളിക്കുന്നതിൽ നിന്നെന്തു മനസ്സിലാക്കാം? |
| ഞങ്ങൾക്കുവേണ്ടി, എന്നായതിനാൽ എല്ലാവർക്കും വേണ്ടി യാചിക്കുന്നു. | യാചനകൾ നമുക്കു വേണ്ടിത്തന്നെയാണോ യാചിക്കുന്നത്.? |
| B.B.S. | |
| 2 പൊതുവായ പ്രാർത്ഥനയാണ്. | അതിനാൽ ഇതു് ഏപ്രകാരമുള്ള പ്രാർത്ഥനയാണ്? |
| ഇല്ല. നമുക്കാവശ്യമുള്ളതെല്ലാം ഈ പ്രാർത്ഥനയിൽ ഉൾപ്പെട്ടിട്ടുണ്ട്. | ഈ പ്രാർത്ഥനയിൽ നമുക്കാവശ്യമുള്ള കാര്യങ്ങൾ എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ടതുണ്ടോ? |
| B.B.S. | |
| 3 പൂർണ്ണമായ പ്രാർത്ഥന | അതിനാൽ ഇതു് എങ്ങനെയുള്ള പ്രാർത്ഥനയാണെന്നു പറയാം? |
| നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിച്ചാൽ അതു ലഭിക്കും. ഈ പ്രാർത്ഥനയിൽ ഈശോയുടെ നാമത്തിൽ മാത്രമല്ല അവിടുത്തെ വാക്കുകളിലാണ് ചോദിക്കുന്നത്. | പ്രാർത്ഥന ഫലപ്രദമാകുന്നതിന് ഒരു വഴി ദിവ്യരക്ഷകൻ ഉപദേശിച്ചു തന്നതു് എന്താണ്? (ത്രികാലജപത്തിലെ 'പ്രാർത്ഥിക്കാം' ചൊല്ലിച്ചു വിശദമാക്കുക) |
| B.B.S. | |
| 4 ഫലപ്രദമായ പ്രാർത്ഥന. | അതിനാൽ ഇതു് എങ്ങനെയുള്ള പ്രാർത്ഥനയാണെന്നു പറയാം? |
| B B.S. | |
| 5 മാതൃകാപ്രാർത്ഥന | നമുക്കാവശ്യമുള്ളവയെല്ലാം ഇതിൽ അടങ്ങിയിരിക്കുന്നതിനാൽ ഇതിന് എന്തു പറയാം? |
| Local Recapitulation (ലഘുപർത്തനം) | കർതൃപ്രാർത്ഥന ആരു പഠിപ്പിച്ചതാണ്? ഇതിൽ എത്ര ഭാഗങ്ങൾ ഉണ്ട്? ഇതു് പൂർണ്ണമായ പ്രാർത്ഥനയെ |

നാം പറയുന്നതെന്തുകൊണ്ട്? ഫലപ്രദമായ പ്രാർത്ഥനയാണ് കർത്തൃപ്രാർത്ഥന എന്ന് എങ്ങനെ മനസ്സിലാക്കാം.? വേറെ എന്തെല്ലാം ലക്ഷണങ്ങളാണ് ഈ പ്രാർത്ഥനയ്ക്കുള്ളത്? ദിവ്യബലിയിൽ കർത്തൃപ്രാർത്ഥന ഉപയോഗിക്കുന്നുണ്ടോ? എപ്പോഴെല്ലാം?

ദിവ്യബലിയുടെ ആരംഭത്തിലും അവസാനത്തിലും കർത്തൃപ്രാർത്ഥന ചൊല്ലുന്നുണ്ട്. (കുട്ടികളുടെ കുർബാനയിൽ "സ്വർഗ്ഗസ്ഥനായ പിതാവേ" എന്നുതുടങ്ങുന്ന ഭാഗം അനുസ്മരിപ്പിക്കും)

ആരാധനാപ്രാർത്ഥനകളിൽ നാം ഈ പ്രാർത്ഥന ഉപയോഗിക്കുന്നുണ്ടോ? എവിടെയെല്ലാം?

അൻപത്തിമൂന്നുമണിജപത്തിൽ, ത്രികാലജപത്തിൽ etc

ഇത്ര ശ്രേഷ്ഠമായ പ്രാർത്ഥന നാം എങ്ങനെയാണ് ചൊല്ലേണ്ടത്?

1 അതിലെ വാക്കുകൾ ഓരോന്നും വ്യക്തമായും സ്പഷ്ടമായും ഉച്ചരിക്കണം.

2 പദങ്ങളുടെ അർത്ഥം ചിന്തിക്കണം.

സംബോധനയിൽ നിന്ന് നാം എന്തു മനസ്സിലാക്കുന്നു?

3 ഞങ്ങളുടെ പിതാവേ എന്നു വിളിക്കുമ്പോൾ നാം ആ പിതാവിന്റെ മക്കളാണെന്നുള്ള ആത്മീയബോധം ഉണ്ടായിരിക്കണം.

4 മനുഷ്യരെല്ലാം സഹോദരന്മാരാണെന്നു കരുതി നമുക്കുവേണ്ടി നാം ആഗ്രഹിക്കുന്നത് നമ്മുടെ സഹോദരർക്കും വേണ്ടി ആഗ്രഹിക്കുകയും യാചിക്കുകയും ചെയ്യണം.

അഞ്ചാം പ്രാർത്ഥനയിൽ പ്രത്യേകം വല്ലതും ശ്രദ്ധിക്കേണ്ടതുണ്ടോ?

5 അഞ്ചാം പ്രാർത്ഥനയിൽ പറയുന്നതുപോലെ നാം

നമ്മുടെ കടക്കാരോടു ക്ഷമിക്കുന്നതുപോലെ മാത്രമേ ദൈവവും നമ്മുടെ പാപങ്ങൾ ക്ഷമിക്കയുള്ളു എന്നു വിചാരിച്ച് നമ്മെ ദ്രോഹിക്കുന്നവരോടു നാം ക്ഷമിക്കണം

അനുഷ്ഠാനം

കർത്തൃപ്രാർത്ഥന ഭക്തിപൂർവം ചൊല്ലാൻ കഴിവതു ശ്രമിക്കും.

ഈ പാഠത്തിൽ നിന്നു് എന്തനുഷ്ഠാനമാണു് നിങ്ങൾ എടുക്കുന്നതു്?

## Final Recapitulation
(അന്ത്യാവർത്തനം)

കർത്തൃപ്രാർത്ഥനയിൽ എത്ര യാചനകളുണ്ടു്? കർത്തൃപ്രാർത്ഥന പഠിപ്പിച്ചതാരു്? ഈ പ്രാർത്ഥന പ്രാർത്ഥനകളിൽ ഏററവും ശ്രേഷ്ഠമാണെന്നു പറയുന്നതെന്തുകൊണ്ടു്?

കർത്തൃപ്രാർത്ഥന ചൊല്ലുമ്പോൾ നാം എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

ഈ പാഠത്തിൽ നിന്നു് നിങ്ങൾ എന്തനുഷ്ഠാനം സ്വീകരിച്ചു?

സുവിശേഷങ്ങളിൽ ഏതുഭാഗത്താണു് ഈ പ്രാർത്ഥനയെപ്പററി പറയുന്നതു്?

നമുക്കു് ഈ ആശയം ഒരു പാട്ടായി പഠിക്കാം.

B.B S.

"അദ്ധ്യാനിക്കുന്നവക്കും," എം. മ.

സ്വർഗ്ഗത്തിൽ വാഴും താതാ –പാവനമാം നിൻ നാമം
ശുദ്ധമായ്തീർന്നീടണം –നിൻരാജ്യം വന്നീടണം
നിൻഹിതം വിണ്ണിലെപ്പോൽ-മന്നിലുമാകവേണം.
അന്നന്നുള്ളോരപ്പത്തെ –ഇന്നും ഞങ്ങൾക്കേകണെ
ഞങ്ങൾ കടക്കാരോടു് –ഞങ്ങൾക്ഷമിക്കുംപോലെ
ഞങ്ങൾതൻപാപങ്ങളും –അങ്ങു ക്ഷമിക്കണമെ.

ആനുകാലികപ്രശ്നം.

# രണ്ടാം വത്തിക്കാൻ കൗൺസിലും ക്രൈസ്തവൈക്യവും

(സി. ററി. വയലിൽ)

[തുടർച്ച]

## ക്രൈസ്തവൈക്യകാര്യാലയം

രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ക്രൈസ്തവൈക്യപ്രാധാന്യം പ്രകടമാക്കുന്ന ഒരു മഹാസ്ഥാപനമാണ്, ക്രൈസ്തവൈക്യകാര്യാലയം. പ്രസിദ്ധബൈബിൾ പണ്ഡിതനും അകതോലിക

---

പാപപ്പരീക്ഷകളിൽ -വീഴാതെ താങ്ങേണമെ
തിന്മയിൽനിന്നു സദാ -രക്ഷിക്കേണമെ ആമ്മേൻ.

കുട്ടികളെ കൂട്ടമായും ഗ്രൂപ്പുതിരിച്ചും പാട്ടുപാടിക്കും.

## B. B. S.

### കർത്തൃപ്രാർത്ഥന

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ (പിതാവേ)

1 നിൻെറ തിരുനാമം ശുദ്ധമാക്കപ്പെടണം
2 നിൻെറ രാജ്യം വരണം
3 നിൻെറ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലുമാകണം
4 ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നും ഞങ്ങൾക്കു തരിക
5 ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കുക
6 ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതെ
7 തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമെ. ആമ്മേൻ

1 ആരാധനാപരവും യാചനാപരവുമായ പ്രാർത്ഥന
2 പൊതുവായ പ്രാർത്ഥന
3 പൂർണ്ണമായ പ്രാർത്ഥന
4 ഫലപ്രദമായ പ്രാർത്ഥന
5 മാതൃകാ പ്രാർത്ഥന

— റവ. സി. ഡോമിനിക് T. O. C. D.

ലിക്കനേതാക്കന്മാരുടെ ഉററമിത്രവുമായ കാർഡിനൽ ബെയാതിരുമേനിയാണ് അതിൻെറ അദ്ധ്യക്ഷൻ. കാര്യാലയസ്ഥാപനാവസരത്തിൽ പരിശുദ്ധപിതാവു് അഭിപ്രായപ്പെട്ടുകയുണ്ടായി: "എല്ലാ ക്രൈസ്തവരോടുമുള്ള നമ്മുടെ സ്നേഹത്തിൻെറയും സന്മനസ്സിൻെറയും പ്രതീകമായിത്തീരട്ടെ ഈ കാര്യാലയം; അകത്തോലിക്കാസഹോദരങ്ങൾ കൗൺസിൽ പ്രവർത്തനങ്ങൾ ശരിക്കുമനസ്സിലാക്കുന്നതിനും ക്രിസ്തു ആഗ്രഹിച്ച ഐക്യത്തിലേക്കുള്ള മാർഗ്ഗം എളുപ്പം കണ്ടുപിടിക്കുന്നതിനും സഹായകരമായിത്തീരട്ടെ ഇതു്."(52)

കാര്യാലയത്തിൻെറ പ്രവർത്തനപരിപാടികളെ കാർഡിനൽ ബെയാ തിരുമേനി വിശദമാക്കിയിട്ടുണ്ടു്: "കൗൺസിലിൻെറയും അകത്തോലിക്കരുടേയും ഒരു മദ്ധ്യവർത്തിയായിരിക്കും കാര്യാലയം. അകത്തോലിക്കരുടെ ആഗ്രഹങ്ങളും അഭിപ്രായങ്ങളും അറിയുകയും അവക്കു വേണ്ടത്ര വിവരങ്ങൾ നല്കുകയും ചെയ്യുന്നതിൽ ഉത്സുകമായിരിക്കും അതു്. ഐക്യാലിംഗനത്തിൽ അകത്തോലിക്കർക്കു സഹായകമായ എല്ലാ സംരംഭങ്ങളിലേക്കും അതു കടന്നു പ്രവർത്തിക്കും." (53) ക്രൈസ്തവൈക്യം ത്വരിതപ്പെടുത്തുകയെന്നതാണ് അതിൻെറ പ്രഖ്യാപിതലക്ഷ്യം. ഈ ലക്ഷ്യസാദ്ധ്യത്തിനു് കാര്യാലയത്തിനാവതു ചെയ്യുമെന്നു ബെയാതിരുമേനി തൻെറ ഒരു പ്രസംഗത്തിൽ ഉറപ്പു നൽകുകയുണ്ടായി: "അകത്തോലിക്കസഹോദരങ്ങൾക്കു ശരിയായ വസ്തുതകൾ നൽകിയും കൗൺസിലിൻെറ കഴിവുററ അധികാരികൾ അവരുടെ ന്യായമായ അഭിലാഷാഭിപ്രായങ്ങൾക്കു സ്വാഗതവും പ്രോത്സാഹനവും കൊടുക്കുവാൻ ആവശ്യകമായ സാഹചര്യങ്ങൾ ഉണ്ടാക്കിയും ക്രൈസ്തവൈക്യം ത്വരിതപ്പെടുത്തുവാൻ കാര്യാലയം ഏററം ശ്രദ്ധപതിക്കുന്നതാണ്." (54) ക്രൈസ്തവൈക്യത്തിൻെറ കാഴ്ചപ്പാടിലൂടെ മററു കമ്മീഷനുകൾ അവയുടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിലും കാര്യാലയം ശ്രദ്ധ ചെലുത്തുന്നുണ്ടു്; പ്രത്യേകിച്ചും പ്രമേയങ്ങൾക്കു രൂപം നല്കുമ്പോൾ തെററിദ്ധാരണകൾ സംഗതിവരാതിരിക്കുന്നതിൽ. കട്ടത്തപ്രോട്ടസ്റ്റൻറു വിദ്വേഷത്തിൻെറ പശ്ചാത്തലത്തിൽ രൂപം കൊടുത്ത ത്രേന്തോസ് സൂനഹദോസിൻെറ വിശ്വാസാത്മകപ്രമേയങ്ങൾ, അല്പം ശ്രദ്ധിച്ചിരുന്നുവെങ്കിൽ, ആവിഷ്കൃതസത്യങ്ങൾക്കു അണുപോലും മാററംവരുത്താതെതന്നെ കുറച്ചുകൂടി മയപ്പെടുത്തിച്ചെയ്യാമായിരുന്നുവെന്നു ഇന്നു

പല പണ്ഡിതവിമർശകരും അഭിപ്രായപ്പെടുന്നുണ്ട്. എങ്കിൽ, ഇത്രയധികം തെററിദ്ധാരണകളും മുൻവിധികളും ഇരുഭാഗങ്ങളും തമ്മിൽ ഉണ്ടാവുകയില്ലായിരുന്നിരിക്കാം. സഭയിലെ വ്യതിയാനലക്ഷണങ്ങളല്ലാത്തവയെ പൂർണ്ണമായി കാത്തുകൊണ്ടും യാദൃശ്ചികമായവയെ പുനഃപരിശോധനചെയ്തും ക്രൈസ്തവൈക്യസാധ്യത വർദ്ധിപ്പിക്കുവാൻ കാര്യാലയം കാര്യക്ഷമമായി പ്രവർത്തിക്കും. (55)

ചുരുങ്ങിയ രണ്ടു വർഷത്തിനിടയ്ക്കു് എൺപത്തൊന്നുകാരൻ കർദ്ദിനാൾ എല്ലാ ക്യൂരിയാ കർദ്ദിനാളന്മാരും അമ്പതു വർഷത്തിനുള്ളിൽ നൽകിയിട്ടുള്ളതിൽ കൂടുതൽ സംഭാഷണങ്ങളും സന്ദർശനങ്ങളും നടത്തിക്കഴിഞ്ഞിരിക്കുന്നുവെന്നു പറയപ്പെടുന്നു ക്രൈസ്തവൈക്യത്തെപ്പററി രണ്ടായിരത്തോളം കത്തുകൾ കഴിഞ്ഞ വർഷമദ്ദേഹമെഴുതി. അഞ്ഞൂററിലധികം ഔദ്യോഗികസന്ദർശനങ്ങൾ അനുവദിച്ചു. വിവിധ ക്രൈസ്തവസഭാ പ്രതിനിധികൾക്കു ന്യൂയോർക്കു്, പാരീസ്, ബർലിൻ തുടങ്ങിയ പ്രധാന ക്രൈസ്തവകേന്ദ്രങ്ങളിലെല്ലാം അകത്തോലിക്കാ സദസ്സിനെ അഭിമുഖീകരിച്ചു പ്രസംഗിച്ചു അദ്ദേഹം. ഇക്കഴിഞ്ഞ ആഗസ്റ്റ്മാസം ആറു മുതൽ പത്തുവരെ തിയതികളിൽ ബയാതിരുമേനി നടത്തിയ ഇംഗ്ലണ്ടു സന്ദർശനം തികച്ചും ഐതിഹാസികമായിരുന്നു. ഓക്സ്ഫോർഡിൽ പരിത്രാപ്പിൽവച്ചു നടത്തിയ സമ്മേളനത്തിൽ തിരുമേനി ദീർഘമായി സംസാരിച്ചു. ആംഗ്ലിക്കൻ പ്രൈമററിൻെറ ആസ്ഥാനമായ ലാംബത്തുകൊട്ടാരത്തിലും തിരുമേനി ആതിഥ്യം സ്വീകരിക്കുകയുണ്ടായി. നാനൂറു കൊല്ലങ്ങൾക്കിടയിൽ ആദ്യമായിട്ടാണ് ഒരു കർദ്ദിനാൾ ലാംബത്തുകൊട്ടാരത്തിൽ പ്രവേശിക്കുക. ഡോ. റാംസേ ഏററം ഹൃദ്യമായ ഒരു സ്വീകരണമാണു് തിരുമേനിക്കു നൽകിയതു്. സംഭാഷണമദ്ധ്യേ ഡോ. റാംസേ അഭിപ്രായപ്പെട്ടു: "ഈ സന്ദർശനം നടന്നതിൽ നാം അതിയായി സന്തോഷിക്കുന്നു". കാർഡിനൽ ബെയാ ഒരു പത്രപ്രതിനിധിയ്ക്കു മറുപടികൊടുത്തുകൊണ്ടു് പറയുകയുണ്ടായി: "സാകല്യമായ പുനരൈക്യം അത്ര ആസന്നമല്ലെങ്കിലും ക്രൈസ്തവൈക്യപ്രസ്ഥാനങ്ങൾ കത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ള താത്വികവിടവു് അല്പം കുറച്ചിട്ടുണ്ട്." (56)

കാര്യാലയത്തിലെ ഒരു സ്ഥിരാംഗമായ ഫാദർ ട്രാൻസ്കീയുടെ അഭിപ്രായത്തിൽ: "കാര്യാലയസ്ഥാപനത്തോടെ അകത്തോ

ലിക്കാസഹോദരങ്ങൾക്കു വത്തിക്കാനുമായി സമ്പക്കത്തിലേർപ്പെടു വാൻ ഒരു സ്ഥലം പ്രത്യേകം ലഭിച്ചു". കാര്യാലയത്തിലെ മ റെറാരു സജീവാംഗമായ ആർച്ചു് ബിഷപ്പു് ഹീനാൻെറ നോട്ട ത്തിൽ:"രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷവും കാര്യാല യം പ്രവത്തിക്കും.രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ആവശ്യ ഘടകമെന്നതിനേക്കാൾ അതിൻെറ ഒരു ശിഖരമാണതു്."(57) കാർഡിനൽ ബയാതിരുമേനിയും ഈ അഭിപ്രായംതന്നെയാണു പുറപ്പെടുവിച്ചതു് തൻെറ ഇംഗ്ലണ്ടു് സന്ദർശനവേളയിൽ. കാ ര്യാലയത്തിൻെറ രചനാത്മക കാൽവയ്പുകളെ പ്രശംസിച്ചുകൊ ണ്ടു് മാർപ്പാപ്പാ തിരുമേനി ബയാതിരുമേനിക്കു പ്രത്യേക സന്ദേശ മയയ്ക്കുകയുണ്ടായി.

## അകത്തോലിക്ക സഹോദരങ്ങളുടെ സാധകപ്രതികരണ ങ്ങൾ.

ക്രൈസ്തവൈക്യം രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ഒരു പ്രധാന ശ്രദ്ധാവിഷയമാണെന്നു ആധികാരികമായി നാം കണ്ടു കഴിഞ്ഞു. ഇവിടെ നാമൊരു കാര്യമോക്കണം. ഇറങ്ങിപ്പോയ മകൻ തിരിച്ചുവരണമെങ്കിൽ പിതാവു ശ്രമിച്ചാൽ മാത്രം പോര ല്ലോ; മകൻ അതിനുമനസ്സുവയ്ക്കണം. ക്രിയാത്മകമായി അതിനു പ്ര വത്തിക്കുകയും. അതുകൊണ്ടു് രണ്ടാം വത്തിക്കാൻ കൗൺസി ലിൻെറ ക്രൈസ്തവൈക്യസംരംഭങ്ങളോടു്, അകന്നുപോയ സ ഹോദരങ്ങളുടെ പ്രതികരണമെന്തെന്നു കൂടി ചുരുക്കമായെങ്കിലും നാം കാണേണ്ടിയിരിക്കുന്നു.

അകത്തോലിക്കസഹോദരങ്ങളുടെ ആകെ അംഗസംഖ്യ നാ ല്പത്തൊന്നു കോടിയോളമാണു്. ഓത്തഡോക്സു സഭകൾ, പ്രോ ട്ടസ്റ്റൻറു സഭകൾ, ആംഗ്ലിക്കൻ സഭകൾ എന്നിങ്ങനെ പ്രധാന മായും മൂന്നു സഭകളിലായി അവരെ പൊതുവേ തിരിക്കാം.ഓത്ത ഡോക്സു സഭകളുടെ അംഗസംഖ്യ പതിനേഴുകോടിയോളവും, പ്രോട്ടസ്റ്റൻറു സഭകളുടേതു് പതിനെട്ടുകോടിയിലധികവും, ആംഗ്ലിക്കൻ സഭകളുടേതു് അഞ്ചുകോടിയിൽ ചില്വാനവുമാ ണു്. നാളിതുവരേയും മുൻവിധികളും മത്സരങ്ങളും കാൻസ തിന്നു കൊണ്ടിരുന്ന ക്രൈസ്തവലോകത്തിൽ പ്രതീക്ഷാനിർഭരങ്ങളും പ്രത്യാശാജനകങ്ങളുമായ പല പുനരൈക്യ പ്രസ്ഥാനങ്ങളും ശ്ര

പമെട്ടക്കന്നുണ്ട്. അവയിൽ ഏററം ശ്രദ്ധാർഹമായതു് സഭകളുടെ ലോകകൗൺസിൽ ആണ്. അതിൻെറ മൂന്നാം പൊതുസമ്മേളനമായിരുന്നല്ലോ കഴിഞ്ഞ ഡിസംബറിൽ ന്യൂഡൽഹിയിൽവച്ചു നടന്നതു്. ആർച്ചുബിഷപ്പ് ഷേഗറിൻെറ വാക്കുകളിൽ: "എല്ലാ ക്രൈസ്തവസഭകളും ഒരു കാര്യത്തിൽ യോജിക്കുന്നുണ്ട്, ക്രിസ്തു ആഗ്രഹിച്ച ഐക്യാന്വേഷണത്തിൽ." (58)

## ഓത്തഡോക്സ് സഭകൾ

വിശ്വാസ വിഷയങ്ങളിൽ കത്തോലിക്കാ സഭയോടു് കൂടുതൽ അടുത്തു നില്ക്കുന്നതു് ഓത്തഡോക്സ് സഭകളാണ്. അവയുടെ ഐക്യാശ്ലേഷമാണ് കൂടുതൽ പ്രതീക്ഷാത്മകം, പുനരൈക്യ പാത്രിയർക്കീസ് എന്നപേരിൽ പ്രസിദ്ധനായ കോൺസ്റ്റാൻറിനോപ്പിൾപാത്രിയർക്കീസ് മാർ അത്തനാഗോറസ് കൗൺസിൽ വിളംബരത്തിൽ ഏററം സന്തുഷ്ടനായി പല പ്രഖ്യാപനങ്ങളും നടത്തിയതു് പ്രസിദ്ധമാണല്ലോ. "ഐക്യത്തിനുവേണ്ടി റോംവരെ പോകുവാൻ ഞാൻ തയ്യാറാണ്; ദൈവത്താൽ അയയ്ക്കപ്പെട്ടവനായി ജോൺ എന്ന പേരോടുകൂടി ഇതാ ഒരുവൻ വന്നിരിക്കുന്നു...." തുടങ്ങിയ അദ്ദേഹത്തിൻെറ പ്രസ്താവനകൾ ആക്കും സുപരിചിതങ്ങളാണ്. ഓത്തഡോക്സ് പണ്ഡിതനായ ഹമിൽക്കാർ അലിവിയാത്തോസ് അഭിപ്രായപ്പെട്ടു: "ക്രൈസ്തവൈക്യത്തിനുവേണ്ടി ഒരു സാർവ്വത്രിക സമ്മേളനംതന്നെ വിളിച്ചുകൂട്ടുവാനുള്ള തൻെറ ആഗ്രഹം പരിശുദ്ധ പിതാവു പ്രകടിപ്പിച്ചതു് ക്രൈസ്തവലോകത്തെ മുഴുവൻ അത്ഭുതപ്പെട്ടത്തിയിരിക്കയാണ്. പോപ്പ് ജോൺ 23-ാമൻ വ്യക്തിഗതമായ നിലയിൽ മാത്രമല്ല, ഒരു സാർവ്വത്രിക സൂനഹദോസിലൂടെത്തന്നെയാണ് ക്രൈസ്തവൈക്യശ്രമം നടത്തുന്നതു്." (59) മറെറാരു ഓത്തഡോക്സ് പണ്ഡിതൻെറ വാക്കുകളിൽ, "മററുള്ളവർ കാണാത്തതു് പരിശുദ്ധ പിതാവു് ജോൺ 23-ാമൻ കണ്ടിരിക്കുന്നു. ക്രൈസ്തവൈക്യത്തേയും അതിലേക്കു നമ്മുടെ വിശ്വാസമനുസരിച്ചു് നാം നയിക്കുന്ന ശ്രമങ്ങളേയും അദ്ദേഹം മുൻകൂട്ടി കണ്ടിരിക്കുന്നു." (60) ഗ്രീക്കു് ഓത്തഡോക്സ് സഭാംഗമായ ഡോ. മാലിക്കിൻെറ വാക്കുകൾ ശ്രദ്ധേയങ്ങളാണ്. "ഇരുപതാം നൂററാണ്ടിലെ ഏററം വലിയ സംഭവമായിരിക്കും രണ്ടാം വത്തി

ക്കാൻ കൗൺസിൽ. അതിൻെറ സാധ്യതകൾക്കതിരില്ല." (61) ക
ഴിഞ്ഞ സെപ്റ്റംബറിൽ റോഡ്സ് ദ്വീപിൽവച്ചുകൂടിയ അ
ഖിലലോക ഓർത്തഡോക്സ് സമ്മേളനം അവരുടെ ഇടയിലെഐ
കതാഭിലാഷമാണു വിളിച്ചറിയിക്കുക.

അത്തനാഗോറസ് തിരുമേനിയുടെ നിലപാട് ഏററം പ്ര
ത്യാശാത്മകമായിരുന്നെങ്കിലും, രണ്ടാം വത്തിക്കാൻ കൗൺസി
ലിൻെറ ആദ്യ സമ്മേളനത്തിലേക്ക് ഔദ്യോഗിക നിരീക്ഷകരെ
അദ്ദേഹം അയയ്ക്കുകയുണ്ടായില്ല. ക്ഷണം നിരസിച്ചുകൊണ്ട്,
കാർഡിനൽ ബയാ തിരുമേനിക്ക് അദ്ദേഹം അയച്ച കത്തിൽ
കൗൺസിൽ വിജയത്തിനുവേണ്ടി ഓർത്തഡോക്സുകാർ പ്രത്യേ
കം പ്രാർത്ഥിക്കുന്നതാണെന്നും, അവരുമായി തുറന്ന സഭൈക്യ
സംഭാഷണങ്ങൾ നടത്തുവാൻ തക്ക പശ്ചാത്തലം രണ്ടാം വ
ത്തിക്കാൻ കൗൺസിൽ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും
പ്രത്യേകം എഴുതുകയുണ്ടായി. ഒരു ഓർത്തഡോക്സ് പ്രൊഫസർ,
ററ്സാക്കോനാഡിൻെറ അഭിപ്രായത്തിൽ: "കൗൺസിലിലേക്കു
ഒരു നിരീക്ഷകനെപ്പോലും അയയ്ക്കുവാൻ സാധിക്കാതെ വന്ന
തിൽ എല്ലാ ഓർത്തഡോക്സുകാരും അതിയായി ഖേദിക്കുന്നു."(62)
സെപ്റ്റംബർ എട്ടാം തീയതി ആരംഭിക്കുന്ന കൗൺസിലിൻെറ
രണ്ടാം സമ്മേളനത്തിലേക്ക് ഗ്രീക്ക് ഓർത്തഡോക്സുകാർ നിരീ
ക്ഷകരെ അയയ്ക്കുമെന്ന് പ്രതീക്ഷിക്കാം.

ഓർത്തഡോക്സുകാരിൽ ഒരു നല്ല ഭാഗവും റഷ്യയിലാണ
ല്ലോ. ആദ്യം മുതലേ തികച്ചും നിഷേധാത്മകമായ നിലപാടാ
യിരുന്നു റഷ്യൻ ഓർത്തഡോക്സുകാർ സ്വീകരിച്ചിരുന്നത്. അവ
രുടെ പാത്രിയർക്കീസ് നിക്കോദിമൂസ് പരസ്യമായി പറയുകയു
ണ്ടായി നിരീക്ഷകരെ അയയ്ക്കുകയില്ലെന്ന്. എന്നാൽ സംഭവി
ച്ചതോ? കൗൺസിൽ ഉൽഘാടനത്തിനു തലേ ദിവസം രണ്ടു ഔ
ദ്യോഗിക നിരീക്ഷകർ റഷ്യയിൽ നിന്നും വത്തിക്കാനിലെത്തി.
എല്ലാവരേയും സന്തോഷിപ്പിച്ചതും അത്ഭുതപ്പെടുത്തിയതുമായ
ഒന്നായിരുന്നു അവരുടെ ആഗമനം. ആർച്ച് പ്രീസ്റ്റ് വിററാലി
ബൊറോവോയ്, റവ. ആർക്കിമാൻഡ്രിറ്റ് വ്ലാഡ്മീർ കൊതൂ
ലിയാറോവ്യ് എന്നിവരായിരുന്നു നിയുക്ത നിരീക്ഷകർ. കൗൺ
സിൽ നടപടികളെപ്പററി തികച്ചും തൃപ്തികരമായ അഭിപ്രായ

മാണവർക്കുണ്ടായിരുന്നതു്. അതെപ്പററി പിന്നാലെ കാണാം. റഷ്യക്കുപുറത്തുള്ള റഷ്യൻ ഓർത്തഡോക്സുകാർ മൂന്നു നിരീക്ഷകരെ തെരഞ്ഞെടുത്തയച്ചു. ജനീവായിലെ ബിഷപ്പ് ആൻറണി, ഫാദർ ഇൗഗോർ ട്രോയാനോവു്, റോമിലെ ഒരു റഷ്യൻ ഭാഷാപണ്ഡിതൻ—ഇവരായിരുന്നു തെരഞ്ഞെടുക്കപ്പെട്ടവർ,

## പ്രോട്ടസ്റ്റൻറു സഹോദരങ്ങൾ

വിശ്വാസകാര്യങ്ങളിലും മററും കത്തോലിക്കാസഭയിൽ നിന്നും വളരെ അകന്നു നില്ക്കുന്നവരാണു് പ്രോട്ടസ്റ്റൻറു സഹോദരങ്ങൾ, ഓർത്തഡോക്സുകാരെ അപേക്ഷിച്ചു്. അവരും വളരെയധികം പ്രതീക്ഷകളോടെയാണു് കൗൺസിൽ വിളംബരത്തേയും ഒരുക്കങ്ങളേയും ശ്രദ്ധിച്ചുകൊണ്ടിരുന്നതു്. ഡോ. അഡ്‌മൂറിൻെറ വാക്കുകളിൽ: "23—ാം ജോൺമാർപ്പാപ്പാ വിളിച്ചുകൂട്ടുന്ന രണ്ടാം വത്തിക്കാൻകൗൺസിൽ ക്രൈസ്തവൈക്യത്തെ ത്വരിതപ്പെടുത്താതിരിക്കുകയില്ല. ക്രൈസ്തവലോകത്തെ അതു പ്രതീക്ഷാപൂർണ്ണവും സന്തോഷനിർഭരവുമാക്കിത്തീർത്തിരിക്കയാണു്.കൗൺസിലിനെ സഹായിക്കുന്ന സകലതും ശരിപ്പെടുത്തുവാൻ ഉത്തരവാദിത്വബോധത്തോടെ എല്ലാവരും പ്രവർത്തിക്കണം." മറൊരു പ്രധാന പ്രോട്ടസ്റ്റൻറു ചിന്തകനായ പാസ്റ്റർ ബൗമാൻെറ അഭിപ്രായത്തിൽ:"അനേകം ഉപദ്രവങ്ങളായി പിരിഞ്ഞുകൊണ്ടിരിക്കുന്ന നമുക്കും ക്രൈസ്തവലോകത്തിനു പൊതുവേയും രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിന്നു വളരെയധികം പ്രതീക്ഷിക്കാം." തെയ്സിലെ പ്രോട്ടസ്റ്റൻറു സന്യാസസഭാശ്രേഷ്ഠനായ റവ. റോജർഷൂട്സിൻെറ നോട്ടത്തിൽ: "ദൈവപരിപാലനയുടേതായ സഭൈക്യപ്രചോദനമാണു് വത്തിക്കാൻ കൗൺസിൽ. ലോകത്തെങ്ങുമുള്ള പ്രോട്ടസ്റ്റൻറു സഹോദരങ്ങളിൽ അതു പ്രത്യാശ ജനിപ്പിച്ചിരിക്കുകയാണു്". റവ. റോജർ ഷൂട്സും സന്യാസസഭയുടെ മറെറാരംഗമായ മാക്സ്തുരിയനും ക്രൈസ്തവൈക്യ കാര്യാലയത്തിൻെറ പ്രത്യേകാതിഥികളായി കൗൺസിലിൽ പങ്കെടുത്തിരുന്നുവെന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. പ്രസിദ്ധ പ്രോട്ടസ്റ്റൻറു പണ്ഡിതനായ ഓസ്കാർ ക്ലൾമൻ മറെറാരതിഥിയായിരുന്നു. ലൂഥറൻ വേൾഡ് ഫെഡറേഷൻ, വേൾഡ് പ്രിസ്ബിറേററിയൻ അലയൻസ്, ക്രിസ്തുവിൻെറ സഭകളുടെ

ലോകകൺവൻഷൻ, ക്വേക്കേഴ്സിൻെറ ലോകസുഹൃൽക്കമ്മേററി, ഇൻറർനാഷനൽ കോൺഗ്രിഗേഷനൽ കൗൺസിൽ, വേൾഡ് മെത്തോഡിസ്റ്റ് കൗൺസിൽ, പഴയ കാതലിക്കചർച്ച്, ഈജിപ്തി ലെ കോപ്ററിക്ക്ചർച്ച്, സിറിയൻയാക്കോബയിറ്റ്ചർച്ച് തുടങ്ങിയ പല പ്രോട്ടസ്റ്റൻറ് വിഭാഗങ്ങളും കൗൺസിലിലേക്കു ഔദ്യോഗിക നിരീക്ഷകരെ അയയ്ക്കുകയുണ്ടായി.

## ആംഗ്ലിക്കൻ സഭകൾ

'ഐതിഹാസിക''മെന്നു വിശേഷിപ്പിക്കുന്ന മുൻകാൻറർബ റി ആർച്ച്ബിഷപ്പിൻെറ റോം സന്ദർശനം ഭുവനപ്രസിദ്ധമാണ ല്ലോ. പുതിയ ആംഗ്ലിക്കൻ പ്രൈമറ്റു ഡോ. റാംസേ കൗൺസിൽ നടപടികളിലും പുനരൈക്യസംരംഭങ്ങളിലും വളരെ ഉത്സുകനാ ണ്. ഒരു ടെലിവിഷൻ പരിപാടിയിൽ അദ്ദേഹം പറയുകയു ണ്ടായി: "സ്നേഹവും സന്മനസ്സും വളരെയധികമുള്ളവനാണ് ഇ ന്നത്തെ മാർപ്പാപ്പാ. സ്നേഹമെവിടെയുണ്ടോ അവിടെ അ തിൻെറ ഫലങ്ങളും അവർണ്ണനീയമായിരിക്കും." (63) കൗൺ സിലിലേക്കു മൂന്നു ആംഗ്ലിക്കൻ നിരീക്ഷകരെ ഡോ. റാംസേ അയ ച്ചിരുന്നു-റവ ജോൺ മൂർമാൻ, റവ. ഫ്രെഡറിക്ക്, റവ. ചാൾ സ്. നിരീക്ഷകരെ നിശ്ചയിച്ചുകൊണ്ടു് ഡോ. റാംസേ ചെയ്ത പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണ്: "റോമാസഭയും നമ്മുടെ സഭയുമായി വിശ്വാസകാര്യങ്ങളിൽ ആഴമേറിയ വ്യത്യാസ ങ്ങൾ ഉണ്ടു്. എന്നാൽ അവ ഒരിക്കലും അടുത്തുവരുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിനുവേണ്ടി പ്രാർത്ഥിക്കുവാൻ ക്രൈ സ്തവലോകത്തിനു പൊതുവേ ലഭിച്ചിരിക്കുന്ന ക്ഷണം നിരാകരി ക്കാൻ സംഗതിയാക്കരുത്. സത്യത്തിലും നീതിയിലും ക്രൈസ്ത വലോകത്തിനു ദൈവാനുഗ്രഹങ്ങൾ അതു വാങ്ങിത്തരട്ടെ." (64) കൗൺസിൽ ഉൽഘാടനശേഷം ഡോ. റാംസേ അഭിപ്രായപ്പെ ട്ടു: "നമ്മുടെ ജീവിതകാലത്തു തന്നെ ക്രൈസ്തവസഭകളുടെ ഐ ക്യം കാണുവാൻ സാധിക്കും; രണ്ടാംവത്തിക്കാൻ കൗൺസിൽ അ തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കും." ആംഗ്ലിക്കൻ സഭയുടെ സാധകമായ നിലപാടിൽ സംതൃപ്തനായ ഒരു ആംഗ്ലിക്കൻ പ ണ്ഡിതൻ എഴുതുകയാണ്: "വത്തിക്കാനുമായി ഇന്നത്തേപ്പോലു ള്ള സാഹോദര്യസമ്പർക്കം ഒരു കാലത്തും ഉണ്ടായിട്ടില്ല. പല കാ രണങ്ങൾ അതിനു ചൂണ്ടിക്കാട്ടാം. എന്നാൽ അവയിൽ ഏററവും

പ്രധാനമായതു് പോപ്പ് ജോൺ 23–ാമന്റെ വ്യക്തിവൈശിഷ്ട്യമാണ്. അദ്ദേഹത്തിന്റെ സഭൈക്യനിയോഗങ്ങളും പ്രസ്താവനകളും മാത്രമല്ല, ദേശത്തേയും മതത്തേയും കവച്ചുവയ്ക്കുന്ന ഉപരിപൂരിതവും അനുകമ്പാപൂർണ്ണവുമായ വ്യക്തിത്വം കൂടിയാണ് സാധകമായ സഭൈക്യകാൽവയ്പുകൾക്ക വഴിതെളിച്ചിട്ടുള്ളതു്." (65)

**സഭകളുടെ ലോകകൗൺസിൽ**

198-ൽ കൂടുതൽ വിവിധ അകത്തോലിക്കാസഭകൾ അംഗങ്ങളായുള്ള സഭകളുടെ ലോകകൗൺസിലിന്റെ പ്രതികരണവും വളരെ പ്രത്യാശാജനകമത്രേ. അതിന്റെ കേന്ദ്രക്കമ്മറ്റിയുടെ വാക്കുകൾ ശ്രദ്ധിച്ചാലും: "സഭൈക്യപ്രസ്ഥാനനേതാക്കന്മാർക്ക് ഒരിക്കലും നിക്ഷ്പക്ഷരായി നില്ക്കുക സാധ്യമല്ല, രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ മുമ്പിൽ. ക്രൈസ്തവൈക്യവേദിയിൽ ആശാവഹമായ ഫലം അതു പുറപ്പെടുവിക്കും." (67) ന്യൂഡൽഹി സമ്മേളനത്തിനുമുമ്പു് പൊതുക്കാര്യദർശി വിസ്സർട്ടൂഫ്റ്റ് പ്രസ്താവിച്ചു: "സഭകളുടെ ലോകകൗൺസിലും രണ്ടാംവത്തിക്കാൻ കൗൺസിലും പരസ്പര വിരുദ്ധങ്ങളായ ലക്ഷ്യങ്ങൾക്കവേണ്ടിയല്ല സമ്മേളിക്കുന്നതു്; ക്രിസ്തുവിന്റെ നിയമം വാഴുവാൻ സാഹചര്യം സൃഷ്ടിക്കുന്നതിനു വേണ്ടിയാണ്. എങ്കിൽ അവ ക്രൈസ്തവലോകത്തിനു പ്രത്യേകിച്ചും ലോകത്തിനുപൊതുവേയും വളരെയധികം ഗുണം പ്രദാനം ചെയ്യും" (68) പ്രോട്ടസ്റ്റന്റു ലോകത്തിനു വത്തിക്കാൻ കൗൺസിലിന്റെ പ്രാധാന്യത്തെ വിശദമാക്കിക്കൊണ്ടു് മററു പല അവസരങ്ങളിലും അദ്ദേഹം സംസാരിച്ചു. മിനിയാപോളിസിൽവച്ചു് അദ്ദേഹം പറഞ്ഞു, പ്രാത്ഥനയോടും, പ്രതീക്ഷയോടും കൂടി പ്രോട്ടസ്റ്റന്റുകാരും ഓത്തഡോക്സുകാരും കൗൺസിലിനെ ശ്രദ്ധിക്കും. മതാത്മകസ്വാതന്ത്ര്യത്തേയും മിശ്രവിവാഹത്തേയും മററുംപററി വ്യക്തവും ക്രൈസ്തവൈക്യസഹായകരങ്ങളുമായ തീരുമാനങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിൽ എടുക്കുമെന്നു താൻ പ്രതീക്ഷിക്കുന്നുവെന്നു് വേറൊരവസരത്തിൽ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. (69)

ലോകസഭാ കൗൺസിലിന്റെ കേന്ദ്രക്കമ്മററി കഴിഞ്ഞ ആഗസ്റ്റിൽ പാരീസിൽക്കൂടി രണ്ടു ഔദ്യോഗികനിരീക്ഷകരെ കൗൺസിലിലേക്കു തെരഞ്ഞെടുത്തു. "വിശ്വാസവും ക്രമവും" എന്ന സം

ഘടനയുടെ കാര്യദർശിയായ ഡോ. ലൂക്കാസ് വിഷറായിരുന്നു തെരഞ്ഞെടുക്കപ്പെട്ടവരിലൊരാൾ. പ്രസ്തുത മീററിംഗിൽ കത്തോലിക്കാസഭയുടെ രണ്ടു നിരീക്ഷകർ (ജെ. സി. ഷീറിൻ, സി. എസ്. പി; ജെ. ഹാമർ, ഒ. പി.) സംബന്ധിച്ചിരുന്നു. സെൻട്രൽക്കമ്മററി അംഗങ്ങളോട് ആ സമ്മേളനത്തിൻെറ പ്രാധാന്യമെന്തെന്ന് ജെ. ബി. ഷീറിൻ ചോദിക്കവേ ചിലരിൽ നിന്നും ലഭിച്ച ഉത്തരം ഇതായിരുന്നു— കൗൺസിലിലേക്ക് നിരീക്ഷകരെ തെരഞ്ഞെടുക്കുക. തെരഞ്ഞെടുപ്പിനുശേഷം, വിസ്സർട്ടുഫ്റ്റ് ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "നമ്മുടെ പ്രാർത്ഥനകളിലൂടെ കൗൺസിലിനെ നാം സഹായിക്കണം. കൗൺസിൽ പിതാക്കന്മാരുടെ പ്രവർത്തനങ്ങൾക്ക വിഷമം വരുത്തിയേക്കാവുന്ന യാതൊന്നും നാം ചെയ്യരുത്. അവരുടെ സ്വന്തം സഭയിലെ നവീകരണത്തിനുള്ള ശ്രമങ്ങളിൽ ഉത്തേജനം നൽകുന്നതിനു നമ്മാലാവതു ചെയ്യണം. ഈ ബോധ്യത്തിലാണ് ക്ഷണം നാം സ്വീകരിച്ചതു; നിരീക്ഷകരെ തെരഞ്ഞെടുത്തതും." (70) നിരീക്ഷകരെ സംബന്ധിച്ച് സെൻട്രൽക്കമ്മററി അവതരിപ്പിച്ച പ്രമേയത്തിലെ ചില വാക്യങ്ങൾ ശ്രദ്ധാർഹങ്ങളാണ്: കൗൺസിലിലേക്ക നിരീക്ഷകരെ അയയ്ക്കുവാനുള്ള ക്രൈസ്തവകാര്യാലയത്തിൻെറ ക്ഷണം സെൻട്രൽക്കമ്മിററി സ്വീകരിക്കുന്നു നിരീക്ഷകരെ അയയ്ക്കുന്നതിൻെറ ഉദ്ദേശ്യം പ്രധാനമായുമിതാണ്— സഭകളേയും ക്രൈസ്തവൈക്യത്തേയും പൊതുവേ സ്പർശിക്കുന്ന വത്തിക്കാൻ കൗൺസിലിൻെറ പ്രവർത്തനങ്ങളെപ്പററി വിവരങ്ങൾനേരിട്ടറിയുക—കൗൺസിൽ സമ്മേളനങ്ങളിൽ തങ്ങളുടെ റിപ്പോർട്ടുകൾ ചുമതലപ്പെട്ടവർ വഴി അവർ നല്കും." (71)

### കൗൺസിൽ സമ്മേളനവും നിരീക്ഷകരും

വത്തിക്കാൻ കൗൺസിലിൻെറ സമ്മേളനത്തിനു മുമ്പുവരെയുള്ള അകത്തോലിക്കാ ലോകത്തിൻെറ സാധകപ്രതികരണങ്ങൾ നാം ചുരുക്കമായി കാണുകയായിരുന്നു. സഭയേയും കൗൺസിലിനേയും പററി അകത്തോലിക്കാ നിരീക്ഷകർ പുറപ്പെടുവിച്ച പ്രത്യാശനിറഞ്ഞ പ്രസ്താവനകളിൽ ചിലതെങ്കിലും വളരെ സംക്ഷിപ്തമായിട്ടെങ്കിലും അടുത്തതായി നമുക്ക കാണാം. അതിനുമുമ്പ്, നിരീക്ഷകരെ പരിശുദ്ധ പിതാവും ക്രൈസ്തവകാര്യാലയവും സ്വാഗതം ചെയ്തതെങ്ങിനെയെന്നു അറിയേണ്ടിയിരിക്കുന്നു.

ഓർത്തഡോക്സ്-പ്രോട്ടസ്റ്റൻറുലോകത്തുനിന്നും മുപ്പത്തോളം ഔദ്യോഗികനിരീക്ഷകരും പല പ്രത്യേകാതിഥികളും കൗൺസിലിൽ സംബന്ധിക്കുകയുണ്ടായി. ഒക്ടോബർ പതിമൂന്നാം തീയതി വത്തിക്കാൻെറ കൺസിസ്റ്ററി ഹാളിൽവച്ച് പരിശുദ്ധ പിതാവ് അവർക്ക് പ്രത്യേകസന്ദർശനമനുവദിച്ചു. കാർഡിനൽ ബെയാ തിരുമേനിയാണ് അവരെ പരിചയപ്പെടുത്തിക്കൊടുത്തത്. നിരീക്ഷകരുടെ മദ്ധ്യേ സാധാരണകസേരയിൽ ഇരുന്ന് ഏററം സ്നേഹാത്മകവും പൈതൃകവുമായ രീതിയിലാണ് തിരുമേനി സംഭാഷണം നടത്തിയത്. നിരീക്ഷകരുടെ ഹൃദയം കവർന്ന ഒരു സംഭവമായിരുന്നു അത്. പലരും അതു പ്രതീക്ഷിച്ചിരുന്നില്ല. പലകാര്യങ്ങളും സംസാരിച്ചകൂട്ടത്തിൽ തിരുമേനി പറയുകയുണ്ടായി "ശാന്തതയോടും വിശാലഹൃദയത്തോടുംകൂടി കത്തോലിക്കാസഭ അതിൻെറ പ്രവർത്തനത്തിൽ മുഴുകുവാൻ പോവുകയാണ്. അതിനെ നവീകൃതവും സ്നേഹപൂർവ്വകവുമായ താല്പര്യത്തോടെ നിരീക്ഷിക്കുകയെന്നതു് നിങ്ങളുടെ കാര്യമത്രേ ..." പരിശുദ്ധ പിതാവു തുടർന്നു "എല്ലാവരിലും ക്രിസ്തുവിൻെറ തിരുവത്താഴവേളയിലെ പ്രാർത്ഥനയുടെ പൂർത്തീകരണം സാധിക്കുന്നതിനുള്ള മഹാമണിക്കൂർ ത്വരിതപ്പെടുത്തുവാൻ വേണ്ടി സഹിക്കുവാനും പ്രവർത്തിക്കുവാനുമുള്ള തീവ്രമായ ആഗ്രഹം എൻെറ ഹൃദയത്തിൽ ജ്വലിക്കുന്നു." (72)

കൗൺസിലിൽവച്ചു് നിരീക്ഷകർക്കും അകത്തോലിക്കരായ മററ് അതിഥികൾക്കും നല്കിയ ഗംഭീര സ്വീകരണത്തിൽ കാർഡിനൽ ബെയാ പറഞ്ഞു: "നിങ്ങളുടെ നീണ്ട പേരുകൾ ചൊല്ലി നിങ്ങളെ സംബോധന ചെയ്യുന്നതിനുപകരം 'ക്രിസ്തുവിൽ എൻെറ സഹോദരന്മാരേ,' എന്നു വിളിക്കുവാൻ എന്നെ അനുവദിച്ചാലും. നമ്മുടെ എല്ലാ വിഭജനങ്ങളേക്കാളും സുശക്തവും നാശക്ഷമമല്ലാത്തതുമായ ശൃംഖലയാണ് ജ്ഞാനസ്നാനത്തിൻേറത്. അതിൻെറ അളവററ അനുഗ്രഹത്തെപ്പററി അഗാധമായ ബോധം നമ്മിലുളവാക്കും അത്തരം സംബോധന." ഓർത്തഡോക്സുകാർ പ്രതിനിധികളെ അയയ്ക്കാഞ്ഞതിൽ ഖേദം പ്രകടിപ്പിച്ചു അദ്ദേഹം. ക്രൈസ്തവൈക്യകാര്യാലയം എപ്പോഴും ആഗതരായ അകത്തോലിക്കാ സഹോദരങ്ങളുടെ സൗകര്യാർത്ഥം പ്രവർത്തിക്കുമെന്നു അദ്ദേഹം ഉറപ്പുനൽകി. തുടർന്നുള്ള തിരുമേനിയുടെ വാക്കുകൾ ഹൃദ

യസ്പർശകങ്ങളാണ്: "നിങ്ങളുടെ പൂർണ്ണവിശ്വാസം ഞങ്ങൾ
ക്കു തരുന്നതിനു ഞാൻ അഭ്യർത്ഥിക്കുകയാണ്. സഭയിൽ നിങ്ങൾ
ക്കിഷ്ടപ്പെടാത്ത കാര്യങ്ങൾ ആത്മാർത്ഥതയോടെയും ഹൃദയം
തുറന്നും ഞങ്ങളോടു പറയുക. നിങ്ങളുടെ സാധകമായ വിമർശ
നങ്ങളും അഭിപ്രായങ്ങളും ഞങ്ങളോടുകൂടി പങ്കിടുന്നതിനു ഞാൻ
അപേക്ഷിക്കുകയാണ്; പ്രത്യേകിച്ചും കാര്യാലയത്തിൻെറ സ
മ്മേളനത്തിൽ". (73)

ജർമ്മൻ എവാൻജലിക്കൽ സഭയുടെ നിരീക്ഷകനായ ഡോ:
എഡ്മണ്ടു് ഷ്ളിൻക്ക് ആണ് മറുപടിപറഞ്ഞതു്. "അകത്തോ
ലിക്കാസഭകളുമായി പുതിയതും തുറന്നതുമായ ഒരു അന്തരീക്ഷം
പരിശുദ്ധ പിതാവ് സൃഷ്ടിച്ചു. ഇത്രയുംനാൾ ഏതാനും വ്യ
ക്തികൾ തമ്മിലും, ചെറിയ സമ്മേളനങ്ങളിലൂടെയും മാത്രമേ ക
ത്തോലിക്കരും അകത്തോലിക്കരുമായി സഭൈക്യസംഭാഷണങ്ങൾ
നടത്തിയിരുന്നൊള്ളു. അവ ഔദ്യോഗികസ്വഭാവമുള്ള ഈ
കൗൺസിലിലേക്കു നമ്മെ നയിച്ചതു് വലിയ ഒരു പുരോഗതിയാ
യി ഞങ്ങൾ കരുതുന്നു" (74)

കൗൺസിൽ സമ്മേളനത്തിനു ശേഷം, ഡോ. സ്ക്കൈഡ്സ്
ഗാർഡു് (ലൂഥറൻ വേൾഡ് ഫെഡറേഷൻെറ നിരീക്ഷകൻ)
ഒരു പ്രസ് കോൺഫ്രൻസിൽ വച്ച് പ്രഖ്യാപിച്ചു പ്രോട്ടസ്റ്റൻറു
ലോകത്തിനു രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു വെല്ലുവിളി
യാണെന്ന്: "വത്തിക്കാൻ കൗൺസിൽ നമ്മെ ബാധിക്കയി
ല്ലെന്നും അതു റോമാസഭയുടെ സ്വകാര്യസംഗതിയാണെന്നും
പറയുന്ന പ്രോട്ടസ്റ്റൻറുകാരെ എനിക്കറിയാം. അതു തികച്ചും
തെറ്റാണ്...മററു സഭകൾ എന്നു നാം വിളിക്കുന്നവരും നമ്മുടെ
സമീപസ്ഥരാണ്... ഏതു തരത്തിലാണ് രണ്ടാം വത്തിക്കാൻ
കൗൺസിലിലൂടെ ഐക്യം സംജാതമാകുവാൻ പോകുന്നതെന്നു
നിർണ്ണായകമായി പറയുക വയ്യ. അകന്നു ജീവിക്കുക സാധ്യമല്ലെ
ന്ന ഒരു ബോധം സംജാതമാവുകയാണ് ഏററം പ്രധാന സംഗ
തി....ഏകഭാഷണം കൊണ്ടു തൃപ്തിപ്പെടുക വയ്യ. സഭകളെ ത
മ്മിൽ അടുപ്പിക്കുന്ന സംഭാഷണമാണിന്നാവശ്യം. അതു സാദ്ധ്യ
മായിത്തീർന്നിട്ടുണ്ടു് രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ." (75)

മെത്തോഡിസ്റ്റ് സഭകളുടെ നിരീക്ഷകനായ ബിഷപ്പ്

ഫ്രെഡ്. പി. കോഴ്സണും ആംഗ്ലിക്കൻ നിരീക്ഷകനായ മൂർമാനും മററും സംതൃപ്തമായ പ്രസ്താവനകളാണു് കൗൺസിൽ നടപടികളെയും ക്രൈസ്തവൈക്യ സംരംഭങ്ങളേയും പററി പുറപ്പെടുവിച്ചതു്. (76) റഷ്യൻ ഓർത്തഡോക്സ് സഭകളുടെ നിരീക്ഷകർ പറഞ്ഞു, പരിശുദ്ധ പിതാവു് ജോൺ 23-ാമൻ തിരുമേനിയുടെ പരിശ്രമഫലമായി ക്രൈസ്തവൈക്യാന്തരീക്ഷത്തിൽ വന്നിരിക്കുന്ന സാധകമായ വ്യതിയാനങ്ങൾ ആക്കം ശുഭാപ്തിവിശ്വാസം തരുവാൻ പോരുന്നവയാണു്. ആർച്ചുപ്രീസ്റ്റ് ബോറോവോയ് തൻെറ ഒരു ലേഖനത്തിൽ ചൂണ്ടിക്കാണിച്ചു: "വ്യത്യസ്തമായ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിനു് കൗൺസിൽ പിതാക്കന്മാക്കു് അനുവദിക്കപ്പെട്ടിരുന്ന സ്വാതന്ത്ര്യത്തിൻേറതായ അന്തരീക്ഷത്തിൽ താൻ ഏററവും സന്തോഷിക്കുന്നു." (78) കൗൺസിലിൽ ആകമാനം പ്രകടമായിരുന്ന ന്യായമായ സ്വാതന്ത്ര്യത്തിൻേറയും സ്നേഹത്തിൻേറയും സാഹോദര്യത്തിൻേറയും അന്തരീക്ഷത്തെ എല്ലാവരും അങ്ങേയററം പ്രശംസിക്കുകയുണ്ടായി. പരിശുദ്ധ പിതാവിൻെറ പിതാവിന്നടുത്ത പെരുമാററത്തിൽ ഏററം സന്തുഷ്ടരാണു് എല്ലാ നിരീക്ഷകരും. അക്കാര്യം എല്ലാവരും ഉറക്കെപ്പറഞ്ഞിട്ടുമുണ്ടു്.

കൗൺസിൽ സമ്മേളനത്തിൻെറ അവസാന ദിവസമായ ഡിസംബർ എട്ടാം തീയതി കർദ്ദിനാൾ ചിക്കോഞ്ഞാനി നിരീക്ഷകരെ അറിയിച്ചു, ഓരോ നിരീക്ഷകരേയും നേരിട്ടു കണ്ടു നന്ദി പറയുവാനും യാത്ര പറയുവാനും പരിശുദ്ധ പിതാവു അതിയായി ആഗ്രഹിക്കുന്നുവെന്നും പക്ഷേ അനാരോഗ്യം അതിനു തിരുമേനിയെ അനുവദിക്കുന്നില്ലെന്നും. ലോകസഭാകൗൺസിലിന്റെ ഒരു നിരീക്ഷകനായ ഡോ. ലൂക്കാസ് വിഷറാണു് അവസാന ദിവസം അകത്തോലിക്ക നിരീക്ഷകരുടെ പേരിൽ കൃതജ്ഞത പറഞ്ഞതു്. പരിശുദ്ധ പിതാവിൻെറ അനാരോഗ്യത്തിൽ അവരെല്ലാം വളരെ സങ്കടപ്പെടുന്നുവെന്നും സുഖപ്രാപ്തിക്കായി പ്രത്യേകം പ്രാത്ഥിക്കുന്നതാണെന്നും പറഞ്ഞുകൊണ്ടാണു് പ്രസംഗം അദ്ദേഹം ആരംഭിച്ചതു്. കൗൺസിലിൻെറ എല്ലാ പരിപാടികളും തികച്ചും വിജയപ്രദമായിരുന്നുവെന്നും അവരെ സംബന്ധിച്ചിടത്തോളം മഹത്തായ ഒരനുഭവമായിരുന്നു അതെന്നും അദ്ദേഹം വ്യക്തമാക്കി: "കൗൺസിലിൻെറ എല്ലാ സമ്മേളനങ്ങ

ളിലും ഞങ്ങൾക്കു സ്വാതന്ത്ര്യമായി പങ്കെടുക്കാമായിരുന്നു. ഞങ്ങളുടെ ബോദ്ധ്യങ്ങളേയും ധാരണകളേയും, സ്വഭാവത്തേയും, അനുഭവങ്ങളേയും, വിഷമതകളേയും നന്നായി മനസ്സിലാക്കുന്നതിന് എടുത്തിട്ടുള്ള ശ്രമങ്ങൾ ഞങ്ങൾ നന്നായിക്കണ്ടു...തന്റെ പ്രസംഗം അദ്ദേഹം അവസാനിപ്പിച്ചു: "നിലവിലിരിക്കുന്ന വിഷമതകൾ നാം തരണം ചെയ്തിട്ടില്ലെന്നതു വാസ്തവം തന്നെ. നമ്മുടെ വിഭജനങ്ങൾ ഒററയടിക്കു മാററാവുന്നവയല്ല. ക്രൈസ്തവൈക്യപൂർത്തീകരണത്തിനുള്ള നമ്മുടെ പ്രവർത്തനത്തിന്റെ ഗൗരവസ്വഭാവം നാം ഇപ്പോൾ മനസ്സിലാക്കിയിരിക്കയാണ്. അതുകൊണ്ടു്, നമ്മെ സംബന്ധിച്ചിടത്തോളം പല വിധത്തിലും കൗൺസിലിന്റെ കഴിഞ്ഞ സമ്മേളനങ്ങൾ പ്രവർത്തനത്തിനുള്ള ഒരാരംഭം മാത്രമാണ്. ക്രൈസ്തവൈക്യത്തിലേക്കുള്ള നീണ്ട വഴിയിലൂടെ നാമൊരുമിച്ച് ഇനിയും ദീർഘനാൾ യാത്രചെയ്യേണ്ടിയിരിക്കുന്നു. ഫലത്തെപ്പററി നമുക്ക് ഒരൂഹവും ഇല്ല. എന്നാൽ ഒരു കാര്യം തീർച്ചയാണ്: കൗൺസിലിൽ നമ്മൾ ഒരുമിച്ചു കഴിച്ചുകൂട്ടിയ ആഴ്ച്ചകൾ ഒരു സംഗതി തെളിയിച്ചിട്ടുണ്ടു്, നമുക്കൊരുമിച്ചു് ഇനിയും യാത്ര ചെയ്യുവാനുള്ള സന്മനസ്സ് അങ്ങേയററം എല്ലാവരിലുമുണ്ടെന്ന സംഗതി, വാസ്തവത്തിൽ ഈ വസ്തുതയാണ് പ്രത്യാശയും കൃതജ്ഞതയും കൊണ്ടു് നമ്മെ ഇന്നു പൂരിതമാക്കുന്നതു്." (79) കൗൺസിലിനു ശേഷം ഡോ. ക്കുൾമൻ കൗൺസിൽ നടപടികളെ പ്രശംസിച്ചുകൊണ്ടു് നീണ്ട കോൺഫ്രൻസു നടത്തി. (79 b)

ലോകസഭാകൗൺസിലിന്റെ പൊതുകാര്യദർശി ഡോ. ഹൂഫ്റ്റ് പ്രതീക്ഷ നിറഞ്ഞ വാക്കുകളിൽ സംസാരിക്കുകയുണ്ടായി, കൗൺസിൽ പ്രവർത്തനങ്ങളേയും നിരീക്ഷകർക്കു നൽകിയ ഹൃദ്യമായ സ്വീകരണത്തേയുംപററി. വിവിധ സഭകൾ തമ്മിലുള്ള ബന്ധത്തിൽ നാടകീയമായ പുരോഗതി വരുത്തിക്കാൻ കൗൺസിലിന്റെ ആദ്യസമ്മേളനം തന്നെ വരുത്തിവച്ചെന്നും, സർവ്വസഭൈക്യപ്രസ്ഥാനത്തിൽ പ്രതീക്ഷയിൽ കവിഞ്ഞ വികാസം അതുമൂലം ഉണ്ടായി എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. "ക്രിസ്തുകേന്ദ്രമായ" ക്രൈസ്തവൈക്യ പ്രവർത്തനങ്ങളിൽ കൈവന്നിട്ടുള്ള അഭിവൃദ്ധി അഭംഗം തുടരണമെന്നും മിഷൻപ്രദേശങ്ങളിൽ കൂടുതൽ സഹകരിച്ചു പ്രവർത്തിക്കയും അവികസിതരാജ്യങ്ങളിൽ

ക്രൈസ്തവസൗഹൃദം വർദ്ധിപ്പിക്കുന്നതിനു് ശ്രമിക്കയും മററും ചെയ്യണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു: "കൗൺസിൽ എന്തു തീരുമാനങ്ങളാണു് അവസാനം എടുക്കുന്നതു് എന്നതിനെപ്പറ്റി നമുക്കറിയത്തില്ല; എന്നാൽ ഒന്നുണ്ടു്—പ്രതീക്ഷാനിർഭരമായ ഒരാരംഭം അതിട്ടുകഴിഞ്ഞു. എല്ലാവരും ഒന്നായിത്തീരട്ടെ എന്നതായിരിക്കണം നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥന." (80)

കൗൺസിൽ വിളംബരത്തിലും, ഒരുക്കങ്ങളിലും, സമ്മേളനത്തിലും, പിന്നീട്ടും അകത്തോലിക്കാ സഹോദരങ്ങൾ പ്രകടിപ്പിച്ച തികച്ചും സാധകമായ പ്രതികരണങ്ങൾ സാമാന്യവും സംക്ഷിപ്തവുമായി നാം കണ്ടുകഴിഞ്ഞു, പല പ്രമുഖ നേതാക്കന്മാരുടേയും ചിന്തകരുടേയും അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ. ഇവയിൽ നിന്നെല്ലാം ഒരു കാര്യം സ്പഷ്ടമാണു്, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ക്രൈസ്തവൈക്യ പശ്ചാത്തലം ഏററം പ്രത്യാശാപൂർണ്ണമാണു്; പ്രത്യേകിച്ചു ലയൺസു്, ഫ്ളോറൻസു തുടങ്ങിയ മുൻപുനരൈക്യ സൂനഹദോസുകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ. കഴിഞ്ഞ ലക്കത്തിൽ നാം കണ്ടതുപോലെ, ഇരുഭാഗങ്ങളിലേയും ശരിയായ ഒരുക്കത്തിന്റെ അഭാവമായിരുന്നു അവയുടെ പരാജയത്തിന്റെ പ്രധാന കാരണം. കത്തോലിക്കാസഭയിലും ആവശ്യമായ ഒരുക്കങ്ങൾ നടന്നിരുന്നില്ലെന്ന വസ്തുതയും നാം സമ്മതിച്ചേ തീരൂ. എന്നാൽ ഈ കുറവു് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെമേൽ ആരും തന്നെ ആരോപിക്കുകയില്ല. കാർഡിനൽ ബയാ തിരുമേനിയുടെ അഭിപ്രായത്തിൽ: "സഭയുടെ ഏതാണ്ടു രണ്ടായിരം കൊല്ലത്തെ ചരിത്രത്തിൽ ഇത്രയും നന്നായൊരുങ്ങി അവതരിപ്പിച്ച മറെറാരു കൗൺസിലും കാണുകയില്ല." (81) മൂന്നു വർഷത്തിലധികം നീണ്ടുനിന്ന സമഗ്രവും സർവാംഗീണവുമായ കൗൺസിൽ ഒരുക്കങ്ങളെപ്പററി പത്രങ്ങളിലും മാസികകളിലും നാം വായിച്ചുകൊണ്ടാണല്ലോ ഇരുന്നതു്. പുറപ്പെട്ടുപോയ മകനെ തേടി സ്നേഹം നിറഞ്ഞ പിതാവു് ഇറങ്ങിത്തിരിച്ചിരിക്കുന്നതിന്റേയും പിതൃഗൃഹത്തിലെത്താൻ ആ മകൻ യാത്രയായിരിക്കുന്നതിന്റേയും ഒരു സൂചനയാണു് വത്തിക്കാൻ കൗൺസിലിന്റെ ക്രൈസ്തവൈക്യ ശ്രമങ്ങളിലും അതിനോടുള്ള അകത്തോലിക്കാ സഹോദരങ്ങളുടെ സാധകപ്ര

തികരണങ്ങളിലും ചിന്താശീലനായ ഒരു ക്രൈസ്തവൻ നിഷ്പക്ഷബുദ്ധ്യാ കാണുക.

ഇതൊരുവശം മാത്രമാണ്. വസ്തുതകൾ വളച്ചൊടിച്ചും ഊതിവീർപ്പിച്ചും കാണിക്കുക എപ്പോഴും അപകടകരമാണ്. അതുകൊണ്ട്, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ക്രൈസ്തവൈക്യ പശ്ചാത്തലം പ്രത്യാശാനിർഭരമാണെന്നു പറയുമ്പോൾ, അത് നിശ്ചിതാർത്ഥത്തിൽ ഒരു പുനരൈക്യ സൂനഹദോസാണെന്നും, ക്രൈസ്തവൈക്യം അതിലൂടെ പൂർണ്ണമായും നിവൃത്തിയാകുമെന്നും, പറയുകയും പ്രത്യാശിക്കുകയും ചെയ്യുക തീർച്ചയായും ശരിയല്ല. ക്രൈസ്തവസഭകളിലെ ആഴമായ വൈരുദ്ധ്യങ്ങളും വൈപരീത്യങ്ങളും നന്നായി അറിയാവുന്നവർ അത്തരമൊരു പ്രസ്താവനക്കു മുതിരുകയുമില്ല. കൗൺസിലിലെ ഒരു ഔദ്യോഗിക ദൈവശാസ്ത്രജ്ഞനായ ഹാൻസ് ക്യൂങ് (Hanskung) "കൗൺസിലും പുനരൈക്യവും" എന്ന പേരുചേർത്ത തന്റെ പുസ്തകത്തിന്റെ മുഖവുരയിൽ പറഞ്ഞിരിക്കുന്നതുപോലെ "മിഥ്യാബോധം വച്ചുപുലർത്തുക ഒരിക്കലും നല്ലതല്ല. ക്രൈസ്തവൈക്യ പാതയിലെ അഗാധങ്ങളായ പ്രതിബന്ധങ്ങൾ കണക്കിലെടുക്കുമ്പോൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു പുനരൈക്യ സൂനഹദോസായിരിക്കുക അത്ര എളുപ്പമല്ല." (82) ക്രൈസ്തവൈക്യ വിഷയത്തിൽ തനിക്കുണ്ടായിരുന്ന സംശയവും പേടിയും കൗൺസിലിന്റെ ആദ്യസമ്മേളനത്തിനു ശേഷം കുറച്ചു കുറഞ്ഞിട്ടുണ്ടെന്നു് ഹാൻസ്ക്യൂങ് പരസ്യമായിപ്പറഞ്ഞ കാര്യം ഇത്തരുണത്തിൽ സ്മരണീയമത്രേ.

അതുകൊണ്ട്, പ്രധാന ക്രൈസ്തവൈക്യ തടസ്സങ്ങളെയും അവ പരിഹരിക്കുന്നതിനു രണ്ടാം വത്തിക്കാൻ കൗൺസിലിനു് എന്തു ചെയ്യാമെന്നതിനേയും പററി അല്പം താത്വികമായി നാം കാണേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ, രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു പുനരൈക്യസൂനഹദോസെന്ന പേരിനു് എത്രമാത്രം അർഹമാണ് എന്നതിനെപ്പററി ഒരു വിധി പറയുവാൻ ആവൂ.

(തുടരും)

References

52) A. A. S. 1960. P. 52
53) The Clergy Monthly Dec. 1961. PP 413-14
54) Unitas Vol XII. No. 1 1961 P. 54
55) Istina 1960. PP 247-'53.
56) Catholic Herald (London) Aug. 1962
57) The New Leader Sept 3. 1961
58) The Ecumenical Council. The Church and Christendom" P. 148
59) Ecumenical Review vol XII oct. 1959. P. I
60) La Croix Nov. 10, 1961 P. 4
61) The Ecumenical Council, The Church and Christendom P. 133
62) Informationes Catholiques Internationales Nov. 1962 P. 15
63) Unitas Vol XIII. 1960 P. 298
64) The Universe and Catholic Times July 13, 1962. P. 20
65) The Church Times. Sept. 1, 1961
66) Ecumenical Review Vol XIII P. 68
67) Idem
68) La croix Dec. 15, 1961. P. 4
69) The Ecumenist Vol. I No.1. Oct. 1962 PP. 6—8
70) Unitas vol XIV. No. 3 1962. P. 219
71) Informationes Catholiques internationales Nov. 1962. P. 15
72) Unitas. Vol XIV. 1962 P. 219
73) Idem
74) Idem
75) Idem
76) Informationes Catholiques Internationales. Nov. 1962
77) Idem
78) Idem
79) The Examiner, Dec. 22, 1962. P. 855
79b) Documentation Catholique Dec. 16. 1962
80) The Messenger (Ceylon) Dec, 1962
81) Cross currents. Spring. 1962 Vol XII No. 2. P. 266
82) "Council and Reunion." by Hans Küng

—— o ——

ഗ്രന്ഥാവലോകനം

# 101 സംഭവങ്ങൾ സംസാരിക്കുന്നു.

# യുവത്വത്തിലേയ്ക്കു്

(ഗ്രന്ഥകർത്താ: ജി. തളിയൻ)

ജെ. പി. ഷാഫർ എന്ന വൈദികന്റെ "Stories on Catholic Living" എന്ന കൃതിയെ ഉപജീവിച്ചു് റവ. ഫാ. ജി. തളിയൻ രചിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണു്, "101 സംഭവങ്ങൾ സംസാരിക്കുന്നു." മനുഷ്യർ സംസാരിക്കുന്നതിലേറെ ഹൃദയസ്പർശകമായി സംസാരിക്കാനുള്ള കഴിവു് സംഭവങ്ങൾക്കുണ്ടു്. കത്തോലിക്കാജീവിതത്തിന്റേയും വിശ്വാസത്തിന്റേയും അടിസ്ഥാനതത്വങ്ങളെ സ്പർശിക്കുന്ന ചില സംഭവങ്ങളുടെ വിവരണമാണീ കൃതിയിൽ. "ഗഹനങ്ങളായ തത്വചിന്തകളോ മുഷിപ്പൻ യുക്തികളോ അംശംമില്ലാത്ത ഈ ഗ്രന്ഥം കുട്ടികൾക്കു് ഒരു പ്രിയ മിത്രമായിരിക്കും" എന്നു അവതാരികാകാരനായ റവ. ഫാ. മൂത്തേടൻ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഏറ്റവും സംഗതമാണു്. നമ്മുടെ സൺഡേസ്കൂൾ അദ്ധ്യാപകന്മാർ, ഈ ഗ്രന്ഥത്തിലെ സംഭവങ്ങൾ സന്ദർഭോചിതമായി, അദ്ധ്യേതാക്കളുടെ മുമ്പിൽ അവതരിപ്പിക്കുന്ന പക്ഷം മതപഠനക്ലാസ്സുകൾ വളരെയേറെ രസകരമാക്കുവാൻ അതു സഹായകമാകും. ആ നിലയിൽ നമ്മുടെ സൺഡേസ്കൂളുകളിലും മറ്റും പ്രചുരപ്രചാരം അർഹിക്കുന്ന ഒരു കൃതിയാണെന്നു പറയുവാൻ സന്തോഷമുണ്ടു്. (വില 75 ന. പൈ.)

ഫാ. തളിയന്റെ തന്നെ മറ്റൊരു കൃതിയാണു് "യുവത്വത്തിലേയ്ക്കു്-" കൗമാരത്തിന്റെ പടികൾ തരണംചെയ്തു യുവത്വത്തിലേക്കെത്തിനോക്കുന്ന കത്തോലിക്കാ യുവജനങ്ങളോടുള്ള ചില ഉപദേശങ്ങളാണിതിന്റെ പ്രമേയം. നമ്മുടെ ഭാഷയിൽ ഇമ്മാതിരികൃതികൾ താരതമ്യേന വിരളമാണു്. യുവജനങ്ങളെ വഴിതെറ്റിപ്പിക്കാനുതകുന്ന കഥകളും സാഹിത്യകൃതികളും സമൃദ്ധമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക കാലത്തു്, ഈശ്വരവിശ്വാസത്തിലും സാന്മാർഗ്ഗികമൂല്യങ്ങളിലും അടിയുറച്ച ആദർശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഇമ്മാതിരി കൃതികൾ നമ്മുടെ യുവജനങ്ങളുടെ കൈയിൽ എത്തുപെടുവാനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുക്കേണ്ട ചുമതല രക്ഷകർത്താക്കന്മാർക്കും, സ്കൂൾ അധികൃതർക്കും മതാദ്ധ്യാപകർക്കും വളരെ കൂടുതലായുണ്ടെന്നു ഓർമ്മിപ്പിക്കട്ടെ. (വില 40 ന. പൈ.)

ജോസഫ് അയ്മനാട്ടു് M. A.

റവ. ഫാ. ജി തളിയൻ, കോടനാട്ടുപള്ളി, പെരുമ്പാവൂർ എന്ന വിലാസത്തിൽ ആവശ്യപ്പെടുക.

## RECEIVED

ശ്രീ പി. ററി. ചാക്കോ അവർകളുടെ പത്രാധിപത്യത്തിൽ മൂവാറ്റുപുഴയിൽ നിന്നു പുറപ്പെടുന്ന 'വീക്ഷണം' എന്ന ദ്വൈമാസികത്തിന്റെ

ആദ്യത്തെ രണ്ടു ലക്കങ്ങൾ കൃതജ്ഞതാപൂർവ്വം കൈപ്പററി. അവയിലെ പത്രാധിപപംക്തികളിൽ നിന്നു 'വീക്ഷണ'ത്തിനു് അതിൻേറതായ ഒരു സന്ദേശമുണ്ടെന്നു കാണുവാൻ കഴിയും. ഞങ്ങളുടെ മാന്യ സഹജീവിക്കു് ഭാവുകങ്ങൾ നേന്നുകൊള്ളുന്നു.

Editor.

## ബൈബിൾ വ്യാഖ്യാനപംക്തി

# 'എന്നെ തൊടരുതു്'

മൂലഭാഷാപരിജ്ഞാനം ബൈബിൾ വിവത്തനത്തിൻെറ വിജയത്തിനു് അവശ്യാവശ്യകമാണു്. മൂലഭാഷയിൽ വ്യുല്പത്തിയുള്ളവർപോലും പദാനുപദവിവത്തനത്തിൽ കറങ്ങിപ്പോകാറുണ്ടു്. മൂലഭാഷാപ്രയോഗങ്ങളും വിവത്തനഭാഷാ പ്രയോഗങ്ങളും പലപ്പോഴും പൊരുത്തപ്പെടാറില്ല. ഇദാനിന്തന സംസ്ക്കാരവും നൂററാണ്ടുകൾക്കപ്പുറം നിലവിലിരുന്ന സംസ്ക്കാരവും തമ്മിൽ ഉള്ള അന്തരം, മൂലത്തിലെ ഒററപ്പദത്തിനുള്ള അർത്ഥവ്യാപ്തി വെളിപ്പെടുത്തത്തക്ക ഒററപ്പദം വിവത്തനഭാഷയ്ക്കില്ലാതെവരിക എന്നിവ പദാനുപദ വിവത്തകർ തട്ടിമറിയുന്ന കിറാമുട്ടികളിൽ ചിലതാണു്. വിശുദ്ധ ഗ്രന്ഥവാക്യങ്ങളിൽ ചിലതെങ്കിലും പല നല്ല ആളുകൾക്കുപോലും തലവേദന വരുത്തുന്ന പ്രശ്നമായിത്തീരാറുണ്ടു്. അതിനു കാരണം പലപ്പോഴും വിവത്തനത്തിൽ വരുന്ന പാകപ്പിഴകളാണു്. ഒരുദാഹരണം പരിശോധിക്കാം.

വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം അദ്ധ്യായം 20 വാക്യം 17 എടുക്കാം. സംഭവം ഇതാണു്. ജഡമോഹങ്ങളെ പരിപൂണ്ണമായി പരിത്യജിച്ചു് ജീവിതകാലം മുഴുവൻ തൻെറ സ്നേഹനാഥൻെറ പാദങ്ങളെ മാത്രം ശരണം ഗമിച്ചിരുന്ന മറിയം, കല്ലറയിൽ അടക്കപ്പെട്ട അവളുടെ പ്രേമനാഥൻെറ തിരുശരീരം തൽസ്ഥാനത്തു് കാണായ്കയാൽ കേഴുകയാണു്. തൽസമയം മിശിഹാ അവൾക്കു് പ്രത്യക്ഷമരുളുന്നു. അവിടുത്തെ പാദങ്ങളെ സ്പർശിക്കുവാൻ ആഞ്ഞിരിക്കാം അവൾ. എന്നാൽ "തൊടരുതു്'' എന്ന കല്പനകേട്ടു് ഞെട്ടി പിൻവാങ്ങേണ്ടിവരുന്ന ആ പാവത്തിനു്. ഉയിത്തശേഷം അങ്ങേക്കു് ഏതാണ്ടു് തീണ്ടലുള്ളപോലെ! ഇനി കാരണമോ? ''ഞാൻ എൻെറ പിതാവിൻെറ പക്കലേക്കു് ഇതുവരെയും കരേറിയിട്ടില്ല." അതുകഴിഞ്ഞാൽ അഥവാ അതു കഴിഞ്ഞാലേ "തൊടാവൂ'' എന്നു് തോന്നിപ്പോകും. നമ്മുടെ നിലവിലുള്ള പല ബൈബിൾ വിവത്തനങ്ങൾ വായിച്ചാലും ഒരുവനു കിട്ടുന്ന ഒരേകദേശ ജ്ഞാനമാണിതു്.

മൂലം.

മിശിഹാ യഥാർത്ഥത്തിൽ ഒരു തീണ്ടൽ കല്പിച്ചുവോ? മറിയം അങ്ങെ സ്പർശിച്ചുവോ? "തൊടരുതു്'' എന്ന വിവത്തനം ചെയ്തിരിക്കുന്ന പദംകൊണ്ടു് എന്തു് വിവക്ഷിക്കുന്നു? ഇവയ്ക്കെല്ലാം പര്യാപ്തമായ ഉത്ത

രം നൽകുവാനുള്ള പ്രാപ്തി മൂലമായ ഗ്രീക്കിനു മാത്രമാണുള്ളത്. മലയാളവുമായി, അല്ല മററു ഭാഷകളുമായി തട്ടിച്ചുനോക്കിയാൽ വളരെ വ്യത്യാസമുള്ള ഒരു ഭാഷയാണ് ഗ്രീക്ക്. വ്യത്യസ്തങ്ങളായ കാലങ്ങളെ സൂചിപ്പിക്കുന്ന ചില പ്രയോഗങ്ങൾ മററു ഭാഷകളിലും കാണാൻ കഴിയാത്തവയാണ്, ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തിവയ്ക്കുന്നതിനും, ആരംഭിക്കുവാൻ പോകുന്ന പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനും മലയാളത്തിലും മററു പല ഭാഷകളിലും പ്രത്യേകം കാലവിശേഷ പ്രയോഗങ്ങൾ സാധാരണ കാണുകയില്ല. ഉദാഹരണത്തിനു് നമ്മുടെ കയ്യിൽ ബലമായി പിടിച്ചിരിക്കുന്ന ഒരുവനോട്ട് എന്നെ പിടിക്കരുത് എന്നു് പറയാം. അവിടെ വിവക്ഷ പിടിവിടുന്നതിനാണു്. എന്നാൽ പിടിക്കുവാൻ സമീപിക്കുന്ന ഒരുവനോടും പിടിക്കരുത് എന്നുതന്നെ നാം പറയുന്നു. പക്ഷേ ഗ്രീക്കിൽ ഇതിനു് പ്രത്യേകം പ്രയോഗങ്ങളുണ്ട്. ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയിൽ നിന്നും വിരമിക്കുന്നതിനു് 'വർത്തമാനവിധിക്രിയ' (present imperative) യാണ് ഉപയോഗിക്കുക. ആരംഭിക്കുവാൻ പോകുന്ന പ്രവൃത്തി ആരംഭിക്കാതിരിക്കുവാൻ 'നൈമിഷികപ്രവൃത്തി ദ്യോതക വിധി' (Aorist tense) ഉപയോഗിക്കുന്നു. ഇതു് പ്രവൃത്തിയുടെ ആപേക്ഷികതയെയോ, നൈരന്തര്യത്തെയോ കുറിക്കുന്നില്ല. ഒരു നിമിഷത്തിൽ നടക്കുന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്നു എന്നു പറഞ്ഞാൽ ഏതാണ്ട് ശരിയായിരിക്കും.

ഇത്രയും മനസ്സിൽ വച്ചുകൊണ്ട് നമുക്കു് വിശുദ്ധ ഗ്രന്ഥത്തിലേക്ക് കടക്കാം. മലയാളത്തിലെ "എന്നെ തൊടരുത്" എന്ന സ്ഥാനത്ത് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് വർത്തമാനവിധിക്രിയയായ "മേ മൂ അപ്റ്റു" എന്നാണ്. ഇതിൽ നിന്നും മറിയം മിശിഹായുടെ പാദങ്ങളെ പിടിച്ചുകൊണ്ടിരിക്കയായിരുന്നെന്നും ആ പ്രവൃത്തിയിൽ നിന്നും തല്ക്കാലം വിരമിക്കുവാനാണ് അവിടുന്ന് ആവശ്യപ്പെട്ടതെന്നും സ്പഷ്ടം. വി. മത്തായി ഈ ഭാഗം വ്യക്തമായി വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "അവർ അടുത്തുവന്നു് അവന്റെ പാദങ്ങൾ പിടിച്ചു് അവിടുത്തെ ആരാധിച്ചു". (മത്താ 28-9) നമ്മുടെ സാമാന്യവിവർത്തനത്തിൽ കണ്ടുവരുന്നതുപോലെ ആകണമെങ്കിൽ വിശുദ്ധ യോഹന്നാൻ "മേ മൂ അപ്സേ" എന്ന നൈമിഷിക പ്രവൃത്തി ദ്യോതകവിധി ഉപയോഗിക്കേണ്ടിയിരുന്നു.

## വിവർത്തനങ്ങൾ

ഇതിന്റെ വെളിച്ചത്തിൽ നമുക്ക് ഏതാനും വിവർത്തനങ്ങൾ പരിശോധിക്കാം. ലത്തീൻ വൾഗേററിൽ വച്ചിരിക്കുന്നതു് Noli me tangere എന്നാണ്. ഇതു മലയാളത്തിലെ "തൊടരുത്" എന്നതിനു തുല്യമാണ്. ഇതിൽ നിന്നും വൾഗേററുപോലും ഈ കുരുക്കിൽ കുടുങ്ങിപ്പോയി എന്നു് മനസ്സിലാക്കാം. മൂലത്തോട്ട് യോജിക്കണമെങ്കിൽ "Teneo" എന്ന ക്രിയയോ അതിന്റെ സംയുക്ത ക്രിയകളോ (Compounds) ഉപയോഗിക്കേണ്ടിയിരുന്നു. വൾഗേററിനെ ആധാരമാക്കി ചെയ്ത വിവർത്തനങ്ങൾക്കും ഇതേ അബ

ദ്ധം പിണഞ്ഞാൽ എന്തിനതിശയിക്കണം. "Do not touch me" എന്നാണു് ,'ഡൂവെ '' വിവൎത്തനവും.

എന്നാൽ വൾഗേററിൽ നിന്നു തന്നെ ഗ്രീക്ക്, ഹീബ്രു, മുതലായ മൂല ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ നടത്തിയ Knox-ന്റെ വിവൎത്തനം "Do not cling to me thus'' എന്നു് ഉപയോഗിച്ചു് സാമാന്യം വിജയം വരിച്ചിരിക്കുന്നു.

അപ്രകാരം തന്നെ "La Sainte Bible'' എന്ന ഫ്രഞ്ചു് വിവൎത്തനവും ഈ ഭാഗത്തു് വിജയം വരിച്ചിട്ടുണ്ടു്, അതിൽ ഇപ്രകാരമാണു് കാണുന്നതു്. Ne me retiens pas ainsi ..........."cling''എന്ന അൎത്ഥമാണിതിനുള്ളതു്. Touch എന്ന അൎത്ഥത്തിലാണെങ്കിൽ Toucher എന്നോ മറേറാ ഉപയോഗിക്കേണ്ടിയിരുന്നു.

ഇനിയും നമുക്കു് മലയാള വിവൎത്തനങ്ങളിലേക്കു കടക്കാം. "എന്നെ തൊടരുതു്" എന്നു് മാണിക്കത്തനാരും, "എന്നെ പിടിക്കരുതു്" എന്നു് Book a Month കാരും വിവൎത്തനം ചെയ്തിരിക്കുന്നു, സാഹിത്യതിലകൻ സി. കെ. മററം വിവൎത്തനം ചെയ്തിരിക്കുന്നതും എന്നെ തൊടരുതു് എന്നാണു്, എന്നാൽ ശ്രീ എൽ. എം. തോമസ് കുറെക്കൂടെ വിജയകരമായി "എന്നെ സ്പൎശിക്കാതിരിക്കുക" എന്നു് പ്രയോഗിച്ചിരിക്കുന്നു. പൂൎണ്ണ അൎത്ഥദ്യോതകമായി എന്തു് പ്രയോഗിക്കണമെന്നു് ഭാഷാവിദഗ്ദ്ധർ തന്നെ നിശ്ചയിക്കട്ടെ.

ശരിയായ വ്യാഖ്യാനം

കാലഭേദ സൂചന മാത്രമല്ല പ്രശ്ന ഹേതു. പദപ്രയോഗം, മിശിഹാ 'പറഞ്ഞ കാരണം, എല്ലാം ഒരു തിരാപ്രശ്നമായിത്തീരുകയാണു് ചിലൎക്കു്. 'തൊട്ടുക" (touch, tangere) എന്ന പദം എന്തോ ആശാസ്യമല്ലാത്ത ഒരു സമ്പൎക്കത്തെ സൂചിപ്പിക്കുന്നതായി ചിലർ ധരിച്ചു വശായിരിക്കയാണു്. എന്നാൽ മൂലപദമായ "അപ്റവു" എന്നതിനു് ഇപ്രകാരമുള്ള ഒരു ധ്വനിയുമില്ല. പക്ഷെ മൂലഭാഷയുമായി സമ്പൎക്കമില്ലാത്ത അകത്തോലിക്കരിൽ ചിലരും മതവൈരികളും ഈ പ്രയോഗത്തെ ആധാരമാക്കി വകഞ്ഞുകെട്ടിയിരിക്കുന്ന ആരോപണങ്ങൾ അനവധിയാണു്. ഇക്കൂട്ടർ അക്കാലത്തെ യഹൂദരുടെ സാമുദായികാചാരങ്ങളെപ്പോലും വിസ്മരിക്കുകയാണു്. പാശ്ചാത്യമുറയനുസരിച്ചു് ഇന്നു നാം കാണുന്ന കൈ കൊട്ടക്കലിന്റെ സ്ഥാനത്തു് (shake hand) ആലിംഗനമുറയാണു് അവൎക്കുണ്ടായിരുന്നതു്. ഭക്ത്യാദരങ്ങളും ആരാധനവണക്കങ്ങളും പ്രകടിപ്പിക്കുന്നതിനു് പാദങ്ങൾ പ്രണമിക്കുക അസാധാരണമല്ലെന്നു് പിറവിക്കുരുടന്റെയും, (ജോൺ IX-38) കുഷ്ഠരോഗിയുടെയും, (ലൂക്കാ XVII-16) സംഘപ്രമാണിയുടെയും (മാൎക്കു് V-22) പ്രവൃത്തികൾ വിളിച്ചറിയിക്കുന്നുണ്ടു്. പരസ്യപാപിനി ശിമോന്റെ വിരുന്നുശാലയിൽ വച്ചു് മിശിഹായുടെ പാദങ്ങളെ തൈലംകൊണ്ടു് പൂശുകയും ചുംബിക്കുകയും ചെയ്തു. അവിടുന്നു് അതിനെ തടഞ്ഞില്ല, മാത്രമല്ല, വർ

ക്തമായ വിശദീകരണത്താൽ ശിമോന്റെ സംശയം ദൂരീകരിക്കുകയും ആസ്ത്രീയെ ആദരിക്കുകയും ചെയ്തു. ഇനിയും മുമ്പു കണ്ടതുപോലെ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് മറിയം അവിട്ടത്തെ പാദങ്ങൾ പിടിച്ച് അങ്ങെ ആരാധിച്ചു എന്ന്. അപ്പോൾ അനാശാസ്യ സമ്പർക്കത്തിന്റെ ധ്വനിപോലും ഈ പ്രവൃത്തിയിൽ ഇല്ലെന്നും ആരാധനാവണക്കങ്ങളെ പ്രകടിപ്പിക്കുന്നതിനുള്ള ഉപാധി മാത്രമായിരുന്നെന്നും സ്പഷ്ടം.

നമുക്ക് ഒരു പക്ഷേ ഇതു വലിയ പുതുമയായിരിക്കുകയില്ല, കാരണം ആചാരവണക്കങ്ങൾ പ്രകാശിപ്പിക്കുന്നതിനുള്ള ഈ ഉപാധി ഭാരതീയർക്ക് ഇന്നും അജ്ഞാതമല്ല. ഭാരതത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് വടക്കൻ പ്രദേശങ്ങളിൽ ഇന്നും നിലവിലിരിക്കുന്ന ഒരു നടപ്പാണിത്. ഒരു പക്ഷേ കേരളത്തിൽ താരതമ്യേന കുറവായിരിക്കാം.

മിശിഹാ പറഞ്ഞ കാരണത്തെക്കുറിച്ച് രണ്ടു വാക്ക്. "ഞാൻ എന്റെ പിതാവിന്റെ പക്കലേക്ക് ഇതുവരെയും കരേറിട്ടില്ല." മിശിഹാ പറഞ്ഞ കാരണം ഇതാണല്ലോ. വിശുദ്ധ ഗ്രന്ഥപണ്ഡിതന്മാർ പല വ്യാഖ്യാനം ഇതിനു നൽകുന്നുണ്ടെങ്കിലും ചുരുക്കം ഇതാണ്. മിശിഹാ മറിയത്തെ ഒരു ദൗത്യം ഏല്പിക്കുന്നു. അതും ഉടൻ നിർവ്വഹിക്കേണ്ടതു്. തന്റെ ഉയിർപ്പിന്റെ സന്തോഷവാർത്ത ശിഷ്യരെ അറിയിക്കുവാൻ. ദൗത്യ നിർവ്വഹണത്തിന് തന്നെ വിട്ടുപിരിയേണ്ടിവരുന്നതിൽ മറിയം ദുഃഖാകുലയാണെന്ന് അവിട്ടത്തേക്കറിയാം. ദയാവാരിധിയായ അവിട്ടുന്ന് അവളെ ആശ്വസിപ്പിക്കുകയാണ്. "മറിയം, വ്യസനിക്കാതെ. ഞാൻ ഇതുവരെയും സ്വർഗ്ഗാരോഹിതനല്ല. നമുക്ക് ഇനിയും കാണുന്നതിനു സമയമുണ്ടല്ലോ. നീ ഉടൻ പോയി സന്തപ്തചിത്തരായ എന്റെ സഹോദരങ്ങളെ ഈ സന്തോഷവാർത്ത അറിയിക്കുക".

D. Andrew Athappilly
Dharmaram College, Bangalore.

---

Cum Permissu Superiorum

Printed at the St. Joseph's Orphanage Press, Changanacherry.

*Edited, Printed and Published by:-*

Rev. Fr. Mathew Nadakal

# വിജ്ഞാപനം

## അദ്ധ്യയനമണ്ഡലം ലഘുലേഖന പരമ്പര

മതബോധനം, യുക്തിയും വിശ്വാസവും, ദൈവം ഉണ്ട്, ദൈവാവിഷ്ക്കരണം, വിശ്വാസം, അത്ഭുതങ്ങളും പ്രവചനങ്ങളും, വേദപുസ്തകം, പാരമ്പര്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള എട്ട് അ. മ. ലഘുലേഖനങ്ങൾ തയ്യാറായിരിക്കുന്നു.

കോപ്പി 1 – ന് 2. ന. പൈ
പോസ്റ്റേജ് പ്രത്യേകം.

100 കോപ്പി വാങ്ങുന്നവർക്ക് 25% കമ്മീഷൻ. ആദ്യത്തെ 8 ലേഖനങ്ങളുടെ സാമ്പിൾ കോപ്പികൾ ആവശ്യമുള്ളവർ, പോസ്റ്റേജ് ഉൾപ്പെടെ 25 ന. പ. സ്റ്റാമ്പ് അയയ്ക്കുക.

മാനേജർ
മദ്ധ്യസ്ഥൻ ബുക്കഡിപ്പോ
ചങ്ങനാശേരി.

# അദ്ധ്യയനമണ്ഡലം പ്രാർത്ഥനാമഞ്ജരി

കൂടുതൽ സൗകര്യം പ്രമാണിച്ച് അദ്ധ്യയനമണ്ഡലത്തിന്റെ ഔദ്യോഗിക പ്രാർത്ഥനാപുസ്തകമായ അ. മ. പ്രാർത്ഥനാമഞ്ജരി ചുരുങ്ങിയരൂപത്തിൽ തയാറാക്കിയിരിക്കുന്നു. പ്രസ്തുത പുതിയപതിപ്പിൽ മലയാളത്തിന്റെ സ്വന്തമെന്നു പറയാവുന്ന അഭിനവരീതികളിൽ ആറു ഗാനങ്ങൾ കൂടി ചേർത്തിട്ടുണ്ട്. സംഗീതത്തിന്റെ ഉയർന്ന ഒരു നിലവാരം പുലർത്തണം. അതേസമയം സാമാന്യം ലളിതങ്ങളായിരിക്കണം; സംഘാതമായി പാടുന്നതിനും പര്യാപ്തമായിരിക്കണം; കാലാന്തരത്തിൽ പുതുമ നഷ്ടപ്പെടരുത്. ഇത്രയും കാര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഗാനങ്ങൾ വിരചിക്കപ്പെട്ടിരിക്കുന്നത്. ജോബ് & ജോർജ്ജ്, എർണാകുളം എന്നിവരാണ് പുതിയഗാനങ്ങളുടെ നിർമ്മാതാക്കൾ.